മൈഗ്രേഷനും മൊബിലിറ്റിയും സംബന്ധിച്ച
സഹകരണവും ചർച്ചയും (ഘട്ടം II)

# യൂറോപ്യൻ യൂണിയനിലേക്ക് പോകുന്ന ഇന്ത്യക്കാർ യാത്രയ്ക്ക് മുൻപ് അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ

രണ്ടാം പതിപ്പ്



International Labour Organization

ICMPD
International Centre for Migration Policy Development

Indian Council of World Affairs

© ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ 2026.
ആദ്യം പ്രസിദ്ധീകരിച്ചത് 2026.

ആട്രിബ്യൂഷൻ 4.0 ഇന്റർനാഷണൽ (CC BY 4.0)

ഈ വർക്ക് ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ 4.0 ഇന്റർനാഷണലിന് കീഴിൽ ലൈസൻസ് ചെയ്തിരിക്കുന്നു. കാണുക: creativecommons.org/licences/by/4.0. ലൈസൻസിൽ വിശദമാക്കിയിരിക്കുന്നതുപോലെ ഉപയോക്താവിന് യഥാർത്ഥ വർക്ക് പുനരുപയോഗിക്കാനും പങ്കിടാനും (പകർത്താനും പുനർവിതരണം ചെയ്യാനും), ആവശ്യമായ മാറ്റം വരുത്താനും (റീമിക്സ് ചെയ്യാനും രൂപാന്തരപ്പെടുത്താനും ഒറിജിനൽ വർക്കിനെ ആധാരമാക്കി മറ്റൊന്ന് നിർമിക്കാനും) അനുമതിയുണ്ട്. ഉപയോക്താവ് ഉള്ളടക്കത്തിന്റെ ഉറവിടം ഐഎൽഒ (ILO) ആണെന്ന് വ്യക്തമായി അംഗീകരിക്കുകയും യഥാർത്ഥ ഉള്ളടക്കത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് സൂചിപ്പിക്കുകയും വേണം. വിവർത്തനങ്ങൾ, രൂപാന്തരങ്ങൾ അല്ലെങ്കിൽ ഒറിജിനലിനെ ആധാരമാക്കി സൃഷ്ടിക്കുന്ന മറ്റ് വർക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഐഎൽഒയുടെ (ILO) ചിഹ്നം, പേര്, ലോഗോ എന്നിവ ഉപയോഗിക്കുന്നത് അനുവദനീയമല്ല.

**ആട്രിബ്യൂഷൻ** – മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് ഉപയോക്താവ് സൂചിപ്പിക്കണം, കൂടാതെ വർക്കിനെ ഇനിപ്പറയുന്ന രീതിയിൽ ഉദ്ധരിക്കണം: ഐഎൽഒ (ILO), *യൂറോപ്യൻ യൂണിയനിലേക്ക് പോകുന്ന ഇന്ത്യക്കാർ യാത്രയ്ക്ക് മുൻപ് അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ (മലയാളം പതിപ്പ്), രണ്ടാം പതിപ്പ്,* ജനീവ: ഇന്റർനാഷണൽ ലേബർ ഓഫീസ്, 2026. ഐഎൽഒ (ILO).

**വിവർത്തനങ്ങൾ** - ഈ വർക്കിന്റെ വിവർത്തനമാണെങ്കിൽ, ആട്രിബ്യൂഷനോടൊപ്പം ഇനിപ്പറയുന്ന നിരാകരണം ചേർക്കേണ്ടതാണ്: *ഇത് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ഐഎൽഒ (ILO)), പകർപ്പവകാശമുള്ള ഒരു വർക്കിന്റെ വിവർത്തനമാണ്. ഈ വിവർത്തനം ഐഎൽഒ (ILO) തയ്യാറാക്കുകയോ അവലോകനം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല, കൂടാതെ ഐഎൽഒ (ILO) യുടെ ഔദ്യോഗിക വിവർത്തനമായി കണക്കാക്കാൻ പാടുള്ളതുമല്ല. ഇതിന്റെ ഉള്ളടക്കത്തിനും കൃത്യതയ്ക്കും ഉള്ള എല്ലാ ഉത്തരവാദിത്തവും ഐഎൽഒ (ILO) നിരാകരിക്കുന്നു. വിവർത്തനത്തിന്റെ പൂർണ ഉത്തരവാദിത്തം രചയിതാവിന്(ൾക്ക്) മാത്രമാണ്.*

**രൂപാന്തരങ്ങൾ** – ഈ വർക്കിന്റെ രൂപാന്തരങ്ങൾക്ക് ആട്രിബ്യൂഷനോടൊപ്പം ഇനിപ്പറയുന്ന നിരാകരണം ചേർക്കേണ്ടതാണ്: *ഇത് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ഐഎൽഒ (ILO)), പകർപ്പവകാശമുള്ള ഒരു വർക്കിന്റെ രൂപാന്തരമാണ്. ഈ രൂപാന്തരം ഐഎൽഒ (ILO) തയ്യാറാക്കുകയോ അവലോകനം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല, ഇത് ഐഎൽഒയുടെ (ILO) ഒരു ഔദ്യോഗിക രൂപാന്തരമായി കണക്കാക്കാനും പാടുള്ളതല്ല. ഇതിന്റെ ഉള്ളടക്കത്തിനും കൃത്യതയ്ക്കും ഉള്ള എല്ലാ ഉത്തരവാദിത്തവും ഐഎൽഒ (ILO) നിരാകരിക്കുന്നു. രൂപാന്തരത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം രചയിതാവിന്(കൾക്ക്) മാത്രമാണ്.*

**മൂന്നാം കക്ഷി മെറ്റീരിയലുകൾ** – ഈ ക്രിയേറ്റീവ് കോമൺസ് ലൈസൻസ് ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐഎൽഒയുടേത് (ILO) അല്ലാത്ത, പകർപ്പവകാശമുള്ള മെറ്റീരിയലുകൾക്ക് ബാധകമല്ല. മെറ്റീരിയൽ ഒരു മൂന്നാം കക്ഷിയുടേതാണെങ്കിൽ, പകർപ്പവകാശ ഉടമയുമായി അവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും ലംഘനവുമായി ബന്ധപ്പെട്ട അവകാശവാദങ്ങൾക്കുമുള്ള പൂർണ്ണമായ ഉത്തരവാദിത്തം അത്തരം മെറ്റീരിയൽ ഉപയോഗിക്കുന്നയാൾക്ക് ആയിരിക്കും.

ഈ ലൈസൻസ് പ്രകാരം ഉണ്ടാകുന്ന ഏതൊരു തർക്കവും രമ്യമായി പരിഹരിക്കാൻ കഴിയാത്തപക്ഷം, ഐക്യരാഷ്ട്രസഭയുടെ കമ്മീഷൻ ഓൺ ഇന്റർനാഷണൽ ട്രേഡ് ലോയുടെ (യുഎൻസിട്രൽ (UNCITRAL)) ആർബിട്രേഷൻ നിയമങ്ങൾക്കനുസൃതമായി ആർബിട്രേഷനായി റഫർ ചെയ്യപ്പെടുന്നതാണ്. അത്തരം ആർബിട്രേഷന്റെ ഫലമായി നൽകുന്ന ഏതൊരു ആർബിട്രേഷൻ ഉത്തരവും അത്തരം ഒരു തർക്കത്തിന്റെ അന്തിമ തീർപ്പായി അനുസരിക്കാൻ കക്ഷികൾ ബാധ്യസ്ഥരായിരിക്കും.

അവകാശങ്ങളെയും ലൈസൻസിംഗിനെയും കുറിച്ചുള്ള വിശദാംശങ്ങൾക്ക്, ബന്ധപ്പെടുക: rights@ilo.org. ഐഎൽഒ (ILO) പ്രസിദ്ധീകരണങ്ങളെയും ഡിജിറ്റൽ ഉൽപ്പന്നങ്ങളെയും കുറിച്ചുള്ള വിശദാംശങ്ങൾക്ക്, സന്ദർശിക്കുക: www.ilo.org/publns.

---

ഐഎസ്ബിഎൻ (ISBN): 9789220433416 (പ്രിന്റ്); 9789220433423 (വെബ് PDF)

**ഈ ഭാഷകളിലും ലഭ്യം:**
ആസാമീസ് ഐഎസ്ബിഎൻ (ISBN) 9789220432693 (പ്രിന്റ്); 9789220432709 (വെബ് PDF)
ബംഗാളി ഐഎസ്ബിഎൻ (ISBN) 9789220432655 (പ്രിന്റ്); 9789220432662 (വെബ് PDF)
ഇംഗ്ലീഷ് ഐഎസ്ബിഎൻ (ISBN) 9789220431245 (പ്രിന്റ്); 9789220431252(വെബ് PDF)
ഗുജറാത്തി ഐഎസ്ബിഎൻ (ISBN) 9789220433393 (പ്രിന്റ്); 9789220433409 (വെബ് PDF)
ഹിന്ദി ഐഎസ്ബിഎൻ (ISBN) 9789220432679 (പ്രിന്റ്); 9789220432686 (വെബ് PDF)
കന്നഡ ഐഎസ്ബിഎൻ (ISBN) 9789220433379 (പ്രിന്റ്); 9789220433386 (വെബ് PDF)
തമിഴ് ഐഎസ്ബിഎൻ (ISBN) 9789220433355 (പ്രിന്റ്); 9789220433362 (വെബ് PDF)
തെലുങ്ക് ഐഎസ്ബിഎൻ (ISBN) 9789220433317 (പ്രിന്റ്); 9789220433324 (വെബ് PDF)
മറാത്തി ഐഎസ്ബിഎൻ (ISBN) 9789220433331 (പ്രിന്റ്); 9789220433348 (വെബ് PDF)

---

ഐക്യരാഷ്ട്രസഭയുടെ കീഴ്വഴക്കത്തിന് അനുസൃതമായി ഐഎൽഒ (ILO) പ്രസിദ്ധീകരണങ്ങളിലും ഡാറ്റാബേസുകളിലും ഉപയോഗിക്കുന്ന പേരുകളും പദവികളും അതിലെ മെറ്റീരിയലുകളുടെ അവതരണവും ഏതെങ്കിലും രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ പ്രവിശ്യയുടെയോ അതിന്റെ അധികാരികളുടെയോ നിയമപരമായ നിലയെക്കുറിച്ചോ അതിന്റെ അതിരുകളുടെയോ അതിർത്തികളുടെയോ നിർണ്ണയത്തെ കുറിച്ചോ ഐഎൽഒയുടെ (ILO) ഭാഗത്തുനിന്നുള്ള ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ പ്രകടനത്തെ സൂചിപ്പിക്കുന്നില്ല. കാണുക: www.ilo.org/disclaimer.

ഈ പ്രസിദ്ധീകരണത്തിൽ വ്യക്തമാക്കുന്ന അഭിപ്രായങ്ങളും വീക്ഷണങ്ങളും രചയിതാവിന്റെ(കളുടെ) മാത്രമാണ്, അവ ഐഎൽഒയുടെ (ILO) അഭിപ്രായങ്ങളെയോ കാഴ്ചപ്പാടുകളെയോ നയങ്ങളെയോ പ്രതിഫലിപ്പിക്കുന്നില്ല.

സ്ഥാപനങ്ങളുടെയും വാണിജ്യ ഉൽപ്പന്നങ്ങളുടെയും പ്രക്രിയകളുടെയും പേരുകൾ പരാമർശിക്കുന്നത് ഐഎൽഒ (ILO) അവ അംഗീകരിച്ചതായി അർത്ഥമാക്കുന്നില്ല, കൂടാതെ ഒരു പ്രത്യേക സ്ഥാപനത്തെയോ വാണിജ്യ ഉൽപ്പന്നത്തെയോ പ്രക്രിയയെയോ പരാമർശിക്കാൻ വിട്ടുപോകുന്നത് വിയോജിപ്പിന്റെ ലക്ഷണവുമല്ല.

---

ഇന്ത്യയിൽ അച്ചടിച്ചത്

മൈഗ്രേഷനും മൊബിലിറ്റിയും സംബന്ധിച്ച
സഹകരണവും ചർച്ചയും (ഘട്ടം II)

# യൂറോപ്യൻ യൂണിയനിലേക്ക് പോകുന്ന ഇന്ത്യക്കാർ യാത്രയ്ക്ക് മുൻപ് അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ

രണ്ടാം പതിപ്പ്




International Labour Organization

ICMPD
International Centre for Migration Policy Development

Indian Council of World Affairs

# ഉള്ളടക്കം

**ആമുഖം** ........ v

**കൃതജ്ഞത** ........ vii

**1. യൂറോപ്പിന് ഒരു ആമുഖം** ........ 1

1.1 യൂറോപ്യൻ യൂണിയൻ, ഷെങ്കൻ മേഖല, യൂറോസോൺ ........ 2

1.2 ഷെങ്കൻ പ്രദേശത്തിനുള്ളിലെ യാത്ര ........ 2

**2. ഇയുവിലേക്ക് (EU) കുടിയേറുമ്പോൾ** ........ 3

2.1 പ്രതീക്ഷകളിലുള്ള വ്യക്തത ........ 3

2.2 ജോലിക്കായി ഇയുവിലേക്ക് (EU) പോകുമ്പോൾ ........ 3

2.3 തൊഴിലുമായി ബന്ധപ്പെട്ട പരിഗണനകൾ ........ 6

2.4 കുടിയേറാൻ ഒരു രാജ്യം തിരഞ്ഞെടുക്കുമ്പോൾ ........ 7

2.5 സാമൂഹികവും ജീവിതപരവുമായ പരിഗണനകൾ ........ 8

2.6 മാനസിക, സാമൂഹിക പരിഗണനകൾ ........ 9

2.7 ഒരു കുടുംബാംഗത്തോടൊപ്പം ചേരൽ ........ 9

2.8 ഇയുവിലെ (EU) ഇന്ത്യക്കാർ ........ 10

**3. വിസയ്ക്ക് അപേക്ഷിക്കുന്നതും നേടുന്നതും** ........ 12

3.1 വിസയ്ക്ക് അപേക്ഷിക്കുന്നതിനെ കുറിച്ച് ആലോചിക്കുമ്പോൾ ........ 12

3.2 ഇയുവിലെ (EU) വിവിധ തരം വിസകൾ ........ 13

3.3 പ്രൊഫഷണൽ കഴിവുകളും ഭാഷാ ആവശ്യകതകളും ........ 14

3.4 ഇയു (EU) തൊഴിൽ വിസ പ്രോഗ്രാമുകൾ ........ 15

3.5 നിങ്ങൾ ഉയർന്ന യോഗ്യതയുള്ള ഒരു തൊഴിലാളിയാണോ? ........ 15

3.6 നിങ്ങൾ ഒരു ഇന്റർ-കോർപ്പറേറ്റ് ട്രാൻസ്ഫറി (ഐസിടി (ICT)) ആണോ? ........ 17

3.7 നിങ്ങൾ ഒരു സംരംഭകനാണോ അതോ സ്വയം തൊഴിൽ ചെയ്യുന്നയാളാണോ? ........ 17

3.8 നിങ്ങൾ ഒരു സീസണൽ തൊഴിലാളിയാണോ? ........ 18

3.9 നിങ്ങൾ കുടുംബാംഗങ്ങളെ സ്പോൺസർ ചെയ്യുന്നുണ്ടോ? ........ 19

3.10 ഇയുവിൽ (EU) ജോലി ചെയ്യുന്നതിനുള്ള വിസയ്ക്ക് എപ്പോൾ അപേക്ഷിക്കണം? ........ 19

3.11 ഇയുവിൽ (EU) തൊഴിൽ വിസയ്ക്ക് അപേക്ഷിക്കാൻ ........ 20

3.12 ഇയുവിൽ (EU) ഒരു തൊഴിൽ വിസയ്ക്ക് എത്ര കാലത്തേക്ക് സാധുതയുണ്ട്? ........ 21

3.13 നിങ്ങളുടെ ഇയു (EU) വർക്ക് പെർമിറ്റ് നീട്ടൽ ........ 22

**4. ഇയുവിൽ (EU) ജോലി കണ്ടെത്തൽ** ........ 24

4.1 ഒരു ജോലിക്കായി വിവരങ്ങൾ ശേഖരിക്കുമ്പോൾ ചോദിക്കേണ്ട ചോദ്യങ്ങൾ ........ 25

4.2 ജോലിക്ക് അപേക്ഷിക്കുമ്പോൾ ചോദിക്കേണ്ട ചോദ്യങ്ങൾ ........ 26

4.3 ഒരു റിക്രൂട്ട്മെന്റ് ഏജന്റിനെ ഉപയോഗിക്കൽ ........ 26

4.4 ജോലിക്കുള്ള അപേക്ഷ സമർപ്പിക്കൽ ........ 26

**5. ഇന്ത്യയിൽ നിന്ന് കുടിയേറുന്നതിനുള്ള നിയമങ്ങൾ ............................30**

5.1 പാസ്പോർട്ട് നേടൽ ........................................30

**6. നിയമവിരുദ്ധ കുടിയേറ്റം, കള്ളക്കടത്ത്, മനുഷ്യക്കടത്ത്...................32**

6.1 നിയമവിരുദ്ധ റിക്രൂട്ട്മെന്റിന്റെ സൂചനകൾ ........................................33

6.2 കുടിയേറ്റക്കാരെ അനധികൃതമായി കടത്തലും മനുഷ്യക്കടത്തും ........................................33

6.3 നിങ്ങൾ ഇയുവിൽ (EU) ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരനാണെങ്കിൽ നേരിടാവുന്ന അപകടസാധ്യതകൾ എന്തൊക്കെയാണ്? ........................................35

6.4 നിങ്ങളെ ഇയുവിലേക്ക് (EU) കടത്തിക്കൊണ്ടുപോകുകയോ മനുഷ്യക്കടത്തിന് ഇരയാവുകയോ ചെയ്താൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടേണ്ടിവരും? ........................................36

6.5 ഈ അപകടസാധ്യതകൾ എങ്ങനെ ഒഴിവാക്കാം? ........................................37

**7. ഇയുവിൽ (EU) താമസിക്കൽ..........................................................39**

7.1 സാംസ്കാരിക വൈവിധ്യങ്ങൾക്കുള്ള തയ്യാറെടുപ്പ് ........................................39

7.2 യൂറോപ്പിലെ സംസ്കാരം ........................................39

7.3 നിങ്ങളുടെ ആരോഗ്യം ശ്രദ്ധിക്കുക ........................................40

7.4 താമസവും താമസ സംബന്ധമായ ചെലവുകളും ........................................40

7.5 ഇന്ത്യൻ എംബസിയെ വിവരങ്ങൾ അറിയിക്കൽ ........................................41

7.6 യാത്ര ചെയ്യൽ ........................................42

7.7 നിങ്ങളുടെ ധനകാര്യം മാനേജ് ചെയ്യൽ ........................................42

7.8 ഇന്ത്യയിലേക്ക് പണം അയയ്ക്കൽ ........................................43

7.9 ഇൻഷുറൻസ് ........................................44

7.10 ഭക്ഷണം ........................................44

7.11 പവർ പ്ലഗുകളും വോൾട്ടേജും ........................................45

7.12 കാലാവസ്ഥ ........................................45

7.13 മരുന്ന് ........................................45

7.14 പ്രധാനപ്പെട്ട പേപ്പറുകളുടെ മാനേജ്മെന്റ് ........................................45

7.15 യൂറോപ്യൻ ഭാഷകൾ ........................................45

7.16 കുടിയേറ്റക്കാരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ........................................46

7.16.1 സാമൂഹിക സുരക്ഷ ........................................47

7.16.2 പെൻഷനുകൾ ........................................47

7.16.3 ട്രേഡ് യൂണിയൻ അംഗത്വം ........................................47

**8. പുറപ്പെടലിനായി തയ്യാറെടുക്കൽ ......................................................48**

8.1 ഇയുവിൽ (EU) എത്തിച്ചേരുമ്പോൾ ........................................49

8.2 ഇന്ത്യയിലേക്കുള്ള മടക്കം ........................................50

**അനുബന്ധം I - പ്രധാനപ്പെട്ട കോൺടാക്റ്റുകൾ......................................51**

**അനുബന്ധം II - ഇന്ത്യയിലെ ഇയു (EU) അംഗരാജ്യങ്ങളുടെ ദൗത്യങ്ങൾ..............................................................................52**



# ആമുഖം

ജോലി ചെയ്യുന്നതിനോ കുടുംബാംഗങ്ങളോടൊപ്പം ചേരുന്നതിനോ യൂറോപ്യൻ യൂണിയനിലേക്ക് കുടിയേറുന്ന ഇന്ത്യക്കാർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഈ ഡോക്യുമെന്റ്. കുടിയേറ്റ തൊഴിലാളികളെ ഇയുവിലേക്കുള്ള (EU) കുടിയേറ്റത്തിന് മികച്ച രീതിയിൽ തയ്യാറെടുപ്പിക്കുന്നതിനായി അവരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കുടിയേറ്റ പ്രക്രിയയുടെ വിവിധ വശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- കുടിയേറാനായി ഒരു രാജ്യം തിരഞ്ഞെടുക്കൽ
- പല തരത്തിലുള്ള വിസകൾ (തൊഴിൽ, വിദ്യാഭ്യാസം, കുടുംബത്തോടൊപ്പം ചേരൽ), അവ നേടാനുള്ള രീതികൾ, തൊഴിലന്വേഷണം, റിക്രൂട്ടർമാരെ തിരഞ്ഞെടുക്കൽ എന്നിവയെക്കുറിച്ച്
- മനുഷ്യക്കടത്തിന്റെയും കള്ളക്കടത്തിന്റെയും അപകടസാധ്യതകൾ
- ഇയുവിൽ (EU) താമസിക്കുന്നതും സാമ്പത്തിക മാനേജ്മെന്റും
- ഇന്ത്യയിലേക്കുള്ള മടക്കവും പുനഃസംയോജനവും.

ഇയുവിൽ (EU) പഠിക്കാൻ പോകുന്നവർക്കും ഈ വിവരങ്ങൾ സഹായകരമായേക്കാം. വിദ്യാർത്ഥികൾക്കുള്ള പ്രത്യേക വിവരങ്ങളും ഈ പ്രോജക്റ്റിൽ തയ്യാറാക്കിയിട്ടുണ്ട് - അത് താഴെയുള്ള ലിങ്കിൽ[1] കാണാം. നിങ്ങൾക്ക് ഏത് ഇയു (EU) അംഗരാജ്യത്തേക്കാണ് പോകേണ്ടതെന്നത് പരിഗണിക്കാതെ തന്നെ, നിങ്ങൾ മൈഗ്രേറ്റ് ചെയ്യാൻ തീരുമാനിക്കുന്ന നിമിഷം മുതൽ നിങ്ങൾ പോകുന്നതുവരെയും അതിനുശേഷവും ഇയുവിലേക്കുള്ള (EU) മൈഗ്രേഷനെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ ഈ ഡോക്യുമെന്റ് നിങ്ങളെ സഹായിക്കും.

**കുറിപ്പ്**

***ഈ ഡോക്യുമെന്റ് 2025 ഡിസംബറിലാണ് തയ്യാറാക്കിയത്. ഏറ്റവും കാലികമായ വിവരങ്ങൾ അതത് ഇയു (EU)/ഇന്ത്യൻ/ഇയു (EU) അംഗരാജ്യങ്ങളുടെ വെബ്സൈറ്റുകൾ/ ഏജൻസികൾ, മറ്റ് പ്രസക്തമായ ഉറവിടങ്ങൾ എന്നിവയിലൂടെ കണ്ടെത്താൻ വായനക്കാരെ പ്രോത്സാഹിപ്പിക്കുന്നു.***

1. വിദ്യാർത്ഥികൾക്കുള്ള ചെക്ക്‌ലിസ്റ്റ് ഇവിടെ കാണാം - https://www.icmpd.org/file/download/47936/file/Checklist%2520for%2520Students%2520- %2520Prepare%2520your%2520Study%2520in%2520Europe.pdf



# കൃതജ്ഞത

യൂറോപ്യൻ യൂണിയൻ ധനസഹായത്തോടെ പ്രവർത്തിക്കുന്ന മൈഗ്രേഷനും മൊബിലിറ്റിയും സംബന്ധിച്ച ഇയു (EU)-ഇന്ത്യ സഹകരണവും ചർച്ചയും (ഘട്ടം II) പ്രോജക്റ്റിന്റെ ഭാഗമായി, ഈ പ്രസിദ്ധീകരണം യഥാർത്ഥ ഡോക്യുമെന്റിന്റെ പുതുക്കിയ പതിപ്പിനെ പ്രതിനിധീകരിക്കുന്നു, കൂടാതെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO), ഇന്റർനാഷണൽ സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ഡെവലപ്പ്മെന്റ് (ഐസിഎംപിഡി (ICMPD)), ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സ് (ഐസിഡബ്ല്യുഎ (ICWA)) എന്നിവയിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

മൈഗ്രേഷനും മൊബിലിറ്റിയും സംബന്ധിച്ച ഇയു (EU)-ഇന്ത്യ സഹകരണവും ചർച്ചയും (ഘട്ടം I) എന്നതിലെ എല്ലാ പ്രോജക്റ്റ് പങ്കാളികളുടെയും ടീമുകളിൽ നിന്നും മാൻഫ്രെഡ് ബെർഗ്മാൻ (കൺസൾട്ടന്റ്-ഒന്നാം പതിപ്പ്), റൂഹിക രാമലിംഗം (കൺസൾട്ടന്റ്-രണ്ടാം പതിപ്പ്) എന്നിവരിൽ നിന്നുമുള്ള വിലപ്പെട്ട സംയുക്ത നിർദ്ദേശങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു.

ഈ അപ്ഡേറ്റിന് ശക്തമായ അടിത്തറ പാകിക്കൊണ്ട് ഈ പ്രസിദ്ധീകരണത്തിന്റെ മുൻപത്തെ പതിപ്പ് തയ്യാറാക്കുന്നതിനായി വിലപ്പെട്ട ഉൾക്കാഴ്ചകളും ഫീഡ്ബാക്കും നൽകിയ പങ്കാളികൾക്കും ഞങ്ങൾ ഞങ്ങളുടെ നന്ദി അറിയിക്കുന്നു. അവരുടെ മുൻകാല ഇൻപുട്ടുകൾ ആദ്യ ശേഖരം രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചുവെന്ന് മാത്രമല്ല, ഞങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഇപ്പോഴും നൽകുന്നു.

01

# ▶ യൂറോപ്പിന് ഒരു ആമുഖം

പടിഞ്ഞാറൻ സംസ്കാരത്തിന്റെ ഈറ്റില്ലമായ യൂറോപ്പിന് പുരാതന കാലം മുതലുള്ള ഒരു സംസ്കാരിക പാരമ്പര്യമുണ്ട്. പതിനഞ്ചാം നൂറ്റാണ്ട് മുതൽ, യൂറോപ്യൻ രാജ്യങ്ങൾ ആഗോള കാര്യങ്ങളിൽ ഒരു പ്രധാന പങ്ക് വഹിച്ചുതുടങ്ങുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സ്വാധീനം വ്യാപിപ്പിക്കുകയും ചെയ്തു. ഒരു പ്രധാന കുടിയേറ്റ കേന്ദ്രമായ യൂറോപ്പ്, ജീവിത നിലവാരം, സുരക്ഷ, മനുഷ്യാവകാശങ്ങൾ, ആരോഗ്യപരിചരണം, സാമൂഹിക പരിരക്ഷ, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ വിവിധ കാരണങ്ങളാൽ ആളുകളെ ആകർഷിക്കുന്നു.

ലോകത്തിലെ ഏറ്റവും ചെറിയ രണ്ടാമത്തെ ഭൂഖണ്ഡമാണെങ്കിലും ജനസംഖ്യയിൽ മൂന്നാം സ്ഥാനത്താണ് യൂറോപ്പ്. **44 രാജ്യങ്ങൾ** ആണ് ഇതിലുള്ളത്.

### ഇയു (EU) ഭൂപടം




ഓസ്ട്രിയ
ബെൽജിയം
ചെക്ക് റിപ്പബ്ലിക്
ഡെന്മാർക്ക്
എസ്റ്റോണിയ
ഫിൻലാൻഡ്
ഫ്രാൻസ്
ജർമ്മനി
ഗ്രീസ്
ഹംഗറി
ഐസ്‌ലാൻഡ്
ഇറ്റലി
ലാറ്റ്വിയ
ലിക്റ്റൻസ്റ്റൈൻ
ലിത്വാനിയ
ലക്സംബർഗ്
മാൾട്ട
നെതർലാൻഡ്സ്
നോർവേ
പോളണ്ട്
പോർച്ചുഗൽ
സ്ലോവാക്യ
സ്ലോവേനിയ
സ്പെയിൻ
സ്വീഡൻ
സ്വിറ്റ്സർലൻഡ്

**ഉറവിടം:** https://european-union.europa.eu/easy-read_en

## 1.1 യൂറോപ്യൻ യൂണിയൻ, ഷെങ്കൻ മേഖല, യൂറോസോൺ

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, യുദ്ധസാധ്യത തടയുന്നതിനായി, യൂറോപ്പിലെ ചില രാജ്യങ്ങൾ കൂടുതൽ സാമ്പത്തിക സഹകരണം വളർത്തിയെടുക്കുന്നതിനായി കൂട്ടായ്മയുണ്ടാക്കി. കാലക്രമേണ, ഈ കൂട്ടായ്മ യൂറോപ്പിലെ 27 രാജ്യങ്ങൾ തമ്മിൽ സാമ്പത്തികവും രാഷ്ട്രീയവുമായി സഹകരിക്കുന്ന ഇയുവായി (EU) പരിണമിച്ചു. ഇതിൽ 25 അംഗരാജ്യങ്ങൾ (എംഎസ് (MS)) ഷെങ്കൻ പ്രദേശത്തിന്റെ ഭാഗമാണ്, അതിനെക്കുറിച്ച് അടുത്ത വിഭാഗത്തിൽ വിശദമായി ചർച്ച ചെയ്യുന്നു.

യൂറോ മേഖല എന്നറിയപ്പെടുന്ന യൂറോസോൺ, യൂറോയെ പ്രാഥമിക കറൻസിയായി സ്വീകരിച്ച 20 ഇയു (EU) എംഎസ് (MS) ഒരു യൂണിയനാണ്. ഈ മേഖലയിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വിൽപ്പനയ്ക്കും വാങ്ങലിനും മറ്റൊരു കറൻസിയും സാധുവല്ല അല്ലെങ്കിൽ ഉപയോഗിക്കുന്നില്ല.

## 1.2 ഷെങ്കൻ പ്രദേശത്തിനുള്ളിലെ യാത്ര

ആഭ്യന്തര അതിർത്തികളില്ലാത്ത യൂറോപ്പിലെ ഒരു പ്രദേശമാണ് ഷെങ്കൻ പ്രദേശം. ഒരു ഷെങ്കൻ വിസ നിങ്ങൾക്ക് 29 ഷെങ്കൻ രാജ്യങ്ങൾക്കുള്ളിലേക്ക് സൗജന്യ പ്രവേശനവും അവയിലൂടെയുള്ള സഞ്ചാരവും അനുവദിക്കുന്നു. ഓസ്ട്രിയ, ബെൽജിയം, ബൾഗേറിയ, ക്രൊയേഷ്യ, ചെക്ക് റിപ്പബ്ലിക്, ഡെൻമാർക്ക്, എസ്റ്റോണിയ, ഫിൻലാൻഡ്, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഹംഗറി, ഐസ്‌ലാൻഡ്, ഇറ്റലി, ലാറ്റ്‌വിയ, ലിക്റ്റൻസ്റ്റൈൻ, ലിത്വാനിയ, ലക്സംബർഗ്, മാൾട്ട, നെതർലാൻഡ്സ്, നോർവേ, പോളണ്ട്, പോർച്ചുഗൽ, റൊമാനിയ, സ്ലൊവാക്യ, സ്ലൊവേനിയ, സ്പെയിൻ, സ്വീഡൻ, സ്വിറ്റ്സർലൻഡ് എന്നിവയാണ് ഇവ.

**കുറിപ്പ്**

***എല്ലാ ഇയു (EU) അംഗരാജ്യങ്ങളുടെയും[2] വിവരങ്ങൾ നൽകുന്ന ഔദ്യോഗിക ഇയു (EU) വെബ്സൈറ്റ് സന്ദർശിക്കുക. രാജ്യത്തിന്റെ പേരിൽ ക്ലിക്ക് ചെയ്താൽ ഓരോ രാജ്യത്തെയും കുറിച്ച് കൂടുതലറിയാൻ കഴിയും.***

ഷെങ്കൻ മേഖലയിൽ ഉൾപ്പെടുന്ന 29 രാജ്യങ്ങളിൽ 25 ഇയു (EU) അംഗരാജ്യങ്ങൾ ഉൾപ്പെടുന്നു, 4 രാജ്യങ്ങൾ യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷന്റെ (ഇഎഫ്ടിഎ (EFTA)) ഭാഗമാണ്, എന്നാൽ ഇയു (EU) അംഗരാജ്യങ്ങളല്ല: ഐസ്‌ലാൻഡ്, നോർവേ, സ്വിറ്റ്സർലൻഡ്, ലിക്റ്റൻസ്റ്റൈൻ. കൂടാതെ, അൻഡോറ, മൊണാക്കോ, സാൻ മറിനോ, വത്തിക്കാൻ സിറ്റി തുടങ്ങിയ യൂറോപ്പിലെ ചില മൈക്രോസ്റ്റേറ്റുകൾ ഷെങ്കൻ ഏരിയയുമായി തുറന്നതോ യഥാർത്ഥമോ ആയ അതിർത്തികൾ നിലനിർത്തുന്നു.

ഷെങ്കൻ മേഖലയിൽ ചേരാത്ത രണ്ട് ഇയു (EU) എംഎസ്സുകൾ (MS) അയർലൻഡും സൈപ്രസുമാണ്.




ഓസ്ട്രിയ
ബെൽജിയം
ചെക്ക് റിപ്പബ്ലിക്
ഡെന്മാർക്ക്
എസ്റ്റോണിയ
ഫിൻലാൻഡ്
ഫ്രാൻസ്
ജർമ്മനി
ഗ്രീസ്
ഹംഗറി
ഐസ്‌ലാൻഡ്
ഇറ്റലി
ലാറ്റ്‌വിയ
ലിക്റ്റൻസ്റ്റൈൻ
ലിത്വാനിയ
ലക്സംബർഗ്
മാൾട്ട
നെതർലാൻഡ്സ്
നോർവേ
പോളണ്ട്
പോർച്ചുഗൽ
സ്ലൊവാക്യ
സ്ലൊവേനിയ
സ്പെയിൻ
സ്വീഡൻ
സ്വിറ്റ്സർലൻഡ്

2. ഔദ്യോഗിക ഇയു (EU) വെബ്സൈറ്റ് https://european-union.europa.eu/principles-countries-history/country-profiles_en

02

# ഇയുവിലേക്ക് (EU) കുടിയേറുമ്പോൾ

## 2.1 പ്രതീക്ഷകളിലുള്ള വ്യക്തത

പല കാരണങ്ങളാൽ നിരവധി ആളുകൾ എല്ലാ വർഷവും ഇയുവിലേക്ക് (EU) കുടിയേറുന്നു, അതിൽ താഴെ പറയുന്ന വിഭാഗം ആളുകൾ ഉൾപ്പെടുന്നു.

### തൊഴിലാളികൾ


- ഉയർന്ന യോഗ്യതയുള്ള തൊഴിലാളികൾ
- ഇൻട്രാ-കോർപ്പറേറ്റ് ട്രാൻസ്ഫറീസ് (ICT)-കൾ
- അന്താരാഷ്ട്ര സേവന ദാതാക്കൾ
- സീസണൽ തൊഴിലാളികൾ
- സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ
- മറ്റ് തൊഴിലാളികൾ

- ഇയുവിൽ (EU) നിയമപരമായി താമസിക്കുന്ന കുടിയേറ്റക്കാരുടെ കുടുംബാംഗങ്ങൾ
- ഗവേഷകർ
- വിദ്യാർത്ഥികൾ
- ട്രെയിനികൾ/അപ്രന്റിസുകൾ
- വോളണ്ടിയർമാർ

## 2.2 ജോലിക്കായി ഇയുവിലേക്ക് (EU) പോകുമ്പോൾ

കുടിയേറ്റം വലിയ നേട്ടങ്ങൾ നൽകുമെങ്കിലും, അതിൽ നിരവധി അപകടസാധ്യതകളും വെല്ലുവിളികളും ഉൾപ്പെടുന്നു. കുടിയേറ്റം സംബന്ധിച്ച വിവരങ്ങളെക്കുറിച്ച് അറിഞ്ഞ് തീരുമാനങ്ങൾ എടുക്കുന്നതിന്, ആ പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധ പ്രായോഗികവും

### ജോബ് മൊബിലിറ്റി പോർട്ടൽ



നിയമപരവും ഭരണപരവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾ അന്വേഷിക്കേണ്ടതുണ്ട്.

### നിങ്ങൾക്ക് യോഗ്യത ഉണ്ടായേക്കാവുന്ന ജോലികൾ അന്വേഷിക്കുമ്പോൾ

ഇയുവിലെ (EU) തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന ഇയുആർഇഎസ് (EURES) ജോബ് മൊബിലിറ്റി പോർട്ടൽ ഇയു (EU) തയ്യാറാക്കിയിട്ടുണ്ട്. ഈ വെബ്സൈറ്റിൽ ലൊക്കേഷൻ, തൊഴിൽ, മേഖല എന്നിവ അനുസരിച്ച് നിങ്ങൾക്ക് ജോലികൾ കണ്ടെത്താൻ കഴിയും (https://europa.eu/eures/portal/jv-se/home?lang=en). രാജ്യം, മേഖല, സെക്ടർ എന്നിവയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ ഒഴിവുകളും തൊഴിലാളി ക്ഷാമവും ഹ്രസ്വ, ദീർഘകാലാടിസ്ഥാനത്തിൽ നിങ്ങൾക്ക് കണ്ടെത്താനും കഴിയും. ഇത് നിങ്ങളുടെ തൊഴിൽ അന്വേഷണം എളുപ്പമാക്കാൻ സഹായിക്കാം.

**കുറിപ്പ്**

***ഇയുആർഇഎസ് (EURES) പോർട്ടൽ വഴി ജോലി കണ്ടെത്തുന്നത്, ഇയു (EU) പൗരന്മാരല്ലാത്തവർ ഇയുവിലേക്ക് (EU) കുടിയേറുമ്പോൾ ബാധകമായേക്കാവുന്ന നിയമപരമായ ബാധ്യതകളെയും ഭരണപരമായ നടപടിക്രമങ്ങളെയും മാറ്റില്ലെന്നത് ദയവായി ശ്രദ്ധിക്കുക. പല ജോലികളും ഇയു (EU) പൗരന്മാർക്ക് മാത്രമേ ലഭ്യമാകൂ എന്നതും ഓർമ്മിക്കേണ്ടതാണ്.***


### നിങ്ങൾക്ക് ലഭിക്കാൻ സാധ്യതയുള്ള വേതനം മനസ്സിലാക്കാൻ

നിങ്ങൾക്ക് ലഭിക്കുന്ന വേതനത്തെക്കുറിച്ച് ഒരു സൂചന ലഭിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. ഇയു (EU) ഈ വിവരങ്ങൾ ഒരു വെബ്സൈറ്റിൽ ലഭ്യമാക്കുന്നു https://ec.europa.eu/eurostat/statistics-explained/index.php?title=Wages_and_labour_costs

### നിങ്ങൾ പോകാൻ ആഗ്രഹിക്കുന്ന രാജ്യത്തെ ജീവിതച്ചെലവുകളുടെ അവലോകനം

വേതനത്തോടൊപ്പം, നിങ്ങൾ പോകുന്ന രാജ്യത്തെ ജീവിതച്ചെലവ് അവലോകനം ചെയ്യുന്നതിലൂടെയും നിങ്ങൾക്ക് പ്രയോജനം ലഭിക്കാം. ഇയു (EU) എംഎസ് (MS) ജീവിത, തൊഴിൽ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഒരു ഉപയോക്തൃ-സൗഹൃദ പ്ലാറ്റ്ഫോം ഇയുആർഇഎസ് (EURES) പോർട്ടൽ നൽകുന്നു. താമസ സൗകര്യം കണ്ടെത്തൽ, സ്കൂളുകൾ കണ്ടെത്തൽ, നികുതികൾ, ജീവിതച്ചെലവ്, ആരോഗ്യം, സാമൂഹിക നിയമനിർമ്മാണം, യോഗ്യതകളുടെ താരതമ്യം മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഈ വിവരങ്ങൾ https://eures.europa.eu/living-and-working/living-and-working-conditions-europe_en എന്ന സൈറ്റിൽ ലഭ്യമാണ്

### ഇയു (EU) എംഎസ് (MS) ജീവിത, തൊഴിൽ സാഹചര്യങ്ങൾ



## തൊഴിൽ ഗുണനിലവാരത്തിന്റെ അവലോകനം

ഒരു ജോലിയും ജോലിക്ക് പറ്റിയ ഒരു രാജ്യവും തിരഞ്ഞെടുക്കുമ്പോൾ, നിങ്ങൾക്ക് താൽപ്പര്യമുള്ള നിരവധി സൂചകങ്ങൾ ഉണ്ടായേക്കാം. https://ec.europa.eu/eurostat/web/labour-market/information-data/quality-employment എന്ന പേജ് തൊഴിലുമായി ബന്ധപ്പെട്ട ഏഴ് മേഖലകളെക്കുറിച്ചുള്ള വിശദമായ ഡാറ്റയും വിശകലനവും നൽകുന്നു.

## ജീവിത നിലവാരത്തിന്റെ അവലോകനം

വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷ, പരിസ്ഥിതി, പാർപ്പിടം, തൊഴിൽ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്ന ജീവിത നിലവാര സൂചകങ്ങൾ https://ec.europa.eu/eurostat/web/quality-of-life/information-data എന്നതിൽ ലഭ്യമാണ്, കുടിയേറാൻ പറ്റിയ ഒരു രാജ്യം തിരഞ്ഞെടുക്കുമ്പോൾ ഇത് സഹായകരമാകും.

## തൊഴിൽ ഗുണനിലവാര സൂചകങ്ങൾ




## ജീവിത ഗുണനിലവാര സൂചകങ്ങൾ



**കുറിപ്പ്**

*ഏതൊരു സംശയവും ദൂരീകരിക്കാനും കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കാനും സ്വയം പ്രോത്സാഹിപ്പിക്കുക, അതുവഴി നിങ്ങൾക്ക് വിവരങ്ങൾ അറിഞ്ഞുള്ള തിരഞ്ഞെടുപ്പുകൾ നടത്താനും മാന്യവും സംതൃപ്തവുമായ ഒരു ജീവിതത്തിനായി നന്നായി ആസൂത്രണം ചെയ്യാനും കഴിയും.*

## 2.3 തൊഴിലുമായി ബന്ധപ്പെട്ട പരിഗണനകൾ

1. എന്തുകൊണ്ടാണ് നിങ്ങൾ ഇയുവിൽ (EU) ജോലി ചെയ്യാൻ ആഗ്രഹിക്കുന്നത്? വിദേശ പരിതസ്ഥിതിയിൽ ജോലി ചെയ്യാൻ നിങ്ങൾ തയ്യാറാണോ?
2. ഇന്ത്യയിൽ നിങ്ങൾക്ക് എന്തെല്ലാം ബദലുകളാണുള്ളത്? രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെ തൊഴിലവസരങ്ങൾ നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ?
3. വിദേശത്ത് ജോലി ചെയ്യുന്നതിന്റെ ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണ്?

### പ്രൊഫഷണൽ പരിഗണനകൾ

- **മാറ്റങ്ങളിലൂടെ കടന്നുപോകണോ?**
- **നേട്ടങ്ങളും അപകടസാധ്യതകളും?**
- **ഇയുവിൽ (EU) അംഗീകരിക്കപ്പെട്ട യോഗ്യതകൾ?**
- **ഇന്ത്യയിലുള്ള ബദൽമാർഗങ്ങൾ?**
- **സാമ്പത്തിക ലക്ഷ്യങ്ങൾ?**
- **വിസ ഓപ്ഷനുകൾ?**
- **നിങ്ങൾക്ക് ഒരു ബാക്കപ്പ് പ്ലാൻ ഉണ്ടോ?**
- **എന്തുകൊണ്ട് ഇയുവിൽ (EU) ജോലി ചെയ്യണം?**
- **കുടിയേറ്റത്തിന്റെ ചെലവുകൾ താങ്ങാനാകുമോ?**

4. നിങ്ങൾക്ക് ഇയുവിൽ (EU) ജോലിക്ക് യോഗ്യതയുണ്ടോ? നിങ്ങളുടെ ഇന്ത്യൻ യോഗ്യതകളും പ്രവൃത്തിപരിചയവും ഇയുവിൽ (EU) അംഗീകരിക്കപ്പെടുമോ?

5. ആവശ്യമായ രേഖകൾ നേടാനും കുടിയേറ്റത്തിന്റെ ചെലവുകൾ വഹിക്കാനും നിങ്ങൾക്ക് കഴിയുമോ? ഈ ചെലവുകളിൽ വിസ ചെലവുകൾ, റിക്രൂട്ടർമാർക്കുള്ള ചെലവുകൾ, മെഡിക്കൽ ക്ലിയറൻസുകൾ, നിങ്ങളുടെ യോഗ്യതകളുടെ വിലയിരുത്തലും അംഗീകാരവുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവ ഉൾപ്പെടാമെന്ന് ഓർമ്മിക്കുക.

6. നിങ്ങളുടെ സാമ്പത്തിക ലക്ഷ്യങ്ങൾ എന്തൊക്കെയാണ്, ഇയുവിൽ (EU) ജോലി ചെയ്യുന്നതിലൂടെ അവ നേടാനാകുമോ?

7. നിങ്ങളുടെ വിസ ഓപ്ഷനുകൾ എന്തൊക്കെയാണ്?

8. സ്ഥലംമാറ്റച്ചെലവുകൾ, താൽക്കാലിക ഭവന സ്റ്റൈപ്പൻഡ് എന്നിവ ഉൾപ്പെടെ ഒരു പുതിയ രാജ്യത്തെ ജീവിതച്ചെലവുകൾ കൈകാര്യം ചെയ്യാൻ നിങ്ങളുടെ തൊഴിലുടമ നിങ്ങളെ സഹായിക്കുമോ?

9. എത്ര കാലം ഇയുവിൽ (EU) തുടരാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? കാര്യങ്ങൾ ശരിയായി നടക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ഒരു ബാക്കപ്പ് പ്ലാൻ ഉണ്ടോ?

## 2.4 കുടിയേറാൻ ഒരു രാജ്യം തിരഞ്ഞെടുക്കുമ്പോൾ

സുതാര്യതയും സ്വാതന്ത്ര്യവും വാഗ്ദാനം ചെയ്യുന്ന തൊഴിൽ വിപണികൾ, ആരോഗ്യപരിചരണ സംവിധാനങ്ങൾ, വിദ്യാഭ്യാസ സംവിധാനങ്ങൾ, കുടിയേറ്റത്തോടുള്ള അനുകൂല സമീപനം എന്നിവ കുടിയേറ്റത്തിനായി ഒരു രാജ്യം തിരഞ്ഞെടുക്കുമ്പോൾ നിങ്ങൾ പരിഗണിക്കേണ്ട ചില പ്രാഥമിക ഘടകങ്ങളാണ്. ഇതിനെ സമീപിക്കാനുള്ള മറ്റൊരു മാർഗം, നിങ്ങളുടെ പ്രത്യേക കഴിവുകൾക്ക് ഏറ്റവും ആവശ്യക്കാരുള്ളത് എവിടെയാണെന്ന് കണ്ടെത്തുക എന്നതാണ്, തുടർന്ന് കുടിയേറ്റത്തിനും തൊഴിൽ വിസ നേടുന്നതിനുമുള്ള പ്രക്രിയയെക്കുറിച്ച് അന്വേഷിക്കണം.

ഈ വിശദാംശങ്ങൾ നന്നായി മനസ്സിലാക്കാൻ, രാജ്യത്തിനുള്ളിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നത് സഹായകരമാകും. യൂറോപ്പിൽ നിങ്ങൾക്ക് വ്യക്തിപരമായ കോൺടാക്റ്റുകളുണ്ടോ? ഈ വിവരങ്ങൾ കണ്ടെത്താൻ അവർക്ക് നിങ്ങളെ സഹായിക്കാനാകുമോ?

**നിങ്ങൾ പരിഗണിക്കുന്ന രാജ്യത്ത് താമസിക്കുന്ന ഒരാളുമായി ബന്ധപ്പെടാൻ കഴിയുമെങ്കിൽ ചോദിക്കേണ്ട ചോദ്യങ്ങൾ:**

1. രാജ്യം പൊതുവെ എങ്ങനെയുള്ളതാണ്? ജോലിയും ജീവിത സാഹചര്യങ്ങളും എങ്ങനെ? കരിയർ വളർച്ചയ്ക്കുള്ള അവസരങ്ങളും കുടുംബത്തിനുള്ള തൊഴിലവസരങ്ങളും ഉണ്ടോ?

2. നിങ്ങളുടെ കഴിവുകളുള്ള തൊഴിലാളികൾക്ക് പ്രാദേശിക തൊഴിൽ വിപണിയിൽ ഇപ്പോഴുള്ള ഡിമാൻഡ് എന്താണ്?

3. നിങ്ങൾക്ക് ഒരു ജോലി ലഭിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പുതിയ ജോലിസ്ഥലത്തെ സഹപ്രവർത്തകരുമായി ബന്ധപ്പെടാൻ കഴിയുമോ? ആ രാജ്യത്ത് ഒരു പ്രവാസി സമൂഹമുണ്ടോ അല്ലെങ്കിൽ ആ രാജ്യത്ത് നിന്ന് തിരിച്ചെത്തിയ കുടിയേറ്റക്കാർ ഇന്ത്യയിലുണ്ടോ? അവരുടെ കുടിയേറ്റ അനുഭവത്തിന്റെ സാഹചര്യങ്ങളെക്കുറിച്ച് അവർ എന്താണ് പറയുന്നത്? നിങ്ങൾക്ക് ആരെയാണ് ബന്ധപ്പെടാൻ കഴിയുക?

4. ആ രാജ്യത്ത് ഏതൊക്കെ ഭാഷകളാണ് സംസാരിക്കുന്നത്? ബിസിനസിനുള്ള ഔദ്യോഗിക ഭാഷകൾ ഏതൊക്കെയാണ്? എത്തിച്ചേരുമ്പോൾ പ്രാദേശിക ഭാഷ അറിയില്ലെങ്കിൽ നിങ്ങൾക്ക് അത് കൈകാര്യം ചെയ്യാൻ കഴിയുമോ? ഭാഷാ പഠനത്തിന് എന്ത് ചെലവാകും?

5. വീട് ലഭിക്കുന്നത് എത്രത്തോളം ബുദ്ധിമുട്ടാണ് അല്ലെങ്കിൽ എളുപ്പമാണ്? ആദ്യം എവിടെയാണ് താമസിക്കേണ്ടത്?

6. നിങ്ങളുടെ കുടുംബത്തെ / ആശ്രിതരെ കൂടെ കൊണ്ടുപോകാൻ കഴിയുമോ?


7. സാമൂഹിക സുരക്ഷ, ഇൻഷുറൻസ്, പെൻഷൻ എന്നിവയ്ക്ക് നിങ്ങൾ എങ്ങനെ യോഗ്യത നേടും?

8. നിങ്ങൾ അവിടെ എത്തുമ്പോൾ നിങ്ങളെ സഹായിക്കാൻ കഴിയുന്ന ഏതെങ്കിലും സുഹൃത്തുക്കളോ ആ രാജ്യത്തുള്ള ആളുകളുടെ റഫറൻസുകളോ ഉണ്ടോ?

9. കുറച്ചുനാൾ കഴിഞ്ഞ് ഇന്ത്യയിലേക്ക് മടങ്ങാൻ തീരുമാനിച്ചാൽ, തിരിച്ചെത്തുമ്പോൾ നിങ്ങളുടെ ഓപ്ഷനുകൾ എന്തായിരിക്കും?

യൂറോപ്യൻ ഫൗണ്ടേഷൻ ഫോർ ദി ഇംപ്രൂവ്മെന്റ് ഓഫ് ലിവിംഗ് ആൻഡ് വർക്കിംഗ് കണ്ടീഷൻസ് (യൂറോഫൗണ്ട്) ഇയുവിലെ (EU) ജീവിത നിലവാരവുമായി ബന്ധപ്പെട്ട, പ്രത്യേകിച്ച് തൊഴിൽ ജീവിതവുമായി ബന്ധപ്പെട്ട, സാമൂഹികവും തൊഴിൽ സംബന്ധമായതുമായ വിവിധ വിഷയങ്ങളിൽ ഗവേഷണം, ഡാറ്റ, വിശകലനം എന്നിവ നൽകുന്നു. എല്ലാ ഇയു (EU) എംഎസ്സിനും (MS) ഡാറ്റ ലഭ്യമാണ്, ഇനിപ്പറയുന്ന വെബ്സൈറ്റിൽ ഇത് കാണാം: https://www.eurofound.europa.eu/

യൂറോഫൗണ്ട് വെബ്സൈറ്റ്




## 2.5 സാമൂഹികവും ജീവിതപരവുമായ പരിഗണനകൾ

പുതിയ സ്ഥലങ്ങൾ പുതിയ ജീവിതാനുഭവങ്ങളും അപ്രതീക്ഷിത സൗഹൃദങ്ങളും കൊണ്ടുവന്നേക്കാം. എന്നിരുന്നാലും, അനുഭവം ഒറ്റപ്പെടുത്തുന്നതുമാകാം.

### മൈഗ്രേറ്റ് ചെയ്യുന്നതിനു മുമ്പ് പരിഗണിക്കേണ്ട ചോദ്യങ്ങൾ



## 2.6 മാനസിക, സാമൂഹിക പരിഗണനകൾ

1. എന്തൊക്കെ, ആരെയൊക്കെ ആണ് നിങ്ങൾ ഉപേക്ഷിച്ചു പോകുന്നത്?
2. ഇന്ത്യയിൽ തുടർന്നേക്കാവുന്ന നിങ്ങളുടെ കുടുംബാംഗങ്ങളോടുള്ള നിങ്ങളുടെ ഉത്തരവാദിത്തം എന്താണ്?
3. വിദേശത്തേക്ക് പോകുന്നത് നിങ്ങളുടെ പങ്കാളിയെയും കുട്ടികളെയും മാതാപിതാക്കളെയും സഹോദരങ്ങളെയും മറ്റ് ബന്ധുക്കളെയും എങ്ങനെ ബാധിക്കും?
4. തിരിച്ചുവരുമ്പോൾ ഉണ്ടാകേണ്ടത് എന്തൊക്കെയാണ്?
5. നിങ്ങളുടെ കുടുംബത്തിന് വേണ്ടി നാട്ടിലേക്ക് പണം അയയ്ക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ, ബാക്കിയുള്ളത് കൊണ്ട് സുഖമായി ജീവിക്കാൻ ആവശ്യമായ ശമ്പളം നിങ്ങൾക്ക് ലഭിക്കുമോ?

## 2.7 ഒരു കുടുംബാംഗത്തോടൊപ്പം ചേരൽ

നിങ്ങൾ ഇയുവിൽ (EU) ഒരു കുടുംബാംഗത്തോടൊപ്പം ചേരുകയാണെങ്കിൽ, ഈ പരിഗണനകൾ ഓർമ്മിക്കുക.

1. കുടുംബാംഗമായി ഇയുവിൽ (EU) പ്രവേശിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡം എന്താണെന്ന് നിങ്ങൾക്കറിയാമോ?
2. ഒരു എംഎസ് (MS)-ലെ പൗരൻ / നിവാസി നിങ്ങളെ ഇയുവിലേക്ക് (EU) ക്ഷണിക്കുകയാണെങ്കിൽ, അവരുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് ഉറപ്പുണ്ടോ? എത്ര കാലമായി നിങ്ങൾക്ക് ആ വ്യക്തിയെ അറിയാം?

നിങ്ങളുടെ എൻട്രി അവരെ ആശ്രയിച്ചിരിക്കുമെന്നതിനാൽ അവരുടെ പേപ്പറുകൾ സാധുവായിരിക്കണം, നിങ്ങളെ രാജ്യത്തേക്ക് ക്ഷണിക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും അവർ പാലിക്കുകയും വേണം.

### കേസ് സ്റ്റഡി – 1

രമീഷും സാറയും ഐടി (IT) പ്രൊഫഷണലുകളാണ്. വർഷങ്ങളോളം ഇയു തൊഴിൽ അവസരങ്ങൾ തേടിയ ശേഷം, രണ്ട് വ്യത്യസ്ത ഇയു (EU) എംഎസ്സുകളിൽ നിന്ന് തുല്യമായി മികച്ച രണ്ട് ജോലി ഓഫറുകൾ രമീഷിന് ലഭിച്ചു. ഡിജിറ്റൽ ഫോറൻസിക്സിന്റെ ഒരു സ്പെഷ്യലൈസ്ഡ് മേഖലയിലാണ് രമീഷിന് ജോലി, ഇയുവിൽ (EU) ജോലി ചെയ്യാൻ അദ്ദേഹം ആഗ്രഹിക്കുന്നുമുണ്ട്. അവിടെ ജോലി ചെയ്ത് ലഭിക്കുന്ന അനുഭവങ്ങളും അവസരങ്ങളും ഉപയോഗപ്പെടുത്താൻ അദ്ദേഹം ആഗ്രഹിക്കുന്നു.

രമീഷിനും സാറയ്ക്കും രണ്ട് വയസുള്ള ഒരു മകളുണ്ട്, ഒരു കുടുംബം എന്ന നിലയിൽ, ഈ നീക്കം സാറയുടെ കരിയറിനെ ബാധിക്കരുതെന്നത് അവർ വ്യക്തമായി മനസ്സിലാക്കുന്നു. ഇന്ത്യയിൽ, രമീഷിനും സാറയ്ക്കും കരിയറുകൾ പിന്തുടരുന്നതിനായി അവരുടെ മാതാപിതാക്കളുടെ പിന്തുണ അവർക്ക് ലഭിക്കുന്നു - കുട്ടികളുടെ സംരക്ഷണത്തിൽ അവർ മാറി മാറി സഹായിക്കുന്നു. ഇയുവിൽ (EU) ജീവിക്കുമ്പോൾ ഇത് സാധ്യമാകില്ല. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ രമീഷിനെയും സാറയെയും അവരുടെ കുടുംബത്തിന് ഏറ്റവും അനുയോജ്യമായ തീരുമാനമെടുക്കാൻ സഹായിച്ചു.

**Q. സാറയ്ക്ക് ഏത് രാജ്യത്താണ് എളുപ്പത്തിൽ ജോലി കണ്ടെത്താൻ കഴിയുക?**

A. തൊഴിൽ അവസരങ്ങൾ പരിശോധിക്കുകയും, കുടുംബ വിസയിലുള്ള ഇയു (EU) പൗരന്മാരല്ലാത്തവർക്ക് ഒഴിവുകൾ ലഭ്യമാണോ എന്ന് പരിശോധിക്കാൻ തൊഴിലുടമകളെ ബന്ധപ്പെടുകയും ചെയ്തു.

A. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും തൊഴിൽ വിപണിയെക്കുറിച്ച് ചോദിച്ചു.

A. ജീവിതപങ്കാളികൾക്കുള്ള ജോലികൾ സംബന്ധിച്ച വിവരങ്ങൾ നൽകാൻ സഹായിക്കാമോ എന്ന് തൊഴിലുടമയോട് ചോദിച്ചു.



**Q. അവർ മകളെ എങ്ങനെ പരിപാലിക്കും?**

A. രാജ്യത്ത് ലഭ്യമായ ചൈൽഡ് സപ്പോർട്ട് സംവിധാനങ്ങൾ പരിശോധിച്ചു.

A. അത്തരം പിന്തുണ ജോലിസ്ഥലത്തിന് ഏറ്റവും അടുത്ത് ലഭ്യമാണോയെന്ന് പരിശോധിച്ചു.

A. തങ്ങളുടെ മകൾക്ക് ഏറ്റവും മികച്ച ശിശുപരിചരണം ആഗ്രഹിച്ചതിനാൽ, അത് എത്രത്തോളം താങ്ങാനാകുമെന്ന് അറിയാൻ രാജ്യങ്ങളിലെ ജീവിതച്ചെലവ് അവലോകനം ചെയ്തു.

A. വീട്ടിൽ നിന്ന് ജോലി ചെയ്യുന്നതിനോ പാർട്ട് ടൈം ആയി ജോലി ചെയ്യുന്നതിനോ ഉള്ള സാധ്യതയെക്കുറിച്ച് തൊഴിലുടമകളുമായി ബന്ധപ്പെട്ട് പരിശോധിച്ചു.

*തുടരുന്നു...*

**Q. അവർക്ക് എങ്ങനെ വീട് കണ്ടെത്താനാകും, അവർക്ക് എത്ര എളുപ്പത്തിൽ പൊരുത്തപ്പെടാനും സാമൂഹിക ജീവിതം നയിക്കാനും കഴിയും?**

A. രാജ്യത്തെ ഭവന, ആരോഗ്യ, തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ അവർ ജീവിത നിലവാര ടൂൾ ഉപയോഗിച്ചു (https://ec.europa.eu/eurostat/web/quality-of-life/information-data#What's%20been%20achieved%20so%20far?)[3]

A. രാജ്യത്ത് താമസിക്കുന്നത് സംബന്ധിച്ച് നേരിട്ടുള്ള വിവരങ്ങൾ ലഭിക്കാൻ അവർ സുഹൃത്തുക്കളെയും പരിചയക്കാരെയും സമീപിച്ചു

A. സമീപത്തുള്ള പാർക്കുകൾ, പ്രതിവാര പ്രാദേശിക മാർക്കറ്റ്, കുട്ടികൾക്കുള്ള വിനോദ മേഖല എന്നിവയുള്ള ഒരു പ്രദേശത്ത് താമസിക്കാൻ കഴിയുമെന്ന് അവർ കണ്ടെത്തി, അവിടെ അവർക്ക് അവിടുത്തെ ആളുകളെ കണ്ടുമുട്ടാൻ കഴിയും.

## 2.8 ഇയുവിലെ (EU) ഇന്ത്യക്കാർ

ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള ഇയുവിൽ (EU) താമസിക്കാൻ വരുന്നു, ഇന്ത്യക്കാരും അതിൽ നിന്ന് വ്യത്യസ്തരല്ല. ഇയുവിൽ (EU) ഉടനീളം, കാർഷിക ജോലി, വാണിജ്യം എന്നുതുടങ്ങി വിവരസാങ്കേതികവിദ്യ, ടെലികമ്മ്യൂണിക്കേഷൻ വരെയുള്ള നിരവധി മേഖലകളിൽ ഇന്ത്യക്കാർ ജോലി ചെയ്യുന്നു.

ഇയുവിൽ (EU) താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന മൊത്തം ഇന്ത്യക്കാരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2024-ൽ, 192,445 ഇന്ത്യക്കാർക്ക് ഫസ്റ്റ് പെർമിറ്റ് (അല്ലെങ്കിൽ ആകെ നൽകിയ ഫസ്റ്റ് പെർമിറ്റുകളുടെ 5.5 ശതമാനം)[4] നൽകിയതായി ഇയു (EU) റിപ്പോർട്ട് ചെയ്യുന്നു.

ഇയുവിൽ (EU) ജോലിക്കായി പോകുന്നവർക്ക് പുറമേ, അവിടെ പഠനത്തിനായി പോകുന്ന നിരവധി ഇന്ത്യൻ വിദ്യാർത്ഥികൾക്കും ചിലപ്പോൾ പാർട്ട് ടൈം ജോലി ചെയ്യാൻ അനുവാദം ലഭിക്കാറുണ്ട്, അങ്ങനെ ഒരു അന്താരാഷ്ട്ര അന്തരീക്ഷത്തിൽ അവരുടെ കരിയർ കെട്ടിപ്പടുക്കാൻ അവർക്ക് കഴിയും.

ഇയുവിലെ (EU) ഇന്ത്യൻ കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിക്കുന്നത് ഇയുവിൽ (EU) നിരവധി സാംസ്കാരിക, ബിസിനസ് അവസരങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക് നയിച്ചിട്ടുണ്ട്, ഇന്ത്യൻ ഭക്ഷണം, സംസ്കാരം, പങ്കാളിത്തം എന്നിവ മുഖ്യധാരാ സംസ്കാരത്തിന്റെ ഭാഗമായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. യോഗ കേന്ദ്രങ്ങൾ, ഇന്ത്യൻ റെസ്റ്റോറന്റുകൾ, സംഗീതം, ഇന്ത്യൻ സിനിമകൾ എന്നിവ യൂറോപ്യൻ ജീവിതത്തിന്റെ ഭാഗമാകുന്നത് നിങ്ങൾക്ക് കാണാൻ കഴിയും. ഇയുവിലെ (EU) വിവിധ രാജ്യങ്ങളിൽ എത്ര ഇന്ത്യക്കാർ താമസിക്കുന്നുണ്ടെന്നത് പട്ടിക 1 കാണിക്കുന്നു.

**പട്ടിക 1:** ഇയുവിലെ (EU) ആകെ ഇന്ത്യക്കാരുടെ എണ്ണം

| ക്രമ. നം. | ഇയു (EU) രാജ്യം | ആകെ ജനസംഖ്യ ഇയു (EU) എംഎസ് (MS) | രാജ്യത്തുള്ള വിദേശ കുടിയേറ്റക്കാർ | ഇയു (EU) എംഎസ് (MS)-ലെ വിദേശ ഇന്ത്യക്കാരുടെ (എൻആർഐയും (NRI) ഒസിഐയും (OCI)) ജനസംഖ്യ (എണ്ണം) |
|---|---|---|---|---|
| 1 | ഓസ്ട്രിയ | 91,58,750 | 17,84,900 | 32500 |
| 2 | ബെൽജിയം | 1,18,17,096 | 16,33,800 | 28,834 |
| 3 | ബൾഗേറിയ | 64,45,481 | 1,19,100 | 803 |
| 4 | ക്രൊയേഷ്യ | 38,61,967 | 1,15,200 | 12011 |


3. ജീവിത, തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള ഇയു (EU) എംഎസ് (MS) ദേശീയ പോർട്ടലുകൾ ഇവിടെ കാണാം. https://eures.europa.eu/living-and-working/living-and-working-conditions-europe_en

4. https://ec.europa.eu/eurostat/statistics-explained/index.php?title=Residence_permits_-_statistics_on_first_permits_issued_during_the_year#First_residence_permits_by_citizenship_and_by_destination_in_the_EU

| ക്രമ. നം. | ഇയു (EU) രാജ്യം | ആകെ ജനസംഖ്യ ഇയു (EU) എംഎസ് (MS) | രാജ്യത്തുള്ള വിദേശ കുടിയേറ്റക്കാർ | ഇയു (EU) എംഎസ് (MS)-ലെ വിദേശ ഇന്ത്യക്കാരുടെ (എൻആർഐയും (NRI) ഒസിഐയും (OCI)) ജനസംഖ്യ (എണ്ണം) |
|---|---|---|---|---|
| 5 | സൈപ്രസ് | 9,66,365 | 2,32,000 | 14979 |
| 6 | ചെക്കിയ | 1,09,00,555 | 9,45,600 | 9498 |
| 7 | ഡെന്മാർക്ക് | 59,61,249 | 6,49,900 | 20647 |
| 8 | എസ്റ്റോണിയ | 13,74,687 | 2,46,500 | 2328 |
| 9 | ഫിൻലാൻഡ് | 56,03,851 | 3,71,300 | 21359 |
| 10 | ഫ്രാൻസ് | 68467362 | 60,28,500 | 119000 |
| 11 | ജർമ്മനി | 8,34,56,045 | 1,21,09,000 | 260864 |
| 12 | ഗ്രീസ് | 1,04,00,720 | 7,43,800 | 35000 |
| 13 | ഹംഗറി | 95,84,627 | 2,50,700 | 8734 |
| 14 | അയർലൻഡ് | 53,51,681 | 8,18,600 | 61386 |
| 15 | ഇറ്റലി | 58971230 | 52,53,700 | 206503 |
| 16 | ലാറ്റ്വിയ | 1875316 | 2,58,000 | 3000 |
| 17 | ലിത്വാനിയ | 2885891 | 1,36,000 | 4570 |
| 18 | ലക്സംബർഗ് | 672050 | 3,17,500 | 5321 |
| 19 | മാൾട്ട | 563443 | 1,58,400 | 18250 |
| 20 | നെതർലാൻഡ്സ് | 17942942 | 15,23,900 | 228787 |
| 21 | പോളണ്ട് | 36620970 | 4,30,200 | 24200 |
| 22 | പോർച്ചുഗൽ | 10639726 | 10,45,400 | 103682 |
| 23 | റൊമാനിയ | 19067576 | 2,31,400 | 6027 |
| 24 | സ്ലോവാക്യ | 5424687 | 63,000 | 3000 |
| 25 | സ്ലോവേനിയ | 2123949 | 2,03,300 | 908 |
| 26 | സ്പെയിൻ | 48619695 | 65,02,300 | 67592 |
| 27 | സ്വീഡൻ | 10551707 | 8,34,300 | 60000 |

ഉറവിടം: https://www.mea.gov.in/population-of-overseas-indians.htm

https://ec.europa.eu/eurostat/statistics-explained/index.php?title=EU_population_diversity_by_citizenship_and_country_of_birth#:~:text=:%20Eurostat%20(migr_pop4ctb)-,29.0%20million%20non%2DEU%20citizens%20living%20in%20the%20EU%20on,%25)%20and%20Cyprus%20(24.0%25).



03

# വിസയ്ക്ക് അപേക്ഷിക്കുന്നതും നേടുന്നതും

കുടിയേറ്റത്തിന്റെ ഗുണദോഷങ്ങൾ നിങ്ങൾ വിലയിരുത്തുകയും ഇയുവിലേക്ക് (EU) പോകാൻ തീരുമാനിക്കുകയും ചെയ്താൽ, നിയമപരമായ കുടിയേറ്റത്തിന് ലഭ്യമായ വ്യത്യസ്ത അവസരങ്ങൾ നിങ്ങൾ മനസ്സിലാക്കണം.

ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ, നിങ്ങൾ ഒരു ഇയു (EU) പൗരനല്ലാത്ത വിഭാഗത്തിൽ പെടും, നിങ്ങളുടെ വിസ വിഭാഗം രാജ്യത്തെ നിങ്ങളുടെ അവകാശങ്ങളെ നിർണ്ണയിക്കും.

## 3.1 വിസയ്ക്ക് അപേക്ഷിക്കുന്നതിനെ കുറിച്ച് ആലോചിക്കുമ്പോൾ

ഒരു ഇയു (EU) എംഎസ് (MS)-ലേക്ക് കുടിയേറാൻ, നിങ്ങൾ ഒരു വിസയ്ക്ക് അപേക്ഷിക്കുകയും എല്ലാ വിസ വ്യവസ്ഥകളും അത് നേടുന്നതിനുള്ള നടപടിക്രമങ്ങളും പാലിക്കുകയും ചെയ്യണം. വിസയ്ക്ക് അപേക്ഷിക്കുമ്പോൾ, ആദ്യം പോകുന്നതിന്റെ ഉദ്ദേശ്യം നിർണ്ണയിക്കേണ്ടതുണ്ട്. ഇത് നിങ്ങളുടെ വിസ വിഭാഗം നിർണ്ണയിക്കാൻ സഹായിക്കും.

നിങ്ങൾ ഉൾപ്പെടുന്ന വിഭാഗം മനസ്സിലാക്കാനും വിലയിരുത്താനും, യൂറോപ്യൻ കമ്മീഷന്റെ[5] വെബ്സൈറ്റ് സന്ദർശിക്കുക. ഡെൻമാർക്കും[6] അയർലൻഡും[7] ഒഴികെയുള്ള 27 ഇയു (EU) രാജ്യങ്ങളിൽ 25 രാജ്യങ്ങൾ നൽകുന്ന നിരവധി വ്യത്യസ്ത വിസ തരങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ നിങ്ങൾക്ക് അവിടെ കണ്ടെത്താനാകും. ഡെൻമാർക്കിനെയും അയർലൻഡിനെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ദയവായി അതത് രാജ്യങ്ങളുടെ വിസ വെബ്സൈറ്റുകൾ കാണുക.

**കുറിപ്പ്**

*ഒക്ടോബർ മുതൽ, ഇയു (EU) എൻട്രി/എക്സിറ്റ് സിസ്റ്റം (ഇഇഎസ് (EES)) അവതരിപ്പിച്ചിട്ടുണ്ട്. ഇത് ഷെങ്കൻ പ്രദേശത്തേക്ക് ഹ്രസ്വകാല യാത്രയ്ക്കായി (180 ദിവസ കാലയളവിൽ 90 ദിവസം വരെ) യാത്ര ചെയ്യുന്ന ഇയു (EU) പൗരന്മാരല്ലാത്തവരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു പുതിയ അതിർത്തി മാനേജ്മെന്റ് സംവിധാനമാണ്, ഓരോ തവണയും അവർ 29 യൂറോപ്യൻ രാജ്യങ്ങളുടെ[8] ബാഹ്യ അതിർത്തികൾ കടക്കുമ്പോൾ ഇത് ആവശ്യമാണ്. അതിർത്തി നിയന്ത്രണം ശക്തിപ്പെടുത്തുക, ഷെങ്കൻ നിയമങ്ങളുടെ പാലനം മെച്ചപ്പെടുത്തുക, മൊത്തത്തിലുള്ള സിസ്റ്റം കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഇഇഎസ് (EES) കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക: https://travel-europe.europa.eu/ees*

### ഇയു (EU) ഇമിഗ്രേഷൻ പോർട്ടൽ വെബ്സൈറ്റ്

ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികൾ, ബിസിനസുകാർ, വിദ്യാർത്ഥികൾ, സന്നദ്ധപ്രവർത്തകർ, ട്രെയിനികൾ തുടങ്ങിയ കുടിയേറ്റ വിഭാഗങ്ങൾക്കായുള്ള വിവരങ്ങളും നിങ്ങൾക്ക് വെബ്സൈറ്റിൽ കാണാം. നിങ്ങൾ ഏത് വിഭാഗത്തിൽ പെടുന്നുവെന്നും ഏത് എംഎസ് (MS)-ലേക്കാണ് കുടിയേറേണ്ടതെന്നും

5. നിയമപരമായ മൈഗ്രേഷൻ അവസരങ്ങളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ https://ec.europa.eu/immigration/general-information/what-category-do-i-fit_en എന്നതിൽ ലഭ്യമാണ്.
6. https://um.dk/en/travel-and-residence/how-to-apply-for-a-residence-permit/
7. https://www.dfa.ie/irish-embassy/india/visas/applying-for-irish-visa/#EmploymentVisas
8. ഓസ്ട്രിയ, ബെൽജിയം, ബൾഗേറിയ, ക്രൊയേഷ്യ, ചെക്കിയ, ഡെൻമാർക്ക്, എസ്റ്റോണിയ, ഫിൻലാൻഡ്, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഹംഗറി, ഐസ്‌ലാൻഡ്, ഇറ്റലി, ലാറ്റ്വിയ, ലിക്റ്റൻസ്റ്റൈൻ, ലിത്വാനിയ, ലക്സംബർഗ്, മാൾട്ട, നെതർലാൻഡ്സ്, നോർവേ, പോളണ്ട്, പോർച്ചുഗൽ, റൊമാനിയ, സ്ലൊവാക്യ, സ്ലൊവേനിയ, സ്പെയിൻ, സ്വീഡൻ, സ്വിറ്റ്സർലൻഡ്.

നിങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ, പ്രസക്തമായ വിവരങ്ങൾ എളുപ്പത്തിൽ കണ്ടെത്താൻ സഹായിക്കുന്ന ഒരു ഇന്ററാക്ടീവ് മാപ്പ് വെബ്സൈറ്റ് നൽകുന്നു[9].

## 3.2 ഇയുവിലെ (EU) വിവിധ തരം വിസകൾ

ഒരു വിസ ഒന്നോ രണ്ടോ അല്ലെങ്കിൽ ഒന്നിലധികമോ എൻട്രികൾക്കായി ഇഷ്യൂ ചെയ്യാം.

ഷെങ്കൻ വർക്ക് വിസ എന്നൊന്നില്ല. ഒരു ഷെങ്കൻ രാജ്യത്ത് ദീർഘകാലമായി ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ വ്യക്തികൾക്ക് റെസിഡൻസി പെർമിറ്റ് അല്ലെങ്കിൽ ഡി വിഭാഗത്തിലുള്ള ദേശീയ വിസ അനുവദിക്കുന്നു.


### പൊതുവായ മുൻഉപാധികൾ

ഒരു വിസ അപേക്ഷയ്ക്കായി രേഖകൾ ഒരുമിച്ച് ചേർക്കുമ്പോൾ എല്ലാ കുടിയേറ്റക്കാരും ഓർമ്മിക്കേണ്ട ചില കാര്യങ്ങളാണിവ. ഇന്ത്യയിലെ ഷെങ്കൻ വിസ അപേക്ഷകർക്കുള്ള വിവര ഷീറ്റ് ഈ കാര്യത്തിൽ ഉപയോഗപ്രദമാകാം, നിങ്ങൾക്ക് അത് ഈ ലിങ്കിൽ ലഭ്യമാകും: https://visa.vfsglobal.com/ind/en/deu/common-information

**കുറിപ്പ്**

*2024 ഏപ്രിൽ 18-ന്, ഇന്ത്യയിൽ ഹ്രസ്വകാല ഷെങ്കൻ വിസകൾക്ക് അപേക്ഷിക്കുന്ന ഇന്ത്യൻ പൗരന്മാർക്കായി യൂറോപ്യൻ കമ്മീഷൻ ഒരു പുതിയ വിസ "കാസ്കേഡ്" സംവിധാനം ഏർപ്പെടുത്തി. അറിയപ്പെടുന്ന യാത്രാ ചരിത്രമുള്ള യാത്രക്കാർക്ക്, പാസ്പോർട്ട് സാധുതയ്ക്ക് വിധേയമായി, ദീർഘകാല, മൾട്ടിപ്പിൾ-എൻട്രി വിസകൾ ലഭ്യമാക്കാൻ ഈ സംവിധാനം സൗകര്യമൊരുക്കുന്നു. ഈ ചട്ടക്കൂടിന് കീഴിൽ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വിസകൾ നിയമാനുസൃതമായി ഉപയോഗിച്ചതിനു ശേഷം അപേക്ഷകർക്ക് രണ്ട് വർഷത്തെ മൾട്ടിപ്പിൾ എൻട്രിയും വിസയും, തുടർന്ന് പാസ്പോർട്ട് സാധുത അനുവദിക്കുന്ന പക്ഷം അഞ്ച് വർഷത്തെ വിസയും ഇഷ്യൂ ചെയ്തേക്കാം. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക https://www.eeas.europa.eu/delegations/india/european-union-adopts-more-favourable-schengen-visa-rules-indians_en?s=167*

## ഇയുവിലെ (EU) വിസകളുടെ തരങ്ങൾ




9. ഇന്ററാക്റ്റീവ് മാപ്പ് https://ec.europa.eu/immigration/node_en എന്നതിൽ ലഭ്യമാണ്.

**എന്നിരുന്നാലും, നിങ്ങൾ സ്വയം ചോദിക്കേണ്ട ചില അടിസ്ഥാന ചോദ്യങ്ങൾ ഇവയാണ്:**

- ഷെങ്കൻ രാജ്യത്തു നിന്ന് നിങ്ങൾ തിരിച്ചെത്തിയ തീയതിക്ക് ശേഷം കുറഞ്ഞത് മൂന്ന് മാസത്തേക്ക് സാധുതയുള്ളതും, കുറഞ്ഞത് രണ്ട് ശൂന്യ പേജുകളെങ്കിലും ഉള്ളതും, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നൽകിയതുമായ പാസ്പോർട്ട് നിങ്ങളുടെ കൈവശമുണ്ടോ?
- നിങ്ങളുടെ കൈവശം ശരിയായ പാസ്പോർട്ട് ഫോർമാറ്റിലുള്ള ഫോട്ടോഗ്രാഫുകൾ ഉണ്ടോ?
- വിസ ലഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്രോതസുകളുടെ തെളിവ് നിങ്ങളുടെ പക്കലുണ്ടോ?
- കുറഞ്ഞത് 30,000 യൂറോ കവറേജുള്ള യാത്രാ മെഡിക്കൽ ഇൻഷുറൻസ് നിങ്ങൾക്കുണ്ടോ?

**നിങ്ങൾ ജോലിക്കായി പോകുകയാണെങ്കിൽ, ഈ ചോദ്യങ്ങൾ സ്വയം ചോദിക്കുക:**


- ഷെങ്കൻ വിസയ്ക്ക് അപേക്ഷിക്കുന്നതിന് നിങ്ങൾക്ക് ഒരു തൊഴിൽ കരാറോ സ്പോൺസറോ ഉണ്ടോ?
- നിങ്ങൾ എത്തിയതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തേക്ക് ലക്ഷ്യസ്ഥാന രാജ്യത്ത് താമസിക്കാൻ ആവശ്യമായ ഫണ്ട് നിങ്ങളുടെ പക്കലുണ്ടോ?
- നിങ്ങൾക്ക് ഇയുവിൽ (EU) സാധുതയുള്ള ഒരു ആരോഗ്യ ഇൻഷുറൻസ് ഉണ്ടോ?

## 3.3 പ്രൊഫഷണൽ കഴിവുകളും ഭാഷാ ആവശ്യകതകളും

നിങ്ങൾ ഇന്ത്യയിൽ പഠിക്കുകയും യോഗ്യത നേടുകയും പരിശീലനം നേടുകയും ചെയ്തിരിക്കാം, എന്നാൽ അതിനർത്ഥം നിങ്ങൾക്ക് ഇയുവിൽ (EU) ജോലി ചെയ്യാൻ യോഗ്യതയുണ്ടെന്നാണോ? അങ്ങനെ ആകണമെന്നില്ല! ജോലിക്കായി ഇയുവിലേക്ക് (EU) കുടിയേറുന്ന ആളുകൾക്ക് സർട്ടിഫൈഡ് സ്കില്ലുകളിൽ ഉയർന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്, അതിനാൽ അവർ ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കണം:

- സർവകലാശാല ബിരുദം അല്ലെങ്കിൽ പ്രസക്തമായ പ്രൊഫഷണൽ പരിചയം (അത്തരം പരിചയസമ്പത്ത് ബന്ധപ്പെട്ട എംഎസ് (MS) യോഗ്യതയായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ) പോലുള്ള ഉയർന്ന പ്രൊഫഷണൽ യോഗ്യതകൾ നിങ്ങൾക്കുണ്ടെന്ന് നിങ്ങൾ തെളിയിക്കണം.
- നിങ്ങൾ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ഇയു (EU) രാജ്യത്ത് നിങ്ങളുടെ ബിരുദം / പരിശീലനം അംഗീകരിക്കപ്പെടേണ്ടതുണ്ട്. നിങ്ങളുടെ പ്രൊഫഷൻ നിയന്ത്രിക്കപ്പെട്ടതാണെങ്കിൽ, സ്റ്റേറ്റ് പരീക്ഷകൾ പോലുള്ള പ്രത്യേക പരീക്ഷകൾക്ക് നിങ്ങൾ ഹാജരാകേണ്ടി വന്നേക്കാം, ഒപ്പം / അല്ലെങ്കിൽ ആ തൊഴിലിൽ ഏർപ്പെടുന്നതിനു മുമ്പ് ഒരു പ്രൊഫഷണൽ ബോഡിയിൽ രജിസ്റ്റർ ചെയ്യേണ്ടിവരും.
- നിങ്ങളുടെ വാർഷിക മൊത്ത ശമ്പളം ദേശീയ ശമ്പള പരിധി പാലിക്കുകയും ശരാശരി മൊത്ത ദേശീയ ശമ്പളത്തിന്റെ[10] 1-1.6 മടങ്ങ് ആയിരിക്കുകയും വേണം.
- നിങ്ങൾക്കും ഇയുവിലേക്ക് (EU) നിങ്ങളോടൊപ്പം വരുന്ന നിങ്ങളുടെ ആശ്രിതർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെയുള്ള ആവശ്യമായ യാത്രാ രേഖകൾ നിങ്ങളുടെ കൈവശം ഉണ്ടായിരിക്കണം.
- നിങ്ങളുടെ പ്രൊഫഷനും നിയന്ത്രണമുള്ളതാകാം, കൂടാതെ നിങ്ങൾ സർട്ടിഫൈഡ്[11] ആയിരിക്കേണ്ടി വന്നേക്കാം. ഓരോ എംഎസ് (MS)-നുമുള്ള നിയന്ത്രിത തൊഴിലുകളുടെ പട്ടിക വ്യത്യസ്തമാണ്. നിങ്ങളുടെ പ്രൊഫഷൻ നിയന്ത്രിക്കപ്പെട്ടതാണോ എന്ന് കണ്ടെത്താൻ, ഈ ലിങ്കിൽ നൽകിയിട്ടുള്ള നിയന്ത്രിത പ്രൊഫഷനുകളുടെ ഡാറ്റാബേസ് ഉപയോഗിക്കാം: https://ec.europa.eu/growth/tools-databases/reproof/index. cfm?action=regprofs

**നിയന്ത്രിത പ്രൊഫഷണുകളുടെ ഡാറ്റാബേസ് വെബ്സൈറ്റ്**




10. ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്ത് തൊഴിലാളികൾ നേടുന്ന ശരാശരി വരുമാനമാണ് ശരാശരി ദേശീയ ശമ്പളം. https://home-affairs.ec.europa.eu/policies/migration-and-asylum/legal-migration-and-resettlement/work/eu-blue-card-attracting-highly-qualified-talent-eu_en
11. https://ec.europa.eu/growth/tools-databases/regprof/home

നിങ്ങൾ താൽക്കാലികമായി ഇയുവിലേക്ക് (EU) താമസം മാറുകയാണെങ്കിൽ, നിങ്ങളുടെ തൊഴിലിന് ആരോഗ്യപരവും സുരക്ഷാപരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടെങ്കിൽ ഒഴികെ, പ്രൊഫഷണൽ യോഗ്യതകളുടെ അംഗീകാരത്തിനായി അപേക്ഷിക്കേണ്ടതില്ല.

സീസണൽ തൊഴിലാളികൾക്ക് മറ്റ് മാനദണ്ഡങ്ങൾ ഉണ്ടായിരിക്കും, ഉയർന്ന വൈദഗ്ധ്യം ഉണ്ടായിരിക്കണമെന്നില്ല. അവർ പ്രധാനമായും ജോലി ചെയ്യുന്നത് ഇനിപ്പറയുന്ന മേഖലകളിലാണ്: കൃഷി (agriculture), പൂന്തോട്ടപരിപാലനം (horticulture), നിർമ്മാണം (construction), ഹോസ്പിറ്റാലിറ്റി (hospitality), റീട്ടെയിൽ (retail), ടൂറിസം (tourism) കൂടാതെ ശാരീരികാധ്വാനം കൂടുതലായി ആവശ്യമുള്ള ജോലികൾ.

ഇതിനകം ഇയുവിൽ (EU) താമസിക്കുകയും ജോലി അന്വേഷിക്കുകയും ചെയ്യുന്നവർക്കായി - ഉദാഹരണത്തിന് കുടുംബവുമായി വീണ്ടും ചേരുന്നവർക്ക് - ഇയു (EU) പൗരന്മാരല്ലാത്തവർക്കുള്ള ഇയു (EU) സ്കിൽസ് പ്രൊഫൈൽ ടൂളിൽ[12] നിങ്ങളുടെ കഴിവുകൾ പരിശോധിക്കാവുന്നതാണ്. ഡിപ്ലോമകൾ അംഗീകരിക്കുന്നതിനുള്ള റഫറൽ, നൈപുണ്യ മൂല്യനിർണ്ണയം, തുടർ പരിശീലനം അല്ലെങ്കിൽ തൊഴിൽ പിന്തുണ സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തുടർ ഘട്ടങ്ങളിൽ വ്യക്തിഗത ഉപദേശം നൽകുന്നതിന് ഇയു (EU) പൗരന്മാരല്ലാത്തവരുടെ കഴിവുകൾ, യോഗ്യതകൾ, പ്രവൃത്തിപരിചയങ്ങൾ എന്നിവ മാപ്പ് ചെയ്യാൻ ഈ ഓൺലൈൻ ടൂൾ സഹായിക്കുന്നു.

ഇന്ത്യൻ പൗരന്മാർക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ പഠിക്കുന്നതിനുമായുള്ള സഹായത്തിനായി രാജ്യത്തുടനീളം നിരവധി അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രങ്ങൾ ഭാരത സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ചിലത് നിങ്ങൾക്ക് യോഗ്യത നേടാനും ഇയുവിൽ (EU) ജോലി കണ്ടെത്താനും സഹായിക്കുന്ന നൈപുണ്യ പരിശീലനം നൽകും. വിവരങ്ങൾക്കും അപ്ഡേറ്റുകൾക്കും, ദയവായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക[13].

## 3.4 ഇയു (EU) തൊഴിൽ വിസ പ്രോഗ്രാമുകൾ

ഓരോ ഇയു (EU) അംഗരാജ്യത്തിനും അവരുടേതായ വിസ നയങ്ങളുണ്ട്, ഈ നയങ്ങൾ ഓരോ രാജ്യത്തിനും വ്യത്യാസപ്പെട്ടിരിക്കാം. അതത് രാജ്യങ്ങളിലെ തൊഴിൽ ആവശ്യങ്ങൾ നിറവേറ്റുന്നതിനും തൊഴിൽ ക്ഷാമം നികത്തുന്നതിനുമായി ഇയു (EU) തൊഴിൽ വിസ പ്രോഗ്രാമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, തൊഴിൽ വിസ മാനദണ്ഡങ്ങളും ആവശ്യകതകളും അപേക്ഷാ പ്രക്രിയയും, ഓരോ രാജ്യത്തിന്റെയും തൊഴിൽ ആവശ്യങ്ങളെയും രാജ്യത്തിന്റെ തൊഴിൽ വിപണിയിലേക്ക് നിങ്ങൾക്ക് വാഗ്ദാനം ചെയ്യാൻ കഴിയുന്ന കഴിവുകളെയും ആശ്രയിച്ചിരിക്കുന്നു.

കുടിയേറ്റ തൊഴിലാളികൾ സാധാരണയായി പ്രൊഫഷണൽ കാരണങ്ങളാൽ വിസയ്ക്ക് അപേക്ഷിക്കാറുണ്ട്, അവരുടെ വിസയുടെ കാലാവധി സാധാരണയായി അവരുടെ കരാറിന്റെ കാലാവധിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വിസയുടെ തരത്തെയും കരാറിന്റെ കാലാവധിയെയും ആശ്രയിച്ച് അവരുടെ വിസയ്ക്ക് വ്യത്യസ്ത കാലയളവുകളിലേക്ക് സാധുത ഉണ്ടായിരിക്കാം. വിസ പുതുക്കാവുന്നതോ (renewable) അല്ലാത്തതോ, മൾട്ടി-എൻട്രിയോ (multi-entry) സിംഗിൾ എൻട്രിയോ (single entry) ആകാം.

## 3.5 നിങ്ങൾ ഉയർന്ന യോഗ്യതയുള്ള ഒരു തൊഴിലാളിയാണോ?

നിങ്ങൾ ഉയർന്ന യോഗ്യതയുള്ള ഒരു തൊഴിലാളിയാണെങ്കിൽ, ഒരു ഇയു (EU) ബ്ലൂ കാർഡിന് യോഗ്യത നേടാനുള്ള നിങ്ങളുടെ സാധ്യത വളരെ കൂടുതലാണ്. ചില ഇയു (EU) രാജ്യങ്ങൾ ഇയു (EU) ബ്ലൂ കാർഡിന് പുറമേ ഉയർന്ന യോഗ്യതയുള്ള തൊഴിലാളികൾക്ക് മറ്റ് തൊഴിൽ പെർമിറ്റുകൾ ഓഫർ ചെയ്തേക്കാം[14].

### എന്താണ് ഇയു (EU) ബ്ലൂ കാർഡ്?

ഇയു (EU) ബ്ലൂ കാർഡ്, ഇയുവിന് (EU) പുറത്തുനിന്നുള്ള ഉയർന്ന യോഗ്യതയുള്ള തൊഴിലാളികൾക്ക് ഇയു (EU) രാജ്യത്ത് താമസിക്കാനും ജോലി ചെയ്യാനുമുള്ള അവകാശം നൽകുന്നു. ഡെൻമാർക്കിലും അയർലൻഡിലും ഇയു (EU) ബ്ലൂ കാർഡ് ബാധകമല്ല. നിങ്ങൾ ഒരു ഇയു (EU) ബ്ലൂ കാർഡിന് അപേക്ഷിക്കാൻ തയ്യാറെടുക്കുകയാണെങ്കിൽ, ഈ പ്രക്രിയയിൽ നിങ്ങളെ സഹായിക്കുന്നതിന് നിങ്ങൾക്ക് ഇയു (EU) ബ്ലൂ കാർഡ് ചെക്ക്ലിസ്റ്റ് റഫർ ചെയ്യാം-https://www.icmpd.org/file/download/62206/file/Final_WEB_EU-India%2520Blue%2520Card%2520Checklist_Booklet%2520A5_WEB.pdf

ഉയർന്ന വിദ്യാഭ്യാസ യോഗ്യത (സർവകലാശാലാ ബിരുദം പോലുള്ളവ) കാണിച്ചുകൊണ്ട് നിങ്ങൾക്ക് ഉയർന്ന പ്രൊഫഷണൽ യോഗ്യതകളുണ്ടെന്ന് തെളിയിക്കണം. ചില എംഎസ് (MS) ബിരുദത്തിന് പകരമായി കുറഞ്ഞത് അഞ്ച് വർഷത്തെ പ്രസക്തമായ പ്രൊഫഷണൽ പരിചയസമ്പത്ത് സ്വീകരിച്ചേക്കാം.

നിങ്ങൾ ഒരു ശമ്പളമുള്ള ജീവനക്കാരനായി ജോലി ചെയ്യണം - സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കോ സംരംഭകർക്കോ ഇയു (EU) ബ്ലൂ കാർഡ് ബാധകമല്ല.

12. https://ec.europa.eu/migrantskills/
13. വെബ്സൈറ്റ് https://nsdcindia.org/ എന്നതിൽ ആക്സസ് ചെയ്യാം
14. ഒരു നിർദ്ദിഷ്ട ഇയു (EU) രാജ്യത്ത് ഏതൊക്കെ നിയമങ്ങൾ ബാധകമാണ് എന്നതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾക്ക്, അടിക്കുറിപ്പ് 8-ൽ ലിങ്ക് ചെയ്തിരിക്കുന്ന ഇന്ററാക്റ്റീവ് മാപ്പിൽ നിങ്ങളുടെ ലക്ഷ്യസ്ഥാന രാജ്യം തിരഞ്ഞെടുക്കാം.

## ഇയു (EU) ബ്ലൂ കാർഡിന് അപേക്ഷിക്കാൻ ഞാൻ എന്തൊക്കെ നിബന്ധനകൾ പാലിക്കണം?




- നിങ്ങളുടെ വാർഷിക മൊത്ത ശമ്പളം, അതത് ഇയു (EU) എംഎസ് (MS) തീരുമാനിച്ച ശമ്പള പരിധി പാലിക്കണം. കൂടുതൽ പ്രതിഭകളെ ആകർഷിക്കുന്നതിനായി ഇയു (EU) അടുത്തിടെ ശമ്പള പരിധി കുറച്ചിട്ടുണ്ട്, കൂടാതെ അംഗ രാജ്യം അനുസരിച്ച് നിങ്ങളുടെ വാർഷിക മൊത്ത ശമ്പളം ദേശീയ ശരാശരി ശമ്പളത്തിന്റെ 1 മുതൽ 1.6 മടങ്ങ് വരെ മാത്രമായിരിക്കണം.
- ഒരു ഇയു (EU) രാജ്യത്തെ കുറഞ്ഞത് ആറ് മാസത്തേക്കുള്ള ഒരു തൊഴിൽ കരാറോ നിർബന്ധിത ജോലി ഓഫറോ നിങ്ങൾ ഹാജരാക്കണം.
- നിങ്ങളുടെ കൈവശം ആവശ്യമായ യാത്രാ രേഖകൾ ഉണ്ടായിരിക്കണം. നിങ്ങൾക്കും നിങ്ങളോടൊപ്പം ഇയുവിലേക്ക് (EU) വരുന്ന നിങ്ങളുടെ ബന്ധുക്കൾക്കും ആരോഗ്യ ഇൻഷുറൻസ് ഉണ്ടായിരിക്കണം.

## ഇയു (EU) ബ്ലൂ കാർഡ് ഉടമ എന്ന നിലയിൽ നിങ്ങളുടെ അവകാശങ്ങൾ എന്തൊക്കെയാണ്?




**01**

നിങ്ങൾക്ക് നിങ്ങളുടെ കുടുംബത്തെ ആശ്രിതരായി കൊണ്ടുവരാം

**02**

നിങ്ങൾക്ക് വിവിധ ഇയു (EU) രാജ്യങ്ങളിൽ യാത്ര ചെയ്യാനും ജോലി ചെയ്യാനും കഴിയും.

**03**

നിങ്ങൾക്ക് തൊഴിലാളികളുടെയോ തൊഴിലുടമകളുടെയോ പ്രതിനിധി സംഘടനകളിൽ ചേരാം

**04**

നിങ്ങൾക്ക് സാമൂഹിക സുരക്ഷയ്ക്കുള്ള അർഹതയുണ്ട്

## 3.6 നിങ്ങൾ ഒരു ഇന്റർ-കോർപ്പറേറ്റ് ട്രാൻസ്ഫറി (ഐസിടി (ICT)) ആണോ?

നിങ്ങൾ ഇന്ത്യയിലെ ഒരു കമ്പനിയിൽ ജോലി ചെയ്യുകയും അവർ നിങ്ങളെ ഇയുവിലെ (EU) ഒരു ബ്രാഞ്ച് ഓഫീസിലേക്ക് അസൈൻമെന്റിൽ അയയ്ക്കാൻ ഉദ്ദേശിക്കുകയുമാണെങ്കിൽ, നിങ്ങൾ ഒരു ഐസിടി (ICT) ആണ്.

### ഒരു ഐസിടി (ICT) ആയി ഇയുവിലേക്ക് (EU) പ്രവേശിക്കുന്നതിന്, നിങ്ങൾ ഇനിപ്പറയുന്നത് തെളിയിക്കേണ്ടതുണ്ട്:

- നിങ്ങളുടെ ട്രാൻസ്ഫറിനു മുമ്പ് 3–12 മാസമായി നിങ്ങൾ ഒരേ കമ്പനിയിൽ ജോലി ചെയ്യുന്നു (നിർദ്ദിഷ്ട ഇയു (EU) എംഎസ് (MS) ആവശ്യകതകളെ ആശ്രയിച്ച്).
- യൂറോപ്യൻ യൂണിയനിലെയും (EU) ഇന്ത്യയിലെയും കമ്പനി ഒരേ മാതൃ കമ്പനിയുടെ ശാഖകളാണെന്നതിന് നിങ്ങൾ തെളിവ് നൽകണം.
- നിങ്ങൾക്ക് ഒരു തൊഴിൽ കരാറും നിങ്ങളുടെ പദവി, തൊഴിൽ തീയതികൾ, ശമ്പളം, ബിസിനസ് ആവശ്യങ്ങൾക്കായി നിങ്ങൾ എന്തിനാണ് യാത്ര ചെയ്യേണ്ടത് എന്നിവയെക്കുറിച്ചുള്ള സ്ഥിരീകരണവും ഉണ്ട്.
- ഇയുവിൽ (EU) ഉള്ള സമയത്ത് നിങ്ങൾ എന്തുചെയ്യുമെന്ന് വ്യക്തമാക്കുന്ന ഒരു ക്ഷണക്കത്ത്. നിങ്ങൾ ഇയുവിലേക്ക് (EU) യാത്ര ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ അപേക്ഷയോടൊപ്പം ഒരു യാത്രാ രൂപരേഖയും ചേർക്കേണ്ടതുണ്ട്.
- നിങ്ങൾക്ക് ആവശ്യമായ പ്രൊഫഷണൽ പരിചയസമ്പത്തും യോഗ്യതകളും ഉണ്ട്.
- നിങ്ങൾക്ക് മതിയായ ആരോഗ്യ ഇൻഷുറൻസ് ഉണ്ട് അല്ലെങ്കിൽ ഉണ്ടായിരിക്കും.

ഇയുവിലെ (EU) നിങ്ങളുടെ അസൈൻമെന്റ് പൂർത്തിയാകുമ്പോൾ നിങ്ങളെ ഇന്ത്യയിലെ നിങ്ങളുടെ കമ്പനിയിലേക്ക് തിരികെ മാറ്റുമെന്നതിന്റെ തെളിവ് സഹിതം, ഇന്ത്യയിലെ നിങ്ങളുടെ തൊഴിലുടമയിൽ നിന്നുള്ള ഒരു നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഒരു അസൈൻമെന്റ് ലെറ്ററും ഹാജരാക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം.

### ഒരു ഐസിടി (ICT) പ്രൊഫഷണലിന്റെ മറ്റ് അവകാശങ്ങൾ

- നിങ്ങളുടെ ശമ്പളം സമാന തസ്തികകളിൽ ജോലി ചെയ്യുന്ന പൗരന്മാർ നേടുന്ന ശമ്പളത്തേക്കാൾ കുറവായിരിക്കരുത്.
- ഫാമിലി റീയൂണിഫിക്കേഷൻ നിയമങ്ങൾ അനുസരിച്ച് നിങ്ങളുടെ ആശ്രിത കുടുംബത്തെ കൊണ്ടുവരാവുന്നതാണ്.
- തൊഴിലാളികളെയോ തൊഴിലുടമകളെയോ പ്രതിനിധീകരിക്കുന്ന സ്ഥാപനങ്ങളിൽ നിങ്ങൾക്ക് ചേരാനോ അസോസിയേറ്റ് ചെയ്യാനോ കഴിയും.
- നിങ്ങൾ ഇയു (EU) രാജ്യവും ഇന്ത്യയും[15] തമ്മിലുള്ള കരാറിനെ ആശ്രയിച്ച് നിങ്ങൾക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ആക്സസ് ചെയ്യാൻ കഴിയും.

ഈ വിസ വിഭാഗത്തിൽ മാനേജർമാർക്കും സ്പെഷ്യലിസ്റ്റുകൾക്കും പരമാവധി 3 വർഷവും ട്രെയിനി ജീവനക്കാർക്ക്[16] 1 വർഷവുമാണ് അനുവദിച്ചിട്ടുള്ളത്.

## 3.7 നിങ്ങൾ ഒരു സംരംഭകനാണോ അതോ സ്വയം തൊഴിൽ ചെയ്യുന്നയാളാണോ?

2025 ലെ കണക്കനുസരിച്ച്, 18-ലധികം ഇയു (EU) അംഗരാജ്യങ്ങൾക്ക് ഇയു (EU) ഇതര സ്ഥാപകർക്കായി പ്രത്യേകം സ്റ്റാർട്ടപ്പ് അല്ലെങ്കിൽ സംരംഭക വിസ സ്കീമുകൾ ഉണ്ട്. ഇയു (EU) അംഗരാജ്യങ്ങളിൽ ഇയു (EU) പൗരന്മാരല്ലാത്തവരെ / സ്റ്റാർട്ടപ്പ് ജീവനക്കാരെ പ്രവേശിപ്പിക്കുന്നതിന് പ്രത്യേക വിസയും താമസാനുമതിയും നിലവിലുണ്ടാകാം.

ഒരു ഇയു (EU) രാജ്യത്ത് ഒരു പുതിയ കമ്പനി ആരംഭിക്കുന്നതിനോ നിങ്ങളുടെ ബിസിനസ് വികസിപ്പിക്കുന്നതിനോ, ആ പ്രത്യേക രാജ്യത്ത് ഒരു കമ്പനി സ്ഥാപിക്കുന്നതിന് ബാധകമായ നിയമങ്ങളും പ്രസക്തമായ ദേശീയ കോൺടാക്റ്റ് പോയിന്റും നിങ്ങൾ അറിഞ്ഞിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്, ഇയുവിൽ (EU) ബിസിനസ് ആരംഭിക്കുന്നത് സംബന്ധിച്ച വെബ്പേജ്[17] സന്ദർശിച്ച്, നിങ്ങളാഗ്രഹിക്കുന്ന രാജ്യം തിരഞ്ഞെടുക്കുക.

വ്യക്തിഗതമോ പ്രൊഫഷണലോ ആയ നെറ്റ്‌വർക്കുകളിൽ നിന്നുള്ള പിന്തുണയും പരിഗണിച്ചേക്കാം. ചില സാഹചര്യങ്ങളിൽ, ദേശീയ ബിസിനസ്, ഇമിഗ്രേഷൻ ചട്ടങ്ങൾക്ക് വിധേയമായി വിസ അല്ലെങ്കിൽ താമസ അപേക്ഷയെ പിന്തുണയ്ക്കുന്നതിനുവേണ്ടി, സാധ്യമായ ഒരു മാർഗമായി ഇയു (EU) പൗരന്മാരുമായോ സ്ഥിര താമസക്കാരുമായോ സഹകരിച്ച് ഒരു കമ്പനി സ്ഥാപിക്കുന്നത് പരിഗണിക്കപ്പെട്ടേക്കാം

### സംരംഭകർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമുള്ള പൊതുവായ ആവശ്യകതകൾ

സംരംഭകർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമുള്ള പൊതുവായ ആവശ്യകതകളുടെ ഒരു പട്ടികയാണിത്. നിർദ്ദിഷ്ട ആവശ്യകതകൾക്ക്, അതാത് അംഗ രാജ്യങ്ങളെ ബന്ധപ്പെടുക.

ഇന്ത്യയും ഇയുവും (EU) തമ്മിൽ അഡ്മിഷനുകൾ സുഗമമാക്കുന്നതിനായും സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്കായും എടുത്തിട്ടുള്ള നടപടികളെ കുറിച്ച്

15. ഇന്ത്യയുമായി സജീവ സാമൂഹിക സുരക്ഷാ കരാറുകളുള്ള രാജ്യങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ https://www.epfindia.gov.in/site_en/International_workers.php എന്നതിൽ ലഭ്യമാണ്.
16. https://home-affairs.ec.europa.eu/policies/migration-and-asylum/eu-immigration-portal/what-category-do-i-fit_en
17. https://europa.eu/youreurope/business/running-business/start-ups/starting-business/index_en.htm

## സംരംഭകർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഉള്ള ആവശ്യകതകൾ

- ഒരു ബിസിനസ് ലൈസൻസ്
- നൂതനവും വിപുലീകരിക്കാവുന്നതുമായ ബിസിനസിനായുള്ള ഒരു ബിസിനസ് പ്ലാൻ
- കഴിഞ്ഞ ആറ് മാസത്തെ കമ്പനിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്
- ആദായ നികുതി റിട്ടേണുകൾ
- കമ്പനികളിൽ നിന്നുള്ള ഏതെങ്കിലും കരാറുകൾ അല്ലെങ്കിൽ കമ്മീഷനുകൾ
- ആവശ്യമായ ലൈസൻസുകൾ അല്ലെങ്കിൽ രജിസ്ട്രേഷനുകൾ
- ഏറ്റവും കുറഞ്ഞ മൂലധന നില
- ഇൻഷുറൻസ്
- പ്രസക്തമായ വൈദഗ്ധ്യങ്ങളുടെയും യോഗ്യതകളുടെയും തെളിവ്
- ഭാഷാ നൈപുണ്യം



2020-ൽ നടത്തിയ ഒരു പഠനത്തിൽ തിരിച്ചറിഞ്ഞിട്ടുള്ള കൂടുതൽ വിശദമായ വിവരങ്ങൾ ഈ ലിങ്കിൽ കാണാം: https://www.ilo.org/newdelhi/whatwedo/publications/WCMS_766953/lang--en/index.htm. എന്നിരുന്നാലും, ഈ പഠനം പ്രസിദ്ധീകരിച്ച സമയം മുതൽ സംഭവിച്ചിരിക്കാവുന്ന ഏതൊരു സംഭവവികാസങ്ങളും നിങ്ങൾ ശ്രദ്ധാപൂർവം പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

## 3.8 നിങ്ങൾ ഒരു സീസണൽ തൊഴിലാളിയാണോ?

വർഷത്തിലെ ഒരു പ്രത്യേക സമയത്ത് മാത്രം ചെയ്യാൻ കഴിയുന്ന ഒരു ജോലി ചെയ്യുകയാണെങ്കിൽ, അല്ലെങ്കിൽ സ്ഥിരം ജീവനക്കാർക്കുള്ള അവധിക്കാല പകരക്കാരായി ജോലി ചെയ്യാൻ പോകുകയാണെങ്കിൽ, ഒരു സീസണൽ തൊഴിലാളി എന്ന നിലയിൽ താമസാനുമതി ലഭിക്കും.

സീസണൽ തൊഴിലാളികൾക്ക് തൊഴിൽ വിസ നേടുന്നതിനുള്ള പ്രക്രിയ ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കുള്ള പ്രക്രിയയ്ക്ക് സമാനമാണ്. തൊഴിൽ കരാറിന്റെ കാലാവധി വരെ വിസകൾക്ക് സാധുതയുണ്ട്, ഒമ്പത് മാസത്തിൽ കൂടാനും പാടില്ല[18].

ഇയുവിലെ (EU) സീസണൽ തൊഴിൽ, സാധാരണയായി വാഗ്ദാനം ചെയ്യുന്ന ഹ്രസ്വകാലത്തേക്ക് സാമ്പത്തികമായി ഗുണകരമാകണമെന്നില്ല എന്ന കാര്യം നിങ്ങൾ അറിഞ്ഞിരിക്കണം, കാരണം കുടിയേറ്റ ചെലവുകൾ മറികടക്കുന്നതിനും ഗണ്യമായി സമ്പാദിക്കുവാനും പണമയയ്ക്കാനും മതിയായ വരുമാനം നേടാൻ ഇത് അനുവദിച്ചേക്കില്ല. അതിനാൽ തന്നെ സീസണൽ തൊഴിൽ സംബന്ധിച്ച തീരുമാനം സാമ്പത്തിക കാര്യങ്ങൾ പരിഗണിച്ച് ശ്രദ്ധാപൂർവ്വം എടുക്കണം.

### സീസണൽ വർക്ക് വിസ ലഭിക്കാൻ, നിങ്ങൾ ഇനിപ്പറയുന്നവ തെളിയിക്കേണ്ടതുണ്ട്:

- നിങ്ങൾക്ക് ഒരു തൊഴിൽ കരാർ ഉണ്ട്
- നിങ്ങളുടെ പേരിൽ തൊഴിലുടമ വിസയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്
- നിങ്ങൾ പോകുന്ന രാജ്യത്ത് അനുയോജ്യമായ താമസ സൗകര്യം നിങ്ങൾക്കുണ്ട്

18. https://home-affairs.ec.europa.eu/policies/migration-and-asylum/eu-immigration-portal/what-category-do-i-fit_en

- നിങ്ങളുടെ യാത്രാ ചെലവിനായുള്ള തുക ലഭ്യമാണ്
- ജോലി പൂർത്തിയായിക്കഴിഞ്ഞാൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തേക്ക് മടങ്ങും. ചില സാഹചര്യങ്ങളിൽ, നിങ്ങൾക്ക് മറ്റൊരു നിയമപരമായ തൊഴിൽ കരാർ നേടാൻ കഴിഞ്ഞേക്കും, അത് നിങ്ങളുടെ വിസ പുതുക്കാനും താമസിക്കാൻ അനുമതി നൽകാനും നിങ്ങളെ യോഗ്യമാക്കും.

ഇയുവിലെ (EU) സീസണൽ തൊഴിൽ, സാധാരണയായി വാഗ്ദാനം ചെയ്യുന്ന ഹ്രസ്വകാലത്തേക്ക് സാമ്പത്തികമായി ഗുണകരമാകണമെന്നില്ല എന്ന കാര്യം നിങ്ങൾ അറിഞ്ഞിരിക്കണം, കാരണം കുടിയേറ്റ ചെലവുകൾ മറികടക്കുന്നതിനും ഗണ്യമായി സമ്പാദിക്കുവാനും പണമയയ്ക്കാനും മതിയായ വരുമാനം നേടാൻ ഇത് അനുവദിച്ചേക്കില്ല. അതിനാൽ തന്നെ സീസണൽ തൊഴിൽ സംബന്ധിച്ച തീരുമാനം സാമ്പത്തിക കാര്യങ്ങൾ പരിഗണിച്ച് ശ്രദ്ധാപൂർവ്വം എടുക്കണം.

## 3.9 നിങ്ങൾ കുടുംബാംഗങ്ങളെ സ്പോൺസർ ചെയ്യുന്നുണ്ടോ?

ഒരു ഇയു (EU) രാജ്യത്തിലെ നിയമപരമായ താമസക്കാരന്, സ്വന്തം വിസ സാധുവായിരിക്കുന്നിടത്തോളം, ഫാമിലി റീയൂണിഫിക്കേഷന് കീഴിൽ ഇയു (EU) എംഎസ്സിലേക്ക് (MS) വരാൻ കുടുംബാംഗങ്ങളെ സ്പോൺസർ ചെയ്യാം.

### നിങ്ങൾക്ക് കൊണ്ടുവരാൻ അനുവാദമുള്ള കുടുംബാംഗങ്ങൾ[19]:

- നിങ്ങളുടെ രജിസ്റ്റർ ചെയ്ത ജീവിതപങ്കാളി (ഭർത്താവ് അല്ലെങ്കിൽ ഭാര്യ).
- നിങ്ങളുടെ വിവാഹം കഴിക്കാത്ത പങ്കാളി.
- നിങ്ങളുടെ മാതാപിതാക്കൾ അല്ലെങ്കിൽ നിങ്ങളുടെ ജീവിതപങ്കാളിയുടെ മാതാപിതാക്കൾ (അവർ ആശ്രിതരും മാതൃരാജ്യത്ത് കുടുംബ പിന്തുണ ഇല്ലാത്തവരുമായിരിക്കണം).
- നിങ്ങളുടെയോ നിങ്ങളുടെ ജീവിതപങ്കാളിയുടെയോ പ്രായപൂർത്തിയായ കുട്ടികൾ, അവിവാഹിതരായ കുട്ടികൾ, അല്ലെങ്കിൽ സ്വന്തം ആരോഗ്യസ്ഥിതി കാരണം സ്വയം പരിപാലിക്കാൻ കഴിയാത്ത കുട്ടികൾ.

### ആശ്രിതരെ കൊണ്ടുവരാൻ, നിങ്ങൾ ഇവ തെളിയിക്കേണ്ടതുണ്ട്:

- നിങ്ങൾക്ക് മതിയായ താമസ സൗകര്യമുണ്ട്.
- നിങ്ങളുടെ ആശ്രിതർക്കുള്ള ഇൻഷുറൻസ് പരിരക്ഷ ഉൾപ്പെടെയുള്ള ആരോഗ്യ ഇൻഷുറൻസ് നിങ്ങൾക്കുണ്ട്.
- നിങ്ങൾക്ക് മതിയായതും പതിവായതും സ്ഥിരതയുള്ളതുമായ വരുമാനമുണ്ട്.
- നിങ്ങൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും നിങ്ങൾ പോകുന്ന രാജ്യത്തെ കുറിച്ചുള്ള ഭാഷാ പരിജ്ഞാന പരിശോധനകളോ മറ്റ് പരിജ്ഞാന പരിശോധനകളോ വിജയിക്കേണ്ടിയും വരാം. ഇതിൽ വാചിക പരീക്ഷയോ എഴുത്തുപരീക്ഷയോ ഉൾപ്പെടാം, നിയമങ്ങൾ രാജ്യത്തിനനുസരിച്ച് വ്യത്യാസപ്പെടാം.

### ആശ്രിത/ൻ ആയ കുട്ടിക്ക് ഇയുവിൽ (EU) ഒറ്റയ്ക്ക് പ്രവേശിക്കണമെങ്കിൽ, ഇനിപ്പറയുന്ന രേഖകളും ആവശ്യമാണ്:

- ജനന സർട്ടിഫിക്കറ്റ്.
- മാതാപിതാക്കൾ ഒപ്പിട്ട അപേക്ഷാ ഫോം.
- മാതാപിതാക്കളിൽ ഒരാൾക്ക് പൂർണ്ണ സംരക്ഷണാവകാശമുണ്ടെങ്കിൽ കുടുംബ കോടതിയുടെ ഉത്തരവ്.
- മാതാപിതാക്കളുടെ സ്വകാര്യ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
- പ്രായപൂർത്തിയാകാത്ത കുട്ടി ഒറ്റയ്ക്കാണ് യാത്ര ചെയ്യുന്നതെങ്കിൽ മാതാപിതാക്കളുടെ അനുമതിപത്രം.

## 3.10 ഇയുവിൽ (EU) ജോലി ചെയ്യുന്നതിനുള്ള വിസയ്ക്ക് എപ്പോൾ അപേക്ഷിക്കണം?

നിങ്ങൾ ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന ഇയു (EU) രാജ്യത്തേക്കുള്ള യാത്രയ്ക്ക് കുറഞ്ഞത് രണ്ട് മാസം മുമ്പെങ്കിലും വിസ അപേക്ഷ ആരംഭിക്കണം (യാത്രാ തീയതിക്ക് ആറ് മാസം മുമ്പ് വരെ വിസ അപേക്ഷകൾ സമർപ്പിക്കാം). ചിലപ്പോൾ, പ്രക്രിയ പൂർത്തിയാകാൻ 12 ആഴ്ച വരെ എടുക്കാം. നിങ്ങളുടെ ജോലിയുടെ ആവശ്യത്തിനായി സാധുതയുള്ള ഒരു വിസ ലഭിക്കാൻ സഹായിക്കുന്ന ഒരു തൊഴിൽ കരാർ സാധാരണയായി നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ഇയു (EU) എംഎസ്സിലേക്ക് (MS) പ്രവേശിക്കാൻ വിസ നിങ്ങളെ അനുവദിക്കും, അവിടെ നിങ്ങൾക്ക് താമസാനുമതി (അല്ലെങ്കിൽ താമസിക്കാനുള്ള അനുമതി) ലഭിക്കും.

നിങ്ങൾക്ക് ഒരു ഷെങ്കൻ ഇതര രാജ്യത്ത് (അയർലൻഡ് അല്ലെങ്കിൽ സൈപ്രസ്) തൊഴിൽ കരാർ ഉണ്ടെങ്കിൽ, ആവശ്യമായ വിസയുടെ തരം ഷെങ്കൻ രാജ്യങ്ങൾ നൽകുന്ന സ്റ്റാൻഡേർഡ് വിസകളിൽ നിന്ന് വ്യത്യസ്തമായിരിക്കും, കൂടാതെ നിർദ്ദിഷ്ട രാജ്യത്ത് നിന്ന് നിങ്ങൾ കൂടുതൽ വിശദാംശങ്ങൾ നേടേണ്ടതുണ്ട്.

19. ഒരു നിർദ്ദിഷ്ട ഇയു (EU) രാജ്യത്ത് നിങ്ങളോടൊപ്പം ചേരാൻ കഴിയുന്ന കുടുംബാംഗങ്ങളെ കുറിച്ചും നിങ്ങൾ പാലിക്കേണ്ട നിർദ്ദിഷ്ട മാനദണ്ഡങ്ങളെയും നടപടിക്രമങ്ങളെയും കുറിച്ചും ഉള്ള വിശദമായ വിവരങ്ങൾക്ക്, https://ec.europa.eu/immigration/ node_en എന്നതിൽ ലഭ്യമായ ഇന്ററാക്റ്റീവ് മാപ്പ് ഉപയോഗിക്കുക.


## 3.11 ഇയുവിൽ (EU) തൊഴിൽ വിസയ്ക്ക് അപേക്ഷിക്കാൻ

### ഇയു (EU) വർക്ക് വിസ ലഭിക്കുന്നതിനുള്ള ഘട്ടങ്ങൾ

- **ഘട്ടം 1:** നിങ്ങൾ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ഇയു (EU) എംഎസ്സിലേക്ക് (MS) ലഭ്യമായ വ്യത്യസ്ത തൊഴിൽ വിസ ഓപ്ഷനുകൾ പരിശോധിക്കുക
- **ഘട്ടം 2:** തൊഴിൽ വിസയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുക; ഇതിൽ ഇൻഷുറൻസ്, പ്രൊഫഷണൽ സർട്ടിഫിക്കേഷനുകൾ അല്ലെങ്കിൽ ഭാഷാ പ്രാവീണ്യം എന്നിവ ഉണ്ടെന്നതിനുള്ള തെളിവുകൾ ഉൾപ്പെടാം
- **ഘട്ടം 3:** വിസയ്ക്ക് അപേക്ഷിക്കുമ്പോൾ ആവശ്യമായ രേഖകൾക്കായി നിർദ്ദിഷ്ട അംഗരാജ്യ എംബസി വെബ്സൈറ്റുകളിലെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ പരിശോധിക്കുക. വിസ ഫീസിനൊപ്പം നിങ്ങളുടെ എല്ലാ രേഖകളും സഹിതം എംബസിയിലോ നിയുക്ത കേന്ദ്രത്തിലോ വിസയ്ക്ക് അപേക്ഷിക്കുക. മിക്ക സാഹചര്യങ്ങളിലും, വിസയ്ക്ക് അപേക്ഷിക്കുന്നതിനു മുമ്പ് നിങ്ങൾക്ക് ഒരു ജോലി ഓഫർ ആവശ്യമായി വരും; നിങ്ങളുടെ അഭിമുഖത്തിനുള്ള അപ്പോയിന്റ്മെന്റ് ഷെഡ്യൂൾ ചെയ്യുന്നതിനു മുമ്പ് ഇത് ഉണ്ടെന്ന് ഉറപ്പാക്കുക
- **ഘട്ടം 4:** ആവശ്യമായ എല്ലാ രേഖകളുമായി അഭിമുഖത്തിൽ പങ്കെടുക്കുക
- **ഘട്ടം 5:** എംബസിയിൽ നിന്നുള്ള മറുപടിക്കായി കാത്തിരിക്കുക

വർക്ക് വിസ ലഭിക്കുന്നതിന് നിങ്ങൾ നൽകേണ്ട അടിസ്ഥാന ആവശ്യകതകൾ മാത്രമാണിവയെന്നത് ദയവായി ശ്രദ്ധിക്കുക. ഓരോ ഇയു (EU)

### ഇയു (EU) ഇമിഗ്രേഷൻ പോർട്ടൽ






**പട്ടിക 2:** ഇയുവിലേക്ക് (EU) യാത്ര ചെയ്യുന്നതിന് ആവശ്യമായ രേഖകളും തയ്യാറെടുപ്പിന്റെ ഘട്ടവും

| സ്റ്റേജ് | ആവശ്യമായ രേഖ | ഡോക്യുമെന്റിന് എവിടെ അപേക്ഷിക്കണം? |
|---|---|---|
| പ്രീ-അപേക്ഷ | പാസ്‌പോർട്ട് | പാസ്‌പോർട്ട് ഓഫീസുകൾ |
| | യോഗ്യതകളുടെയും പരിചയസമ്പത്തിന്റെയും സർട്ടിഫിക്കറ്റുകൾ ശരിയാംവിധം വിവർത്തനം ചെയ്ത് സാക്ഷ്യപ്പെടുത്തിയത് | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലുടമകൾ |
| പുറപ്പെടുന്നതിനു മുമ്പ് | ഇയുവിലെ (EU) തൊഴിൽ കരാർ | തൊഴിലുടമ, റിക്രൂട്ടിംഗ് ഏജൻസി |
| | എംഎസ് (MS)-ന്റെ നാഷണൽ വിസ | ഇയു (EU) എംഎസ് (MS) ദേശീയ എംബസികളും കോൺസുലാർ സേവനങ്ങളും |
| | റിട്ടേൺ ടിക്കറ്റ്, ഹോട്ടൽ ബുക്കിംഗ് | വിവിധ പൊതു, സ്വകാര്യ സേവന ദാതാക്കൾ |
| എത്തിയതിനു ശേഷം | റെസിഡൻസ് പെർമിറ്റ്, താമസാനുമതി, ദേശീയ ആരോഗ്യ, ക്ഷേമ സംവിധാനത്തിനായുള്ള രജിസ്ട്രേഷൻ | പ്രാദേശിക അതോറിറ്റികൾ (നഗര കൗൺസിലുകൾ, പ്രാദേശിക സാനിറ്ററി യൂണിറ്റുകൾ, പ്രാദേശിക ക്ഷേമ ഓഫീസുകൾ, പോലീസ് ഓഫീസുകൾ മുതലായവ) |

അംഗരാജ്യത്തിനും നിങ്ങൾ ശ്രദ്ധാപൂർവ്വം അന്വേഷിച്ച് മനസ്സിലാക്കേണ്ട പ്രത്യേക ആവശ്യകതകളുണ്ട്[20].

കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾ ലക്ഷ്യമിടുന്ന ഇയു (EU) അംഗരാജ്യത്തിന്റെ എംബസി വെബ്‌സൈറ്റും പരിശോധിക്കേണ്ടതാണ്.

നിങ്ങളുടെ അപേക്ഷ നേരിട്ട് എംബസിയിൽ സമർപ്പിക്കേണ്ടിവന്നേക്കില്ല, കൃത്യമായി തീയതി രേഖപ്പെടുത്തി നിങ്ങൾ ഒപ്പിട്ട ഒരു പവർ ഓഫ് അറ്റോർണി വഴി നിങ്ങളുടെ പേരിൽ അപേക്ഷ സമർപ്പിക്കാൻ ഒരു മൂന്നാം കക്ഷിയെ ഏർപ്പെടുത്താൻ കഴിയും. എന്നിരുന്നാലും, ഒരു അഭിമുഖത്തിന് നിങ്ങൾ നേരിട്ട് ഹാജരാകേണ്ടി വന്നേക്കാം.

ഇയു (EU) തൊഴിൽ വിസയ്ക്ക് അപേക്ഷിക്കുന്നതിനുള്ള സാധാരണ നടപടിക്രമം ഇതാണെന്നത് ഓർമ്മിക്കുക. കൃത്യമായ വിസ പ്രക്രിയ ഓരോ എംഎസ് (MS)-ലും വ്യത്യാസപ്പെട്ടാം.

## 3.12 ഇയുവിൽ (EU) ഒരു തൊഴിൽ വിസയ്ക്ക് എത്ര കാലത്തേക്ക് സാധുതയുണ്ട്?

മുമ്പ് സൂചിപ്പിച്ചതുപോലെ, ഇയുവിനായി (EU) ഹ്രസ്വകാല, ദീർഘകാല വിസകൾ ലഭ്യമാണ്.

ടൈപ്പ് സി വിസ (ഇത് ഒരു വർക്ക് വിസയല്ല) എന്നറിയപ്പെടുന്ന ഒരു ഷോർട്ട്-സ്റ്റേ വിസ, 180 ദിവസത്തിനുള്ളിൽ 90 ദിവസം വരെ ഷെങ്കൻ പ്രദേശത്ത് തുടരാൻ ഉടമയെ അനുവദിക്കുന്നു. ഈ വിസ താഴെ പറയുന്ന തരത്തിലാകാം:

**സിംഗിൾ എൻട്രി വിസ:** പാസ്‌പോർട്ടിലെ വിസ സ്റ്റിക്കറിൽ സൂചിപ്പിച്ചിരിക്കുന്ന കാലയളവിനുള്ളിൽ ഒരു തവണ മാത്രമേ ഷെങ്കൻ മേഖലയിൽ പ്രവേശിക്കാൻ ഈ വിസ ഉടമയെ അനുവദിക്കുകയുള്ളൂ.

**ഡബിൾ എൻട്രി വിസ:** ഈ വിസ മിക്കവാറും സിംഗിൾ-എൻട്രി വിസയുടെ അതേ രീതിയിലാണ് പ്രവർത്തിക്കുന്നത്, എന്നാൽ ഷെങ്കൻ പ്രദേശം വിട്ടുപോയതിനു ശേഷം ഒരിക്കൽ കൂടി അവിടേക്ക് മടങ്ങാൻ ഇത് അനുവദിക്കുന്നു.

### ഷെങ്കർ വിസ സ്പെസിമെൻ കോപ്പി




**മൾട്ടിപ്പിൾ എൻട്രി വിസ:** 180 ദിവസ കാലയളവിൽ 90 ദിവസത്തിൽ കൂടുതൽ ഷെങ്കൻ പ്രദേശത്ത് ഇല്ലാത്തിടത്തോളം, ഈ വിസ ഉടമയ്ക്ക് എത്ര തവണ വേണമെങ്കിലും ഷെങ്കൻ പ്രദേശത്തിന് അകത്തേക്കും പുറത്തേക്കും പോകാനുള്ള അനുമതി നൽകുന്നു.

20. കൂടുതൽ വിവരങ്ങൾക്ക് ഈ സൈറ്റ് പരിശോധിക്കുക: https://ec.europa.eu/immigration/node_en

90 ദിവസത്തിൽ കൂടുതൽ ഇയുവിൽ (EU) തുടരാൻ ഉദ്ദേശിക്കുകയും, റെസിഡൻസ് പെർമിറ്റ് ഇല്ലാതിരിക്കുകയും ചെയ്താൽ, ഷെങ്കൻ രാജ്യങ്ങളിൽ ദേശീയ ദീർഘകാല വിസ അല്ലെങ്കിൽ ടൈപ്പ് ഡി വിസ നിർബന്ധമാണ്. ഈ വിസ സാധാരണയായി ഒരു ഷെങ്കൻ രാജ്യത്ത് പഠിക്കുന്ന, ജോലി ചെയ്യുന്ന അല്ലെങ്കിൽ സ്ഥിരമായി താമസിക്കുന്ന വ്യക്തികൾക്കാണ് അനുവദിക്കുന്നത്.

നിങ്ങളുടെ വിസയുടെ സാധുത, മറ്റ് ചില വിശദാംശങ്ങൾ എന്നിവ നിങ്ങളുടെ പാസ്‌പോർട്ടിൽ[21] പതിച്ചിരിക്കുന്ന വിസ സ്റ്റിക്കറിൽ എഴുതിയിരിക്കും.

ഒരു ദേശീയ വിസ (റെസിഡൻസി പെർമിറ്റ്) സിംഗിൾ-എൻട്രി അല്ലെങ്കിൽ മൾട്ടിപ്പിൾ-എൻട്രി വിസയും ആകാം.

- ഒരു നിശ്ചിത കാലയളവിലേക്ക്, ഒരൊറ്റ ആവശ്യത്തിനായി, തങ്ങൾ പോകാനാഗ്രഹിക്കുന്ന രാജ്യത്ത് താമസിക്കേണ്ടവർക്ക് സിംഗിൾ എൻട്രി വിസകൾ അനുവദിക്കും, അതിനുശേഷം അവർ അവരുടെ മാതൃ രാജ്യത്തേക്ക് മടങ്ങണം.
- മൾട്ടിപ്പിൾ-എൻട്രി നാഷണൽ വിസകൾ ഉടമയെ അവർ താമസിക്കുന്ന രാജ്യത്തിന് അകത്തേക്കും പുറത്തേക്കും യാത്ര ചെയ്യാനും അധിക വിസ ആവശ്യകതകളില്ലാതെ മുഴുവൻ ഷെങ്കൻ പ്രദേശത്തും സഞ്ചരിക്കാനും അനുവദിക്കുന്നു.

## 3.13 നിങ്ങളുടെ ഇയു (EU) വർക്ക് പെർമിറ്റ് നീട്ടൽ

മിക്ക ഇയു (EU) രാജ്യങ്ങളിലും, നിങ്ങളുടെ നിലവിലുള്ള തൊഴിൽ കരാർ ദീർഘിപ്പിക്കുകയോ പുതിയൊരു തൊഴിൽ കരാർ ലഭിക്കുകയോ ചെയ്താൽ നിങ്ങളുടെ ഇയു (EU) വർക്ക് പെർമിറ്റ് നീട്ടാൻ നിങ്ങൾക്ക് കഴിയും. നിങ്ങളുടെ വിസയുടെയോ താമസ പെർമിറ്റിന്റെയോ കാലാവധി തീരുന്നതിന് മുമ്പ്, നിങ്ങളുടെ ഇയു (EU) എംഎസ് (MS) ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കേണ്ട ഒരു അപേക്ഷാ പ്രക്രിയയും ആവശ്യമായ രേഖകളും ഉണ്ട്. വിസ നീട്ടുന്നതിനുള്ള പ്രാദേശിക നടപടിക്രമങ്ങളെ കുറിച്ച് ട്രേഡ് യൂണിയനുകളുമായും കുടിയേറ്റ അസോസിയേഷനുകളുമായും കൂടിയാലോചിക്കുന്നത് നിങ്ങൾക്ക് ഉപയോഗപ്രദമാകാം.

**കുറിപ്പ്**

***നിങ്ങളുടെ വിസ അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞും ഇവിടെ തങ്ങുകയോ ശരിയായ ചാനലുകളിലൂടെ കടന്നുപോകാതിരിക്കുകയോ ചെയ്താൽ, നിങ്ങളെ ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരനായി കണക്കാക്കും. തൽഫലമായി, ജോലിസ്ഥലത്ത് നിങ്ങൾ ഗുരുതരമായ ചൂഷണത്തിന് വിധേയമാകാനുള്ള സാധ്യതയുണ്ട്, കൂടാതെ നിങ്ങൾ കടുത്ത ഒറ്റപ്പെടലിനും ദാരിദ്ര്യത്തിനും ഇരയാകാനും സാധ്യതയുണ്ട്. ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരൻ എന്ന നിലയിൽ, നിങ്ങളെ ഒടുവിൽ ഇന്ത്യയിലേക്ക് നാടുകടത്തും.***

21. https://schengenvisainfo.com/sticker/

## കേസ് സ്റ്റഡി – 2

ഒമ്പത് മാസത്തേക്ക് സാധുതയുള്ള സീസണൽ വർക്കർ പെർമിറ്റിൽ അമർ ഒരു യൂറോപ്യൻ യൂണിയൻ (EU) അംഗരാജ്യത്ത് ഒരു ഫാം വർക്കർ ആയി പ്രവേശിച്ചു. ഈ കാലയളവിനു ശേഷം, ചില സുഹൃത്തുക്കൾ വഴി മറ്റൊരു ഫാമിൽ ജോലി കണ്ടെത്തിയ അദ്ദേഹം, റിക്രൂട്ട്മെന്റ്, വിസ, യാത്ര എന്നിവയ്ക്കായി ഏജന്റിന് നൽകാൻ പണം കടം വാങ്ങിയതിന്റെ ബാധ്യതയുള്ളതിനാൽ ഇന്ത്യയിലേക്ക് മടങ്ങേണ്ടെന്ന് തീരുമാനിച്ചു. ഒമ്പത് മാസം ജോലി ചെയ്തിട്ടും ഈ തുകകൾ തിരിച്ചടയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ പുതിയ തൊഴിലുടമ അദ്ദേഹത്തിന്റെ രേഖകൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തിക്കൊണ്ടിരുന്നു, രണ്ട് വർഷത്തിന് ശേഷവും അമറിന് കരാർ ഉണ്ടായിരുന്നില്ല, ഔദ്യോഗികമായി വിസ നീട്ടിക്കൊടുത്തതുമില്ല. തൽഫലമായി, അദ്ദേഹം ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരനായി മാറി. തൊഴിലുടമ വാഗ്ദാനം ചെയ്തതിലും കുറഞ്ഞ വേതനം നൽകുകയും ക്രമേണ പല അധിക ജോലികളും ചെയ്യാൻ അദ്ദേഹത്തെ നിർബന്ധിക്കുകയും ചെയ്തു.

ജീവിതച്ചെലവ് പങ്കിടുന്ന സുഹൃത്തുക്കളോടൊപ്പമാണ് അമർ താമസിച്ചിരുന്നതെങ്കിലും, മുഴുവൻ വാടകയും നൽകാൻ കഴിയാത്തതിനാൽ അവർ അദ്ദേഹത്തെ വീട്ടിൽ കൂടുതൽ ജോലി ചെയ്യാൻ നിർബന്ധിച്ചു. മുമ്പത്തെപ്പോലെ വരുമാനം ഇല്ലാതായതിനാൽ അമറിന് വീട്ടിലേക്ക് പണം അയയ്ക്കുന്നതും കൂടുതൽ ബുദ്ധിമുട്ടായി. നീണ്ടസമയം ജോലി ചെയ്തിരുന്നതിനാലും പൊതുജനാരോഗ്യ സംരക്ഷണം തേടാൻ ധൈര്യപ്പെടാതിരുന്നതിനാലും ആരോഗ്യം വഷളാകുന്നതായും അദ്ദേഹം മനസ്സിലാക്കി. തടവും നാടുകടത്തലും ഭയന്ന അദ്ദേഹം ഒരു അധികാരിയെയും സമീപിച്ചില്ല. വിസ കാലാവധി കഴിഞ്ഞതിനാലും സ്ഥിരം കരാർ ലഭിക്കാത്തതിനാലും ഈ ജോലി വിടുക എന്നത് ഒരു ഓപ്ഷനായിരുന്നില്ല.



**അമറിന് ഇനി എന്ത് ചെയ്യാൻ കഴിയും? ഇവയാണ് അദ്ദേഹത്തിനുള്ള ചില ഓപ്ഷനുകൾ.**

- ഉപദേശത്തിനും സഹായത്തിനുമായി സോഷ്യൽ സർവീസസിനെ സമീപിക്കുക.
- നിയമപരമായി ജോലി ചെയ്യാനും ജീവിക്കാനും ആവശ്യമായ പേപ്പറുകൾ ലഭിക്കുന്നതിന് തൊഴിലുടമയുമായി ഒരു കരാറിൽ ഏർപ്പെടുന്നതിന് ഒരു അഭിഭാഷകന്റെ സഹായം തേടുക.
- താമസിക്കുന്ന രാജ്യത്തെ ഇന്ത്യൻ എംബസിയിൽ എത്തി, സ്വമേധയാ ഇന്ത്യയിലേക്ക് മടങ്ങാൻ മടങ്ങാനുള്ള ഓപ്ഷൻ തിരഞ്ഞെടുക്കുക.

നിങ്ങളുടെ വിസയും താമസാനുമതിയും കൃത്യസമയത്ത് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, പ്രത്യേകിച്ച് നിങ്ങളുടെ വിസ അല്ലെങ്കിൽ തൊഴിൽ കരാർ കാലഹരണപ്പെടുന്നതിനു മുമ്പ്. നിങ്ങളുടെ തൊഴിൽ കരാറിന്റെ കാലാവധി സമയത്ത് ഒരു ചെറിയ അവധിക്കാലം ആഘോഷിക്കാൻ ഇന്ത്യയിലേക്ക് മടങ്ങുകയാണെങ്കിൽ, നിങ്ങൾ ജോലി ചെയ്യുന്ന രാജ്യത്തേക്ക് മടങ്ങുന്നതിനു മുമ്പ് നിങ്ങളുടെ വിസയുടെ സാധുത കാലഹരണപ്പെടുന്നില്ലെന്ന് ഉറപ്പാക്കുക.

# 04 ഇയുവിൽ (EU) ജോലി കണ്ടെത്തൽ

തൊഴിലവസരങ്ങൾ പോസ്റ്റ് ചെയ്യുന്നതിന് ഇയുവിലെ (EU) തൊഴിലുടമകൾ വ്യത്യസ്ത സേവനങ്ങളും ആശയവിനിമയ ഉപാധികളും ഉപയോഗിക്കുന്നു. അവർക്ക് അവരുടെ കമ്പനി വെബ്സൈറ്റുകളിൽ നേരിട്ട് ഒഴിവുകൾ പോസ്റ്റ് ചെയ്യാം അല്ലെങ്കിൽ പൊതു തൊഴിൽ സേവനങ്ങൾ, സ്വകാര്യ തൊഴിൽ ഏജൻസികൾ, റിക്രൂട്ട്മെന്റ് ഏജൻസികൾ, നിർദ്ദിഷ്ട വെബ് സൈറ്റുകൾ, പ്രസിദ്ധീകരണങ്ങൾ, യൂണിവേഴ്സിറ്റി റിക്രൂട്ട്മെന്റ് സെല്ലുകൾ എന്നിവ പോലുള്ള വ്യത്യസ്ത ചാനലുകൾ ഉപയോഗിക്കാം.

ഇയുവിൽ (EU) ലഭ്യമായ ഒഴിവുകളുടെ ഒരു പൊതു അവലോകനം, ജോലിക്ക് എങ്ങനെ അപേക്ഷിക്കാം എന്നതിനെക്കുറിച്ചുള്ള നുറുങ്ങുകൾ, എല്ലാ ഇയു (EU) രാജ്യങ്ങളിലെയും ജീവിത, തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ യൂറോപ്യൻ ജോബ് മൊബിലിറ്റി പോർട്ടലായ[22] ഇയുആർഇഎസിൽ (EURES) കാണാം. ഒരു നിർദ്ദിഷ്ട എംഎസ് (MS)-ന്റെ ദേശീയ തൊഴിൽ ഏജൻസി, താൽക്കാലിക തൊഴിൽ ഏജൻസികൾ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജൻസികൾ എന്നിവിടങ്ങളിലും നിങ്ങൾക്ക് ജോലികൾക്കായി തിരയാവുന്നതാണ്. ഇയുആർഇഎസ് (EURES) പോർട്ടലിൽ, ഒഴിവുകൾ കാണാൻ നിങ്ങൾക്ക് ഒരു രാജ്യം തിരഞ്ഞെടുത്ത് ജീവിത, തൊഴിൽ സാഹചര്യ വിഭാഗത്തിന് കീഴിലുള്ള 'ജോലി കണ്ടെത്തൽ' എന്നതിൽ ക്ലിക്ക് ചെയ്യാം. മേഖലയും തൊഴിലും അനുസരിച്ച് നിങ്ങൾക്ക് ജോലികൾ കണ്ടെത്താം[23].

### ഇയുആർഇഎസ് (EURES) ജോബ് മൊബിലിറ്റി പോർട്ടൽ




22. ജോബ് മൊബിലിറ്റി പോർട്ടൽ: https://europa.eu/eures/portal/jv-se/home?lang=en

23. ജീവിത, തൊഴിൽ സാഹചര്യങ്ങൾക്കുള്ള ലിങ്ക് - https://eures.europa.eu/living-and-working/living-and-working-conditions-europe_en


## 4.1 ഒരു ജോലിക്കായി വിവരങ്ങൾ ശേഖരിക്കുമ്പോൾ ചോദിക്കേണ്ട ചോദ്യങ്ങൾ

നിങ്ങൾ തിരിച്ചറിഞ്ഞ ഓരോ ഒഴിവിനും, ഇനിപ്പറയുന്നവ മനസ്സിലാക്കുക:

- ഇത് ഇയു (EU) പൗരന്മാർ അല്ലാത്തവർക്ക് ലഭ്യമാണോ?
- നിയമന പ്രക്രിയ എന്താണ്?
- ഈ ജോലിക്കുള്ള അപേക്ഷാ കാലാവധികൾ എന്തൊക്കെയാണ്?
- എത്ര കാലത്തേക്കാണ് കരാർ? ഈ കാലയളവിൽ നിങ്ങളുടെ സാമ്പത്തികവും വ്യക്തിപരവുമായ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമോ?
- യോഗ്യതാ ആവശ്യകതകൾ എന്തൊക്കെയാണ്?
- ആവശ്യമായ ഭാഷാ കഴിവുകൾ എന്തൊക്കെയാണ്?
- ഈ ജോലി നിങ്ങളെ കഴിവുകൾ പഠിപ്പിച്ച്, ആദ്യ കരാറിനുശേഷം ഭാവിയിൽ മറ്റ് ജോലികളിലേക്ക് പ്രവേശനം നൽകുമോ?

**കുറിപ്പ്**

*താമസത്തിനും ജോലിക്കും ഉള്ള അംഗീകാരം തൊഴിലുടമയുടെ നിയമപരമായ നിലയെയും ദേശീയ നിയന്ത്രണങ്ങൾ പാലിക്കുന്നതിനെയും നേരിട്ട് ആശ്രയിച്ചിരിക്കുന്നതിനാൽ, സാധ്യതയുള്ള തൊഴിലുടമകളെ ശ്രദ്ധാപൂർവ്വം പരിശോധിക്കാൻ നിങ്ങളോട് നിർദ്ദേശിക്കുന്നു. ദേശീയ ബിസിനസ്, തൊഴിൽ, നികുതി അധികാരികൾ വഴിയാണ് പരിശോധിച്ചുറപ്പിക്കൽ സാധാരണയായി നടത്തുന്നതെങ്കിലും, ഇയുആർഇഎസ് (EURES) പോലുള്ള സാധുതയുള്ള പൊതു തൊഴിൽ സേവനങ്ങളിലൂടെ തൊഴിൽ തേടുന്നത് വഴി നിങ്ങൾക്ക് അപകടസാധ്യതകൾ കുറയ്ക്കാൻ കഴിയും, കാരണം അവിടെ തൊഴിൽ പോസ്റ്റിംഗുകൾ പരിശോധിച്ചുറപ്പിച്ച തൊഴിലുടമകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.*



നിങ്ങളുടെ ലക്ഷ്യ രാജ്യത്ത് ഒരു കുടുംബാംഗമോ സുഹൃത്തോ പരിചയക്കാരോ ഉണ്ടെങ്കിൽ, തൊഴിൽ വിപണിയിലേക്ക് എങ്ങനെ പ്രവേശിക്കാം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ അവർക്ക് സഹായിക്കാനാകും. ഉദാഹരണത്തിന്, സമാനമായ സർവകലാശാല ബിരുദമുള്ള നിങ്ങളുടെ സുഹൃത്തുക്കളോട്, രാജ്യത്ത് എങ്ങനെ ജോലി കണ്ടെത്താൻ കഴിഞ്ഞു എന്ന് ചോദിക്കാം?

## 4.2 ജോലിക്ക് അപേക്ഷിക്കുമ്പോൾ ചോദിക്കേണ്ട ചോദ്യങ്ങൾ

- നിങ്ങളുടെ കൈവശം ആവശ്യമായ എല്ലാ രേഖകളും ഉണ്ടോ? ഈ രേഖകളിൽ പാസ്പോർട്ട്, നിങ്ങളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിങ്ങളുടെ മുൻ തൊഴിലുടമയിൽ നിന്നുള്ള റഫറൻസുകൾ, ജോലിക്കുള്ള കവർ ലെറ്റർ, ഇംഗ്ലീഷിലുള്ളതും ആവശ്യമെങ്കിൽ, പോകാനാഗ്രഹിക്കുന്ന രാജ്യത്തിന്റെ ദേശീയ ഭാഷയിൽ ഉള്ളതുമായ പുതുക്കിയ സിവി (CV) എന്നിവ ഉൾപ്പെടുന്നു.
- നിങ്ങളുടെ എല്ലാ രേഖകളും ഒരു സർട്ടിഫൈഡ് ട്രാൻസ്‌ലേറ്റർ വിവർത്തനം ചെയ്തിട്ടുണ്ടോ (ആവശ്യമെങ്കിൽ)?
- നിങ്ങളുടെ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അവയുടെ വിവർത്തനത്തിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (ആവശ്യമെങ്കിൽ) നിങ്ങളുടെ കൈവശമുണ്ടോ?
- നിങ്ങളുടെ അപേക്ഷകളുടെ ഡിജിറ്റൽ ഫയലുകൾ നിങ്ങൾ തയ്യാറാക്കിയോ?

നിങ്ങളുടെ രേഖകൾ ഒന്നിച്ചാക്കി അപേക്ഷ തയ്യാറാക്കിയാൽ, ഒഴിവുകൾക്കനുസരിച്ച് നിങ്ങൾക്ക് ഓൺലൈനായോ തപാൽ വഴിയോ അപേക്ഷിക്കാം. നിങ്ങൾ എങ്ങനെ അപേക്ഷ സമർപ്പിച്ചാലും, നിങ്ങളുടെ അപേക്ഷ ട്രാക്ക് ചെയ്യാൻ കഴിയുമെന്ന് എപ്പോഴും ഉറപ്പാക്കുക.

## 4.3 ഒരു റിക്രൂട്ട്മെന്റ് ഏജന്റിനെ ഉപയോഗിക്കൽ

ഇയുവിൽ (EU) ജോലി കണ്ടെത്താൻ സഹായിക്കുന്നതിന് നിങ്ങൾക്ക് ഒരു രജിസ്റ്റർ ചെയ്ത ഏജൻസിയെ ഉപയോഗിക്കാം. ഒരു ഏജൻസിയെ സമീപിക്കുന്നതിനു മുമ്പ് നിങ്ങൾ ഓർമ്മിക്കേണ്ട ചില കാര്യങ്ങളുണ്ട്.

- വിദേശകാര്യ മന്ത്രാലയം പരിശോധിച്ചുറപ്പിച്ച ഏജന്റുമാരുടെ പട്ടികയുള്ള eMigrate പോർട്ടൽ വഴി റിക്രൂട്ട്മെന്റ് ഏജന്റ് ഭാരത സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുക. നിങ്ങൾക്ക് ഇത് https://emigrate.gov.in/#/emigrate/emigrant/list-of-ra-consolidate-report എന്നതിൽ പരിശോധിച്ചുറപ്പിക്കാം
- ഭാരത സർക്കാരിന്റെ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് (PGE) നൽകിയ ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാണിക്കാൻ അവരോട് ആവശ്യപ്പെടുക. രജിസ്റ്റർ ചെയ്തതോ, സാധുവായ രജിസ്ട്രേഷൻ ഉള്ളതോ ആയ ഏജൻസിയുമായി മാത്രമേ ഇടപാടുകൾ നടത്താവൂ. ഒരു റിക്രൂട്ട്മെന്റ് ഏജന്റ് MEA-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ അല്ലെങ്കിൽ അവർ സജീവമാണോ എന്ന് നിങ്ങൾക്ക് eMigrate പോർട്ടലിൽ[24]പരിശോധിക്കാം.
- രജിസ്റ്റർ ചെയ്ത ഏജന്റിനായി ജോലി ചെയ്യുന്ന ഏജന്റുമായി ഇടപെടരുത്. എമിഗ്രേഷൻ ആക്റ്റ്, 1983 പ്രകാരം സബ് ഏജന്റുമാർക്ക് നിയമനം നടത്താൻ അനുവാദമില്ല.
- വിസ അപേക്ഷയ്ക്ക് തൊഴിലുടമയോ റിക്രൂട്ടിംഗ് ഏജൻസിയോ സഹായം നൽകുന്നുണ്ടോ?
- പരിഗണനയിലുള്ള തൊഴിലുടമയുടെയോ റിക്രൂട്ടിംഗ് ഏജൻസിയുടെയോ ഖ്യാതി എന്താണ്? സുതാര്യമായ പ്രവർത്തന രീതിയുള്ള സത്യസന്ധരായ ആളുകളായി അവർ അറിയപ്പെടുന്നുണ്ടോ?
- നിങ്ങൾക്ക് ജോലി ലഭിച്ചുകഴിഞ്ഞാൽ, നിങ്ങളുടെ തൊഴിൽ കരാർ ശ്രദ്ധാപൂർവ്വം വായിച്ച് നിങ്ങളുടെ ശമ്പള / വേതന നിലകൾ, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ അതിൽ വിശദമായി പ്രതിപാദിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- ഏജന്റിന്റെ സേവനങ്ങൾക്ക് 30,000 രൂപയിൽ കൂടുതൽ നൽകരുത്, ഈ പേയ്മെന്റിന് രസീത് വാങ്ങുക. ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ചെക്ക് വഴി പണം നൽകി രസീത് വാങ്ങുന്നതാണ് നല്ലത്.
- അമിത നിരക്ക് ഈടാക്കുന്നതോ വഞ്ചിക്കുന്നതോ സംബന്ധിച്ച പരാതികൾ ഇന്ത്യയിലെ ബന്ധപ്പെട്ട പിഒഇയ്ക്കോ (POE) പിജിഇയ്ക്കോ (PGE) അല്ലെങ്കിൽ പ്രവാസി ഭാരതീയ സഹായ കേന്ദ്രങ്ങളിലോ (PBSK)-കൾ, ക്ഷേത്രീയ പ്രവാസി ഭാരതീയ സഹായ കേന്ദ്രങ്ങളിലോ (KPBSK)-കൾ സമർപ്പിക്കാവുന്നതാണ്.

## 4.4 ജോലിക്കുള്ള അപേക്ഷ സമർപ്പിക്കൽ

നിങ്ങളുടെ ജോലിക്കുള്ള അപേക്ഷ പൂരിപ്പിച്ച് സമർപ്പിച്ചുകഴിഞ്ഞാൽ, തൊഴിലുടമയോ ഏജൻസിയോ അതിന്റെ സ്വീകാര്യത പരിശോധിക്കും. ഈ പ്രക്രിയ സാധാരണയായി രണ്ട് മുതൽ ആറ് ആഴ്ച വരെ എടുക്കും, അടുത്ത ഘട്ടങ്ങൾക്കായി നിങ്ങൾക്ക് തയ്യാറെടുക്കാൻ തുടങ്ങാം.

24. ഇമൈഗ്രേറ്റ് (eMigrate) പോർട്ടൽ https://emigrate.gov.in/ എന്ന വെബ്സൈറ്റിൽ ആക്സസ് ചെയ്യാം.

## ഒരു ജോലിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ചോദ്യങ്ങളുടെ ചെക്ക്‌ലിസ്റ്റ്




- വരും മാസങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് നിങ്ങൾക്കറിയാമോ?
- നിങ്ങളുടെ വിസ എങ്ങനെ നേടണമെന്ന് നിങ്ങൾക്ക് അറിയാമോ?
- നിങ്ങൾ പോകുന്ന രാജ്യത്ത് താമസം എങ്ങനെ കണ്ടെത്തണമെന്ന് നിങ്ങൾക്കറിയാമോ?
- നിങ്ങൾ എത്തുമ്പോൾ പങ്കെടുക്കാൻ കഴിയുന്ന ഒരു ഇൻഡക്ഷൻ പ്രോഗ്രാമോ ഓറിയന്റേഷനോ ഉണ്ടോ?
- നിങ്ങൾക്ക് പിന്തുടരാൻ കഴിയുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുണ്ടോ? (ഉദാഹരണത്തിന്, മിക്കവാറും എല്ലാ ഇയു (EU) എംഎസ്സിനും (MS) രാജ്യത്ത് താമസിക്കുന്ന ഇന്ത്യക്കാർ നടത്തുന്ന വളരെ വിജ്ഞാനപ്രദമായ ഫേസ്ബുക്ക് പേജുകളുണ്ട്, ഇവ ജോലി നേടുന്നതിനും ഒരു അപ്പാർട്ട്മെന്റ് കണ്ടെത്തുന്നതിനും മറ്റ് ഇന്ത്യക്കാരുമായി ബന്ധപ്പെടുന്നതിനും ധാരാളം വിവരങ്ങളും നുറുങ്ങുകളും നൽകുന്നു.)
- എപ്പോഴാണ് നിങ്ങൾ എത്തേണ്ടത്?
- ഇയു (EU) എംഎസ്സിൽ (MS) അംഗീകരിക്കപ്പെട്ട ആരോഗ്യ ഇൻഷുറൻസ് നിങ്ങൾക്ക് എങ്ങനെ നേടാൻ കഴിയും?

### ഒരു ജോലി ഓഫർ സ്വീകരിച്ച് വിസ പ്രക്രിയ ആരംഭിക്കുന്നതിനു മുമ്പ് ഓർമ്മിക്കേണ്ട മറ്റ് കാര്യങ്ങൾ:

- ഒരു വെബ്സൈറ്റിന്റെ യുആർഎൽ (URL) യൂറോപ്യൻ അല്ലെന്ന് തോന്നുകയാണെങ്കിൽ, നിങ്ങൾ നോക്കുന്ന വെബ്സൈറ്റ് വിശ്വസനീയമല്ലെന്നും നിങ്ങൾ ഒരു ഫിഷിംഗ് ആക്രമണത്തിന് ഇരയായേക്കാമെന്നുമുള്ള സൂചനയാണത്. വിശ്വസ്തമായ വെബ്സൈറ്റുകളിൽ സാധാരണയായി ഇയു (EU) രാജ്യത്തിന്റെ ചുരുക്കെഴുത്ത് ഉൾപ്പെടുന്ന ഒരു സഫിക്സ് എക്സ്റ്റൻഷൻ / എൻഡിംഗ് ഉണ്ടാകും. ഉദാഹരണത്തിന്, ജർമ്മനിയുടെ ഔദ്യോഗിക വെബ്സൈറ്റുകൾക്ക്, എക്സ്റ്റൻഷൻ .de ആണ്; ഫ്രാൻസിന് ഇത് .fr ആണ്; ഇറ്റലിക്ക്, .it ആണ്; യൂറോപ്യൻ യൂണിയന് .eu ആണ്. ഇന്ത്യയിലെ ഇയു (EU) എംഎസ് (MS) എംബസികളുടെ കോൺടാക്റ്റുകളെയും വിസകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇയു (EU) വെബ്സൈറ്റിൽ[25] കാണാം.
- നിങ്ങളുടെ തൊഴിൽദാതാവാകാൻ സാധ്യതയുള്ളവരുടെ വെബ്സൈറ്റിൽ നിന്ന് സ്ഥലം, ഒഴിവുകൾ, സ്ഥാപനം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് ലഭിക്കും.
- ഒരു റിക്രൂട്ടിംഗ് ഏജൻസിയുടെ ഒഴിവുകളെ കുറിച്ചുള്ള പരസ്യത്തിൽ തൊഴിലുടമയുടെ വെബ്സൈറ്റിൽ നിന്ന് വ്യത്യസ്തമായ വിവരങ്ങൾ കണ്ടാൽ, നിങ്ങൾക്ക് ലഭിക്കുന്ന തൊഴിൽ കരാറിന്റെ വ്യവസ്ഥകൾ എപ്പോഴും പാലിക്കുക, കാരണം അവയാണ് ശരിയായ വിസ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ.

### നിങ്ങളുടെ തൊഴിൽ കരാർ പരിശോധിച്ചുറപ്പിക്കൽ

ഇയുവിൽ (EU) ഒരു ജോലി ഓഫർ ലഭിച്ചാൽ, നിങ്ങൾക്ക് ഒരു തൊഴിൽ കരാർ നൽകുന്നതാണ്. തൊഴിൽ കരാർ ജീവനക്കാരുടെയും തൊഴിലുടമകളുടെയും അവകാശങ്ങളും കടമകളും വിവരിക്കുന്നു. ഇത് കുറഞ്ഞത് ഇനിപ്പറയുന്ന വിവരങ്ങളെങ്കിലും നൽകണം:

25. ഈ വിവരങ്ങൾ https://www.eeas.europa.eu/delegations/india/consular-protection-eu-citizens-india-or-bhutan_en എന്നതിൽ ആക്സസ് ചെയ്യാം.

- **പേരും വിലാസവും:** നിങ്ങളുടേതും തൊഴിലുടമയുടേതും അതിൽ എഴുതിയിട്ടുണ്ട്.
- **കരാർ ആരംഭിക്കുന്ന തീയതി:** തൊഴിൽ ആരംഭിക്കുന്ന തീയതിയാണിത്.
- **കരാറിന്റെ കാലാവധി:** നിങ്ങളുടെ കരാർ എപ്പോൾ അവസാനിക്കുമെന്ന് ഇത് നിങ്ങളെ അറിയിക്കും. കരാറിന്റെ കാലാവധി രേഖാമൂലം അംഗീകരിക്കണം, അല്ലാത്തപക്ഷം അത് ഒരു അനിശ്ചിത കാലയളവിലേക്ക് സാധുതയുള്ളതായി കണക്കാക്കപ്പെടുന്നതാണ്.
- **ജോലി സ്ഥലം:** നിങ്ങൾ എവിടെയായിരിക്കും ജോലി ചെയ്യുക? സ്ഥിരമായ അല്ലെങ്കിൽ പ്രധാന ജോലിസ്ഥലം ഇല്ലെങ്കിൽ, ജീവനക്കാരൻ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതായി തൊഴിൽ കരാറിൽ വ്യക്തമാക്കേണ്ടതാണ്, കൂടാതെ തൊഴിലുടമയുടെ ബിസിനസ് വിലാസമോ ഉചിതമെങ്കിൽ വീട്ടുവിലാസമോ വ്യക്തമാക്കുകയും വേണം.
- **ജോലിയുടെ വിവരണം:** നിങ്ങളിൽ നിന്ന് എന്ത് ജോലികളാണ് പ്രതീക്ഷിക്കുന്നത്? കരാറിൽ ജോലിയുടെ വിവരണം, ജീവനക്കാരന്റെ പേര്, പദവി അല്ലെങ്കിൽ ജോലിയുടെ വിഭാഗം എന്നിവ ഉൾപ്പെടുത്തണം.
- **പ്രതിഫലം:** നിങ്ങളുടെ ജോലിക്ക് എത്ര പ്രതിഫലം ലഭിക്കും? തൊഴിലുടമ നിങ്ങൾക്ക് സപ്ലിമെന്റുകളോ ബോണസുകളോ നൽകുമോ? നിങ്ങളുടെ ശമ്പളം എപ്പോഴാണ് ലഭിക്കുക (ഉദാ. മാസാവസാനം അല്ലെങ്കിൽ തുടക്കത്തിൽ)? കരാർ സാധാരണയായി മൊത്ത പ്രതിഫലം അല്ലെങ്കിൽ ആകെ പ്രതിഫലം സൂചിപ്പിക്കുന്നുവെന്നത് ശ്രദ്ധിക്കേണ്ടതാണ്. ഈ തുകയിൽ നിന്ന്, നികുതികളും സാമൂഹിക സംഭാവനകളും കുറച്ചതിനുശേഷമുള്ള തുകയാണ് നിങ്ങൾക്ക് കൈയ്യിൽ ലഭിക്കുക.
- **ജോലി സമയം:** ഇതിൽ സമ്മതിച്ച പ്രതിദിന, പ്രതിവാര പ്രവൃത്തി സമയങ്ങളുടെ ദൈർഘ്യവും ക്രമീകരണവും ഉൾപ്പെടുന്നു. ഓവർടൈം ഒരു സാധാരണ സംഭവമായ തൊഴിൽ സാഹചര്യങ്ങളുള്ള സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായി, ആ തൊഴിൽ രീതി ഇയുവിൽ (EU) അത്ര സാധാരണമല്ല. ദീർഘനേരം ജോലി ചെയ്യുന്നത് സാധാരണമല്ല, അത് നിരുത്സാഹപ്പെടുത്തുന്നതുമാണ്. എന്നിരുന്നാലും, ചില മേഖലകളിലും നിർദ്ദിഷ്ട സാഹചര്യങ്ങളിലും, മികച്ച വേതനത്തിനായി കൂടുതൽ ജോലി ചെയ്യാൻ നിങ്ങളോട് ആവശ്യപ്പെടും. നിങ്ങളുടെ കരാറിൽ ഉൾപ്പെടുത്തേണ്ട വേതനത്തിന്റെയോ പ്രവൃത്തി വാരത്തിന്റെയോ വിശദാംശങ്ങളെ കുറിച്ച് അറിയാൻ ട്രേഡ് യൂണിയനുകളുമായി ബന്ധപ്പെടുക.
- **അവധി ദിവസങ്ങൾ:** നിങ്ങൾക്ക് ഒരു വർഷം എത്ര അവധിക്ക് അർഹതയുണ്ട്? അവധി ദിവസങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിയമങ്ങൾ എന്തൊക്കെയാണ്?
- **കൂട്ടായ ഉടമ്പടികളും തൊഴിൽ ഉടമ്പടികളും:** ആരോഗ്യപരിചരണം പോലുള്ള ചില മേഖലകളിൽ, തൊഴിലുടമ സംഘടനകളും ട്രേഡ് യൂണിയനുകളും കൂട്ടായ ഉടമ്പടികളിൽ എത്തിയിട്ടുണ്ട്. ഈ ഉടമ്പടികൾ ആ രാജ്യത്തെ എല്ലാ തൊഴിലാളികൾക്കുമുള്ള വേതനം, ബോണസ് അല്ലെങ്കിൽ അവധി ദിവസങ്ങൾ എന്നിവയെ നിയന്ത്രിക്കും, കൂടാതെ നിങ്ങളുടെ തൊഴിൽ കരാറിൽ വ്യക്തമാക്കുകയും പാലിക്കുകയും ചെയ്തേക്കാം.

2022 ഓഗസ്റ്റ് 1 മുതൽ അംഗരാജ്യങ്ങൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് പുതിയ വ്യവസ്ഥകൾ നടപ്പിലാക്കി. മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾക്ക് പുറമേ, തൊഴിലാളിക്ക് ഇനിപ്പറയുന്ന വിവരങ്ങളും ലഭിക്കണം:

- **താൽക്കാലിക ഏജൻസി തൊഴിലാളികൾ:** നിങ്ങൾ ഒരു താൽക്കാലിക വർക്ക് ഏജൻസിയിലാണ് ജോലി ചെയ്യുന്നതെങ്കിൽ, നിങ്ങളെ ജോലിക്ക് അയയ്ക്കുന്ന സംരംഭങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.
- **പ്രൊബേഷണറി കാലയളവ് (എന്തെങ്കിലും ഉണ്ടെങ്കിൽ):** നിങ്ങൾക്കോ നിങ്ങളുടെ തൊഴിലുടമയ്ക്കോ കരാർ താരതമ്യേന വേഗത്തിൽ അവസാനിപ്പിക്കാൻ കഴിയുന്ന കാലയളവാണിത്. തൊഴിൽ ബന്ധം ഒരു പ്രൊബേഷണറി കാലയളവിന് വിധേയമാണോ എന്നും അങ്ങനെയാണെങ്കിൽ, ആ കാലയളവ് എത്രയാണെന്നും അതിന്റെ വ്യവസ്ഥകൾ എന്താണെന്നും നിങ്ങളുടെ തൊഴിലുടമ നിങ്ങളെ അറിയിക്കണം.
- **പരിശീലനം:** തൊഴിലുടമ എന്തെങ്കിലും പരിശീലന അവകാശം നൽകുന്നുണ്ടോ?
- **പ്രവചനാതീതമായ തൊഴിൽ രീതി:** നിങ്ങളുടെ തൊഴിൽ രീതി പൂർണ്ണമായും അല്ലെങ്കിൽ മിക്കവാറും പ്രവചനാതീതമാണോ? അങ്ങനെയെങ്കിൽ, വേതനമുള്ള മണിക്കൂറുകളുടെ ഉറപ്പുനൽകുന്ന എണ്ണവും ആ മണിക്കൂറുകൾക്ക് പുറമേ നിർവഹിക്കുന്ന ജോലിയുടെ വേതനവും തൊഴിലുടമ നിങ്ങളെ അറിയിക്കും. നിങ്ങൾ ജോലി ചെയ്യേണ്ട റഫറൻസ് സമയവും ദിവസങ്ങളും, ജോലി അസൈൻമെന്റ് ആരംഭിക്കുന്നതിനു മുമ്പുള്ള ഏറ്റവും കുറഞ്ഞ അറിയിപ്പ് കാലയളവ്, തൊഴിലുടമയ്ക്ക് അസൈൻമെന്റ് റദ്ദാക്കാൻ ഉള്ള ഏതെങ്കിലും സമയപരിധി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും നിങ്ങൾക്ക് ലഭിക്കേണ്ടതാണ്, അതിനുശേഷം നിങ്ങൾക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.
- **സാമൂഹിക സുരക്ഷ:** തൊഴിലുടമ നിങ്ങളുടെ പേരിൽ ഏതെങ്കിലും സാമൂഹിക സുരക്ഷാ സംഭാവനകൾ അടയ്ക്കുന്നുണ്ടെങ്കിൽ, അവ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നൽകുന്നതെന്ന് അറിയാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

## കേസ് സ്റ്റഡി – 3

വിവിധ രാജ്യങ്ങളിലായി നിരവധി പ്രമുഖ ഐടി (IT) കമ്പനികളിൽ വർഷങ്ങളോളം പ്രവർത്തിച്ചതിനു ശേഷം, മാല ഒരു ഡച്ച് ഐടി (IT) കമ്പനിയുടെ സാങ്കേതിക മേധാവിയായി ആംസ്റ്റർഡാമിലേക്ക് മാറുന്നു. ആംസ്റ്റർഡാമിൽ എത്തി പുതിയ ഓഫീസിൽ പ്രവേശിച്ച ശേഷം, സഹപ്രവർത്തകരുമായും മേലുദ്യോഗസ്ഥരുമായും അവർ ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നു, മാറാൻ തീരുമാനിച്ചതിൽ സന്തോഷവതിയുമാണ്.

ഏതാനും മാസങ്ങൾക്കുശേഷം, കർശനമായ സമയപരിധികളും ഭാരിച്ച ജോലിഭാരവുമുള്ള ഒരു പ്രോജക്റ്റിലേക്ക് ഏതാനും ദിവസത്തേക്ക് അവരെ നിയമിക്കുന്നു. സൂപ്പർവൈസറുടെ അഭ്യർത്ഥനപ്രകാരം, സമയപരിധി പാലിക്കുന്നതിനായി മാല വൈകിയും ജോലി ചെയ്യുന്നു. മാസാവസാനം, അധിക ജോലി സമയം റിപ്പോർട്ട് ചെയ്യാൻ ആളുകളോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു പൊതു മെയിൽ അയയ്ക്കുന്നു. അവർക്ക് ഇതിനെക്കുറിച്ച് അറിവില്ലാത്തതിനാൽ ഒരു സഹപ്രവർത്തകനെ സമീപിക്കുന്നു, അദ്ദേഹം അവളെ കമ്പനിയിലെ തൊഴിലാളി യൂണിയനിലേക്ക് വിടുന്നു. തൊഴിലാളികളുടെ പൊതുവെയുള്ള അവകാശങ്ങളെയും രാജ്യത്ത് ഓവർടൈം ജോലിയുമായി ബന്ധപ്പെട്ട അവകാശങ്ങളെയും അവ എങ്ങനെ നേടാമെന്നതിനെയും സംബന്ധിച്ച് യൂണിയൻ നേതാക്കൾ മാലയെ അറിയിക്കുന്നു.

തന്റെ പരിശ്രമത്തിന് അംഗീകാരവും അധിക ആനുകൂല്യങ്ങളും ലഭിച്ചതിൽ മാലയ്ക്ക് ആശ്ചര്യവും സന്തോഷവും തോന്നുന്നു. നെതർലൻഡ്സിൽ ജോലി ചെയ്യുന്നതിൽ മാല വളരെയധികം വിലമതിക്കുന്ന ഒന്നാണ് തൊഴിലാളികളുടെ അവകാശങ്ങളും ജോലിസ്ഥലത്തെ നീതിപൂർവമായ പരിഗണനയും.



**Q: ഇയുവിലെ (EU) സാധാരണ പ്രവൃത്തി സമയം എന്താണ്[26]?**

A: അംഗരാജ്യങ്ങൾക്കിടയിൽ ഇത് വ്യത്യാസപ്പെടാം, എന്നാൽ ഓവർടൈം ഉൾപ്പെടെ ഓരോ ആഴ്ചയിലെയും ശരാശരി 48 മണിക്കൂറിൽ കൂടരുത്. നെതർലൻഡ്സിൽ, ആഴ്ചയിൽ 38 മണിക്കൂറാണ് സാധാരണ പ്രവൃത്തി സമയം.

**Q: ഈ അവകാശങ്ങളെ കുറിച്ച് ഒരാൾക്ക് എങ്ങനെ അറിയാൻ കഴിയും?**

A: കരാറിലെ ജോലിയുടെ വ്യവസ്ഥകൾ.

A: കമ്പനി എച്ച്ആറിനോട് (HR) ചോദിക്കൽ.

A: ട്രേഡ് യൂണിയൻ പ്രതിനിധികളോട് ചോദിക്കൽ.

**Q: ഓവർടൈം വേതനമോ മറ്റ് ആനുകൂല്യങ്ങളോ (പകരം അവധി ദിവസങ്ങൾ) ഒരാൾക്ക് ലഭിക്കുമോ?**

A: അതെ, ജീവനക്കാർക്ക് ഓവർടൈം വേതനവും മറ്റ് ആനുകൂല്യങ്ങളും ഉണ്ട്.

നിങ്ങൾ ജോലി ചെയ്യുന്ന ഇയു (EU) എംഎസ്സിൽ (MS) എത്തിക്കഴിഞ്ഞാൽ, നിങ്ങളുടെ വിദേശ തൊഴിലുടമയെ കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും വിദേശത്ത് വഴിതെറ്റുകയും ചെയ്താൽ, അടുത്തുള്ള ഇന്ത്യൻ എംബസിയെയോ കോൺസുലേറ്റിനെയോ ഉടൻ ബന്ധപ്പെടുക.

കൂടാതെ, നിങ്ങളുടെ കരാറിലെ വ്യവസ്ഥകൾ പ്രകാരം നിങ്ങൾ ജോലി ചെയ്യാൻ തുടങ്ങിക്കഴിഞ്ഞാൽ, ദയവായി നിങ്ങളുടെ വ്യവസായവുമായി ബന്ധപ്പെട്ട പ്രസക്തമായ ട്രേഡ് യൂണിയനുകളുടെ പ്രാദേശിക ഓഫീസ് സന്ദർശിച്ച് നിങ്ങളുടെ കരാർ അവരെ കാണിക്കുക. നിങ്ങളുടെ കരാറിനെ കുറിച്ച് നിങ്ങൾക്ക് ആവശ്യമായ എല്ലാ വിശദീകരണങ്ങളും അധിക വിവരങ്ങളും അവരോട് ചോദിക്കാവുന്നതാണ്.

നിങ്ങളുടെ ജോലി മാറാൻ ഒപ്പം/അല്ലെങ്കിൽ തൊഴിലുടമയെ മാറ്റാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ വിസ അനുവദിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം അത് അനുവദനീയമാണോ എന്ന് നിങ്ങൾ പരിശോധിക്കേണ്ടതുണ്ട്. നിങ്ങളുടെ അവകാശങ്ങളും നിങ്ങൾക്ക് ലഭിക്കുന്ന പുതിയ കരാറിന്റെ വ്യവസ്ഥകളും നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് മനസ്സിലാകാത്ത ഒരു രേഖയിൽ ഒരിക്കലും ഒപ്പിടരുത്, സമയമെടുത്ത് വായിക്കുകയും, നിങ്ങളുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ട്രേഡ് യൂണിയനുകൾ പോലുള്ള സ്പെഷ്യലിസ്റ്റുകൾക്കും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി അത് നൽകുകയും ചെയ്യുക.

26. ഇയുവിലെ (EU) തൊഴിൽ സമയത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ https://europa.eu/youreurope/business/human-resources/general-employment-terms-conditions/working-hours/index_en.htm എന്നതിൽ ലഭ്യമാണ്

05

# ഇന്ത്യയിൽ നിന്ന് കുടിയേറുന്നതിനുള്ള നിയമങ്ങൾ

ഇന്ത്യയ്ക്ക് പുറത്തേക്ക് യാത്ര ചെയ്യാൻ, നിങ്ങൾക്ക് ഭാരത സർക്കാർ നൽകുന്ന പാസ്‌പോർട്ട് ആവശ്യമാണ്. പാസ്‌പോർട്ടുകൾക്ക് ഇപ്പോൾ ഓൺലൈനായി അപേക്ഷിക്കണം, തുടർന്ന് നിങ്ങളുടെ അടുത്തുള്ള പാസ്‌പോർട്ട് സേവാ കേന്ദ്രം (പിഎസ്‌കെ (PSK)) അല്ലെങ്കിൽ റീജിയണൽ പാസ്‌പോർട്ട് ഓഫീസ് (ആർപിഒ (RPO))[27]സന്ദർശിക്കുക.

1500 രൂപ ചെലവിൽ പുതിയ പാസ്‌പോർട്ട് ലഭിക്കാനോ, നിങ്ങളുടെ പാസ്‌പോർട്ട് റീ-ഇഷ്യൂ ചെയ്ത് ലഭിക്കാനോ സാധാരണയായി 30 ദിവസമെടുക്കും.

## 5.1 പാസ്‌പോർട്ട് നേടൽ

ഏതെങ്കിലും ആവശ്യത്തിനായി ഒരു ഇയു (EU) എംഎസ്സിലേക്ക് (MS) യാത്ര ചെയ്യുന്നതിന്, ഭാരത സർക്കാർ യാതൊരു നിയന്ത്രണങ്ങളോ ക്ലിയറൻസുകളോ ഏർപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ ഔപചാരികതകളോ അനുമതികളോ ഇല്ലാതെ തന്നെ ഓരോ വ്യക്തിക്കും യാത്ര ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. എന്നിരുന്നാലും, കുടിയേറ്റക്കാർ eMigrate വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നത് ഉചിതമാണ്, അങ്ങനെ അവർ എവിടെയാണെന്ന് സർക്കാരിനെ അറിയിക്കാൻ കഴിയും, ഇത് പ്രതിസന്ധി ഘട്ടങ്ങളിൽ പ്രതികരിക്കുന്നത് അവർക്ക് എളുപ്പമാക്കുന്നു.

നിങ്ങളുടെ രേഖകളെയോ റിക്രൂട്ട് ചെയ്യുന്നയാളെയോ കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ, നിങ്ങൾക്ക് മുംബൈ, ചെന്നൈ, ഡൽഹി, കൊൽക്കത്ത, ചണ്ഡീഗഢ്, ഹൈദരാബാദ്, കൊച്ചി, തിരുവനന്തപുരം, ജയ്പൂർ, റായ്ബറേലി, പട്ന, ബെംഗളൂരു, ഗുവാഹത്തി, റാഞ്ചി, ഭുവനേശ്വർ, അഗർത്തല എന്നിവിടങ്ങളിലുള്ള പിഒഇ (POE)[28] ഓഫീസുകളെ ബന്ധപ്പെടാം.

ഐസിടി (ICT) തൊഴിലാളികളായോ ഹ്രസ്വകാല താമസത്തിനായോ യാത്ര ചെയ്യുന്നവർക്ക്, ഇന്ത്യയിലെ നിങ്ങളുടെ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ (പ്രൊവിഡന്റ് ഫണ്ട് ഉൾപ്പെടെ) തുടരാം, ലക്ഷ്യസ്ഥാന രാജ്യങ്ങളിലെ സമാന സ്കീമുകളിലേക്കുള്ള സംഭാവനകൾ ഒഴിവാക്കുകയും ചെയ്യാം. ഒരു സാമൂഹിക സുരക്ഷാ ഉടമ്പടിയിൽ ഇന്ത്യ ഒപ്പുവച്ചിട്ടുള്ള രാജ്യങ്ങളിൽ മാത്രമേ ഇത് സാധ്യമാകൂ. രാജ്യങ്ങളുടെ പട്ടികയ്ക്കായി, ദയവായി ഇനിപ്പറയുന്ന ലിങ്കിൽ എംഇഎ (MEA) വെബ്സൈറ്റ് പരിശോധിക്കുക: (https://www.mea.gov.in/bilateral-documents. htm?dtl/26465/Social_Security_Agreements).

### നിങ്ങൾ ഒരു ഹെൽത്ത് വർക്കർ ആണെങ്കിൽ, ഈ കാര്യങ്ങൾ ഓർമ്മിക്കുക.

ഇന്ത്യയിലും ഇയു (EU) എംഎസ്സിലും (MS) നിങ്ങളുടെ തൊഴിലിന് ബാധകമായ പ്രത്യേക നിയമങ്ങൾ ദയവായി പരിശോധിക്കുക.

സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയ ഡോക്ടർമാരോട് പഠനം പൂർത്തിയാക്കിയ ശേഷം നിർബന്ധിത സേവനം നൽകുകയോ ഉയർന്ന പിഴ അടയ്ക്കുകയോ ചെയ്യണമെന്ന് പല ഇന്ത്യൻ സംസ്ഥാന സർക്കാരുകളും ആവശ്യപ്പെടുന്നു.

മിക്ക ആരോഗ്യ പ്രൊഫഷനുകളും ഇയുവിൽ (EU) നിയന്ത്രിതമായതുകൊണ്ട്, ആരോഗ്യ പ്രവർത്തകർക്ക് അവരുടെ പ്രൊഫഷണിൽ പ്രാക്ടീസ് ചെയ്യാൻ കഴിയുന്നതിനു മുമ്പ് അംഗ രാജ്യം ആവശ്യപ്പെടുന്ന പ്രൊഫഷണൽ സർട്ടിഫിക്കേഷനുകൾ ഉൾപ്പെടെയുള്ള പ്രത്യേക നിയമങ്ങളുണ്ട്. നിയന്ത്രിത തൊഴിലുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ https://ec.europa.eu/growth/tools-databases/regprof/index.cfm?action=regprofs എന്നതിൽ ലഭ്യമാണ്.

27. നിങ്ങളുടെ പിൻ കോഡ് ഇവിടെ നൽകി നിങ്ങളുടെ അടുത്തുള്ള പിഎസ്‌കെ (PSK) അല്ലെങ്കിൽ ആർപിഒ (RPO) കണ്ടെത്താൻ കഴിയും: https://www.passportindia.gov.in/psp/LocatePsk
28. https://www.mea.gov.in/Images/attach/01-Overview-04-2024.pdf

**പട്ടിക 3:** ഇന്ത്യൻ പാസ്‌പോർട്ട് ലഭിക്കുന്നതിനുള്ള നടപടികൾ.

| | |
|---|---|
| **ഘട്ടം 1** | പാസ്‌പോർട്ട് സേവാ ഓൺലൈൻ പോർട്ടൽ[29] വഴി രജിസ്റ്റർ ചെയ്യുക. (പോർട്ടലിന്റെ ഹോം പേജിലെ ഉപയോക്തൃ രജിസ്ട്രേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്തുകൊണ്ട് നിങ്ങൾക്ക് ഇത് ചെയ്യാം). |
| **ഘട്ടം 2** | നിങ്ങളുടെ രജിസ്റ്റർ ചെയ്ത ലോഗിൻ വിശദാംശങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്യുക. |
| **ഘട്ടം 3** | പുതിയ പാസ്‌പോർട്ടിന് അപേക്ഷിക്കുക / പാസ്‌പോർട്ട് റീ-ഇഷ്യൂ ചെയ്യുക എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. |
| **ഘട്ടം 4** | ഫോമിൽ ആവശ്യമായ വിശദാംശങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കുക. |
| **ഘട്ടം 5** | അപ്പോയിന്റ്മെന്റ് ഷെഡ്യൂൾ ചെയ്യുന്നതിന് 'സേവ് ചെയ്ത / സമർപ്പിച്ച അപേക്ഷകൾ കാണുക' സ്ക്രീനിലെ പേ ആൻഡ് ഷെഡ്യൂൾ അപ്പോയിന്റ്മെന്റ് ലിങ്കിൽ ക്ലിക്ക് ചെയ്യുക.<br>എല്ലാ പിഎസ്കെകളിലും (PSK)-കൾ പോസ്റ്റ് ഓഫീസ് പാസ്‌പോർട്ട് സേവാ കേന്ദ്രങ്ങളിലും (പോപ്സ്കെ (POPSK)) അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ പേയ്മെന്റുകൾ ഇപ്പോൾ നിർബന്ധമാക്കിയിരിക്കുന്നു.<br>**താഴെപ്പറയുന്ന ഏതെങ്കിലും മോഡുകൾ ഉപയോഗിച്ച് ഓൺലൈൻ പേയ്മെന്റുകൾ നടത്താം:**<br>▶ ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡ് (മാസ്റ്റർകാർഡ്-ഉം വിസ-യും)<br>▶ ഇന്റർനെറ്റ് ബാങ്കിംഗ് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ (SBI)), അസോസിയേറ്റ് ബാങ്കുകൾ, മറ്റ് ബാങ്കുകൾ)<br>▶ എസ്ബിഐ (എസ്ബിഐ (SBI)) ബാങ്ക് ചലാൻ |
| **ഘട്ടം 6** | ആപ്ലിക്കേഷൻ റഫറൻസ് നമ്പർ (എആർഎൻ (ARN)) / അപ്പോയിന്റ്മെന്റ് നമ്പർ അടങ്ങിയ നിങ്ങളുടെ അപേക്ഷാ രസീത് പ്രിന്റ് ചെയ്യുന്നതിന് പ്രിന്റ് ആപ്ലിക്കേഷൻ രസീത് ലിങ്കിൽ ക്ലിക്ക് ചെയ്യുക.<br>അപേക്ഷാ രസീതിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതില്ല. പാസ്‌പോർട്ട് ഓഫീസ് സന്ദർശിക്കുമ്പോൾ അപ്പോയിന്റ്മെന്റ് വിശദാംശങ്ങൾ അടങ്ങിയ എസ്എംഎസും (SMS) അപ്പോയിന്റ്മെന്റ് തെളിവായി സ്വീകാര്യമാണ്. |
| **ഘട്ടം 7** | നിങ്ങളുടെ ഒറിജിനൽ രേഖകളുമായി, അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്ത പിഎസ്കെ (PSK) അല്ലെങ്കിൽ ആർപിഒ (RPO) സന്ദർശിക്കുക. |


29. പോർട്ടൽ https://www.passportindia.gov.in/psp എന്നതിൽ ആക്സസ് ചെയ്യാം.

06

# നിയമവിരുദ്ധ കുടിയേറ്റം, കള്ളക്കടത്ത്, മനുഷ്യക്കടത്ത്

ഇയുവിൽ (EU) സാധുവായ വിസയില്ലാതെ താമസിക്കുന്നത് ക്രിമിനൽ കുറ്റമാണ്. മിക്ക നിയമവിരുദ്ധ കുടിയേറ്റക്കാരും തുടക്കത്തിൽ ഹ്രസ്വകാല വിസകളിലാണ് നിയമപരമായി ഇയുവിൽ (EU) പ്രവേശിക്കുന്നത്, എന്നാൽ വിസ കാലാവധി കഴിഞ്ഞാലും സാമ്പത്തിക കാരണങ്ങളാൽ ഇയുവിൽ (EU) തന്നെ തുടരും.

## ആരാണ് നിയമവിരുദ്ധ കുടിയേറ്റക്കാരൻ?





## എന്താണ് നിയമവിരുദ്ധ റിക്രൂട്ട്മെന്റ്?

**1983-ലെ ഇന്ത്യ എമിഗ്രേഷൻ ആക്റ്റ് പ്രകാരം, നിയമവിരുദ്ധമായ റിക്രൂട്ട്മെന്റുകളിൽ ഇവ ഉൾപ്പെടുന്നു:**

- ഒരു തൊഴിലാളിയുടെ യാത്രാ രേഖകൾ യാത്രയ്ക്ക് മുമ്പോ, യാത്രയ്ക്കിടയിലോ, യാത്രയ്ക്ക് ശേഷമോ തടഞ്ഞുവയ്ക്കുകയോ നിരസിക്കുകയോ ചെയ്യുക
- വിന്യാസം പുരോഗമിക്കാത്ത സാഹചര്യങ്ങളിൽ, വിന്യാസ ആവശ്യങ്ങൾക്കായി തൊഴിലാളികളുടെ ഡോക്യുമെന്റേഷനും പ്രോസസ്സിംഗിനും വാങ്ങിയ പണം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തൽ
- സാധുവായ ലൈസൻസ് ഇല്ലാതെ റിക്രൂട്ട്മെന്റ് നടത്തൽ.
- റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ നൽകുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യൽ
- നിയമം അനുശാസിക്കുന്നതിനേക്കാൾ (30,000 രൂപ) കൂടുതൽ റിക്രൂട്ട്മെന്റ് ഫീസ് ഈടാക്കൽ.
- തൊഴിൽ കരാറുകൾ മാറ്റുകയോ ഭേദഗതി ചെയ്യുകയോ ചെയ്യൽ.

## 6.1 നിയമവിരുദ്ധ റിക്രൂട്ട്മെന്റിന്റെ സൂചനകൾ

നിയമവിരുദ്ധ റിക്രൂട്ടറെ കണ്ടെത്തുന്നത് എപ്പോഴും എളുപ്പമല്ല, എന്നാൽ ശ്രദ്ധിക്കേണ്ട ചില സൂചനകൾ ഇവയാണ്. ഏജന്റ്:

- പോകാനാഗ്രഹിക്കുന്ന രാജ്യത്തിലെ ജോലിക്ക് കുറുക്കുവഴികൾ നിർദ്ദേശിക്കുകയും നിയമപരമായ ആവശ്യകതകൾ മറികടക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു.
- തൊഴിൽ കരാറിന്റെ പകർപ്പുകൾ നൽകുന്നില്ല.
- തൊഴിലുടമയെയും അപേക്ഷിക്കുന്ന ജോലിയെയും കുറിച്ച് മതിയായ വിവരങ്ങൾ നൽകുന്നില്ല.
- ഏജൻസിയെക്കുറിച്ച് മതിയായ വിവരങ്ങൾ നൽകുന്നില്ല.
- രസീതുകൾ നൽകാതെ ഉടൻ തന്നെ പണമടയ്ക്കണമെന്ന് ആവശ്യപ്പെടുന്നു.
- നിങ്ങളുടെ പാസ്പോർട്ടും മറ്റ് പേപ്പറുകളും സൂക്ഷിക്കുന്നു.
- മറ്റുള്ളവരുമായി വിവരങ്ങൾ പങ്കിടുന്നതിൽ നിന്ന് നിങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.
- വിദേശത്ത് അപേക്ഷിക്കാനും ജോലി ചെയ്യാനും ഒരു തൊഴിലാളിയെ വശീകരിക്കുന്നതിനായി പെട്ടെന്ന് സമ്പത്തും വിജയവും ലഭിക്കുമെന്ന യാഥാർത്ഥ്യബോധമില്ലാത്ത വാഗ്ദാനങ്ങൾ നൽകുന്നു.

## 6.2 കുടിയേറ്റക്കാരെ അനധികൃതമായി കടത്തലും മനുഷ്യക്കടത്തും

നിയമപരമായ രേഖകളില്ലാതെ, അതിർത്തി നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ടോ, സാമ്പത്തികമോ മറ്റ് ഭൗതികമോ ആയ നേട്ടങ്ങൾക്കായി തെറ്റോ വ്യാജമോ ആയ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ നേടിയോ ഒരു രാജ്യത്ത് പ്രവേശിക്കാൻ ആരെങ്കിലും നിങ്ങളെ സഹായിക്കുമ്പോൾ, അത് കള്ളക്കടത്ത് എന്നറിയപ്പെടുന്നു.

ഒരു രാജ്യത്ത് നിയമവിരുദ്ധമായി പ്രവേശിക്കാൻ നിങ്ങളുടെ സമ്മതമില്ലാതെ, ഭീഷണിയോ ബലപ്രയോഗമോ നടത്തി, നിർബന്ധിച്ച്, വഞ്ചിച്ച്, ഭീഷണിപ്പെടുത്തി, ചൂഷണാത്മകമായ ഒരു തൊഴിൽ സാഹചര്യത്തിൽ നിങ്ങളെ എത്തിക്കുകയാണെങ്കിൽ, അതിനെ മനുഷ്യക്കടത്ത് എന്നുവിളിക്കുന്നു.

**മനുഷ്യക്കടത്തിൽ ഇവ ഉൾപ്പെടുന്നു:**

- **റിക്രൂട്ട്മെന്റ്:** പരിചയക്കാർ, ബന്ധുക്കൾ അല്ലെങ്കിൽ ക്രിമിനൽ സംഘങ്ങൾ വഴി, പലപ്പോഴും നല്ല ശമ്പളമുള്ള ജോലികൾ വാഗ്ദാനം ചെയ്തുകൊണ്ട് നടത്തുന്നത്.
- **ഗതാഗതം:** വിദൂര ഗ്രാമപ്രദേശങ്ങളിൽ നിന്ന് നഗരങ്ങളിലേക്കോ ദരിദ്ര രാജ്യങ്ങളിൽ നിന്ന് സമ്പന്ന രാജ്യങ്ങളിലേക്കോ ഉള്ള കുടിയേറ്റം.
- **നിർബന്ധവും ബലപ്രയോഗവും:** വഞ്ചനയിലൂടെയും (ഭീഷണിയിലൂടെയും) ബലപ്രയോഗത്തിലൂടെയും ഇരകളെ നിയന്ത്രിക്കാൻ നടത്തുന്നത്.

സാധാരണയായി, ഇത്തരം മാർഗങ്ങളിലൂടെ ഒരു രാജ്യത്ത് എത്തുന്നവർ ധാരാളം പണം മുടക്കേണ്ടിവരും, ഇത് പലപ്പോഴും വീട്ടിൽ വലിയ കടങ്ങൾ വരുത്തിവയ്ക്കും. തെറ്റായ മാർഗങ്ങളിലൂടെ ഒരു രാജ്യത്ത് പ്രവേശിക്കുന്നത് നിങ്ങളെ അപകടകരവും അപായകരവുമായ സാഹചര്യങ്ങളിൽ എത്തിക്കാം, അതിനാൽ നിങ്ങളെ ഇയുവിലേക്ക് (EU) അനധികൃതമായി കടത്തുകയോ മനുഷ്യക്കടത്തിന് വിധേയരാക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ എല്ലാ മുൻകരുതലുകളും സ്വീകരിക്കേണ്ടതാണ്. കള്ളക്കടത്ത് രാജ്യത്തിനെതിരായ കുറ്റകൃത്യമായും മനുഷ്യക്കടത്ത് വ്യക്തികൾക്കെതിരായ കുറ്റകൃത്യമായും കണക്കാക്കുന്നു.

കള്ളക്കടത്തും മനുഷ്യക്കടത്തും തടയുന്നതിനായി ഇന്ത്യയും ഇയുവും (EU) വിസ പ്രക്രിയയിൽ വിരലടയാളവുമായി ബന്ധിപ്പിച്ച പാസ്പോർട്ടുകളും വിസകളും, മുഖം തിരിച്ചറിയൽ സാങ്കേതികവിദ്യ മുതലായ ബയോമെട്രിക് ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, മനുഷ്യക്കടത്ത് ഒഴിവാക്കുന്നതിനും ചെറുക്കുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടി വിവരങ്ങൾ അറിഞ്ഞിരിക്കുകയും ജാഗ്രത പാലിക്കുകയുമാണ്. ഇയുവിലെ (EU) മനുഷ്യക്കടത്ത് സാഹചര്യത്തെയും സ്വന്തം രാജ്യത്തിലെയും പോകുന്ന രാജ്യത്തിലെയും അനുബന്ധ നിയമങ്ങളെയും കുറിച്ച് കഴിയുന്നത്ര മനസ്സിലാക്കുക. ഇയു (EU), യൂറോപ്യൻ കമ്മീഷന്റെ മനുഷ്യക്കടത്ത് വിരുദ്ധ വെബ്സൈറ്റിൽ യൂറോപ്യൻ യൂണിയനിലെ (EU) മനുഷ്യക്കടത്ത് സംബന്ധിച്ച സാഹചര്യം ഉൾപ്പെടെയുള്ള പ്രസക്തമായ വിവരങ്ങൾ ലഭ്യമാണ്: https://home-affairs.ec.europa.eu/policies/internal-security/organised-crime-and-human-trafficking/together-against-trafficking-human-beings_en ഏജന്റ് അല്ലെങ്കിൽ ഏജൻസി നിങ്ങളോട് ആവശ്യപ്പെടുന്നത് എന്താണെന്ന് ശ്രദ്ധിക്കുക, അതുവഴി നിയമവിരുദ്ധ റിക്രൂട്ട്മെന്റിന്റെ സൂചനകൾ നിങ്ങളുടെ ശ്രദ്ധയിൽ പെടും.

ഇന്റർനെറ്റിൽ വായിക്കുന്ന എല്ലാ വിവരങ്ങളും പരിശോധിച്ചുറപ്പാക്കേണ്ട കാര്യങ്ങളായി കണക്കാക്കുക. ഉദാഹരണത്തിന്, തൊഴിൽ വെബ്സൈറ്റുകളിൽ നിങ്ങൾക്ക് ആകർഷകമായ ജോലി വാഗ്ദാനങ്ങൾ ലഭിക്കാം അല്ലെങ്കിൽ ഡേറ്റിംഗിലൂടെയോ സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റുകളിലൂടെയോ ഇയു (EU) സന്ദർശിക്കാൻ ആവശ്യപ്പെടുന്ന ഒരാളെ പരിചയപ്പെടാം. തീർച്ചയായും, സമീപ വർഷങ്ങളിൽ, നിരവധി മനുഷ്യക്കടത്തുകാർ ഇരകളെ വശീകരിക്കാൻ ഇത്തരം വെബ്സൈറ്റുകൾ ഉപയോഗിച്ചിട്ടുണ്ട്. എല്ലാ ജോലി ഓഫറുകളും വിശദമായി അന്വേഷിക്കുക, പ്രത്യേകിച്ച് അവസരം രഹസ്യമായി സൂക്ഷിക്കാനും ആരുമായും വിവരങ്ങൾ പങ്കിടരുതെന്നും നിങ്ങളോട് പറയുന്നവ.

## കേസ് സ്റ്റഡി – 4

യൂറോപ്പിൽ നിന്ന് ബാല്യകാല സുഹൃത്തായ ജിത്തു നാട്ടിലേക്ക് അയയ്ക്കുന്ന പണം ഉപയോഗിച്ച് ജിതുവിന്റെ കുടുംബം ഒരു പുതിയ വീട് പണിയുന്നതും പുതിയ കാർ വാങ്ങുന്നതും രജനീഷ് ശ്രദ്ധിച്ചിരുന്നു. നല്ലൊരു ജീവിതം ഉണ്ടാകാൻ യൂറോപ്പിലേക്ക് പോകണമെന്ന് അദ്ദേഹവും സ്വപ്നം കണ്ടു, അക്കാര്യം അദ്ദേഹം കുറച്ച് സുഹൃത്തുക്കളുമായി പങ്കുവെച്ചു. ഏതാനും മാസങ്ങൾക്കുശേഷം, അദ്ദേഹത്തിന്റെ ഗ്രാമത്തിലെ ഒരു ഏജന്റ് അദ്ദേഹത്തെ സമീപിച്ചു. ഏജന്റ് പതിവായി ഒരു ചായക്കടയിൽ വരുമായിരുന്നു, അതിന്റെ ഉടമയ്ക്ക് രജനീഷിന്റെ കുടുംബത്തെ പരിചയമുണ്ടായിരുന്നു. യൂറോപ്പിൽ വെയിറ്ററായി ജോലി കണ്ടെത്താൻ സഹായിക്കാമെന്ന് അദ്ദേഹം രജനീഷിനോട് പറഞ്ഞു, എന്നാൽ വിസ ലഭിക്കുന്നതിനും യാത്രയ്ക്കുമുള്ള ചെലവ് വളരെ കൂടുതലാണെന്നും അതിനാൽ അതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. അയാൾ രജനീഷിനെ നിരവധി പേപ്പറുകൾ കാണിച്ചു; വെയിറ്റർ ജോലിയുടെ ശമ്പളം 45,000 രൂപയ്ക്ക് തുല്യമാണെന്ന് അറിയിച്ചു. രജനീഷിന് നിലവിൽ കിട്ടുന്നത്



തുടരുന്നു...

ഏകദേശം 18,000 രൂപ ആയതിനാൽ, ഇത് ഒരു ന്യായമായ വരുമാനമാണെന്ന് തോന്നി, മാത്രമല്ല ഒരോ വർഷവും ശമ്പളം കൂടുമെന്നും ഏജന്റ് പറഞ്ഞു. അങ്ങനെ കുടുംബവുമായുള്ള ഒരു ചർച്ചയ്ക്ക് ശേഷം, രജനീഷ് തന്റെ യാത്രാ ചെലവിലേക്കായി € 14000 (ഏകദേശം 12 ലക്ഷം രൂപ) ലോൺ എടുക്കുകയും ഏജന്റ് ആവശ്യപ്പെട്ടതനുസരിച്ച് മുഴുവൻ തുകയും പണമായി നൽകുകയും ചെയ്തു.

അടുത്ത മൂന്ന് മാസത്തേക്ക്, അടിസ്ഥാന ഇംഗ്ലീഷ് പഠനം ഉൾപ്പെടെയുള്ളവയിൽ ട്രെയിനിംഗ് ലഭിക്കാൻ രജനീഷിനെ ഒരു സെന്ററിലേക്ക് ഏജന്റ് നിയോഗിക്കുകയും ചെയ്തു. ഈ സമയത്ത്, രജനീഷിനെ സർക്കാർ കേന്ദ്രത്തിലേക്ക് കൊണ്ടുപോയി പാസ്പോർട്ട് തയ്യാറാക്കി. പരിശീലനം പൂർത്തിയാക്കി രണ്ട് മാസത്തിനു ശേഷം, രജനീഷിന് പാസ്പോർട്ടും ടിക്കറ്റും നൽകി, അടുത്ത ആഴ്ച യാത്രയ്ക്ക് തയ്യാറാകാനും പറഞ്ഞു. രജനീഷും കുടുംബവും വളരെ സന്തോഷത്തിലായിരുന്നു, വിമാനത്താവളത്തിൽ വച്ച് ദീർഘകാലത്തേക്കുള്ള ഒരു യാത്രയയ്പ്പും അവർ നൽകി.

എത്തിയ ശേഷം, രജനീഷിന്റെ ഇമിഗ്രേഷൻ പ്രക്രിയ പൂർത്തിയാക്കാൻ അധികാരികൾ വളരെ സമയമെടുത്തതിൽ അദ്ദേഹത്തിന് ആശങ്ക തോന്നി. ഒടുവിൽ അദ്ദേഹത്തെ മാറ്റിനിർത്തി, നീണ്ട മണിക്കൂറുകൾക്കും നിരവധി ചോദ്യങ്ങൾക്കും ശേഷം, യാത്രയ്ക്കുള്ള വിസ വ്യാജമാണെന്ന് അറിയിച്ചു. രജനീഷിനെ ഒരു തടങ്കൽ കേന്ദ്രത്തിലേക്ക് കൊണ്ടുപോയി, രണ്ടാഴ്ചയ്ക്ക് ശേഷം ഇന്ത്യയിലേക്ക് തിരിച്ചയച്ചു.

തിരിച്ചെത്തിയപ്പോൾ രജനീഷ് ഏജന്റിന്റെ നമ്പറിൽ ശ്രമിച്ചെങ്കിലും അത് സ്വിച്ച് ഓഫായിരുന്നു. കുടുംബത്തോടൊപ്പം അദ്ദേഹം പലതവണ കടയിൽ പോയെങ്കിലും ഏജന്റിനെ കണ്ടില്ല. ഭീമമായ കടബാധ്യതയാണ് രജനീഷിന് ഉണ്ടായത്, യൂറോപ്പിൽ ജീവിക്കാനും ജോലി ചെയ്യാനും ഉള്ള തന്റെ സ്വപ്നം സാക്ഷാത്കരിക്കാമെന്ന പ്രതീക്ഷ തീരെ മങ്ങിയിരുന്നു.

ഈ അവസ്ഥയിൽ ആകാതിരിക്കാൻ രജനീഷ് എന്തു ചെയ്യണമായിരുന്നു?

- ഭാരത സർക്കാരിന്റെ വെബ്സൈറ്റുകൾ വഴി ഏജന്റിനെ പരിശോധിച്ചുറപ്പിക്കണമായിരുന്നു.
- അദ്ദേഹം നടത്തിയ പേയ്മെന്റുകൾക്ക് രസീതുകൾ ആവശ്യപ്പെടുകയും പണം ചെക്കായി നൽകുകയും ചെയ്യണമായിരുന്നു.
- വിസ ലഭിക്കുന്നതിനും യാത്ര ക്രമീകരിക്കുന്നതിനുമുള്ള ചെലവുകളെക്കുറിച്ച് സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടും ചോദിക്കണമായിരുന്നു.
- എംബസി വഴി വിസ ട്രാക്ക് ചെയ്യണമായിരുന്നു.

## 6.3 നിങ്ങൾ ഇയുവിൽ (EU) ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരനാണെങ്കിൽ നേരിടാവുന്ന അപകടസാധ്യതകൾ എന്തൊക്കെയാണ്?

പലപ്പോഴും, ആളുകൾ വിസ കാലാവധി കഴിഞ്ഞും എന്നെങ്കിലും അവരുടെ പേപ്പറുകൾ നിയമപ്രകാരമാക്കി ഇയുവിൽ (EU) ജീവിക്കാനും ജോലി ചെയ്യാനുമുള്ള അവകാശം നേടാമെന്ന ധാരണയിൽ ഇയുവിൽ (EU) തന്നെ താമസിക്കുന്നു. എന്നിരുന്നാലും, ഇയുവിൽ (EU) നിയമവിരുദ്ധമായി തുടരുന്നതുമായി ബന്ധപ്പെട്ട് നിരവധി അപകടസാധ്യതകളുണ്ട്. അവയിൽ ചിലതിൽ ഉൾപ്പെടുന്നവ:

- കുറഞ്ഞ വേതനം ലഭിക്കുന്നതും സുരക്ഷാ മാനദണ്ഡങ്ങളും തൊഴിൽ സാഹചര്യങ്ങളും വളരെ അപൂർവമായി മാത്രം നിരീക്ഷിക്കപ്പെടുന്നതുമായ മേഖലകളിൽ നിങ്ങൾ നിയമവിരുദ്ധമായി ജോലി ചെയ്യേണ്ട അവസ്ഥയുണ്ടാകാം. കൂടാതെ, ചൂഷണത്തിന് ഇരയാകാനുള്ള സാധ്യതയുമുണ്ട്. നിർമ്മാണം, കൃഷി, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ക്ലീനിംഗ്, കെയർ വർക്ക്, വീട്ടുജോലി എന്നിവയാണ് സാധാരണയുള്ള ഇത്തരം മേഖലകൾ.
- വേതനം, അവധി ദിവസങ്ങൾ മുതലായവയിൽ തൊഴിലുടമകൾ നടത്തുന്ന ചൂഷണം ഉൾപ്പെടെയുള്ള അവകാശ ലംഘനങ്ങൾക്ക് നിയമപരമായ സഹായം തേടുന്നത് ബുദ്ധിമുട്ടായിരിക്കും.
- നിങ്ങൾക്ക് മിക്കവാറും ഒരുവിധ സാമൂഹിക സേവനങ്ങളും ലഭ്യമായിരിക്കില്ല, ചില രാജ്യങ്ങളിൽ ആരോഗ്യപരിചരണം പോലും ലഭിക്കില്ല.
- തൊഴിലില്ലായ്മ വേതനം പോലുള്ള ഒരു സാമൂഹിക പരിരക്ഷയ്ക്കും നിങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല.
- നിങ്ങളുടെ കുടുംബാംഗങ്ങളെയൊന്നും ഇയുവിലേക്ക് (EU) കൊണ്ടുവരാൻ കഴിയില്ല.
- താമസസ്ഥലം വാടകയ്ക്ക് ലഭിക്കാൻ ബുദ്ധിമുട്ടായിരിക്കും; നിങ്ങൾക്ക് അപര്യാപ്തവും അനാരോഗ്യകരവുമായ താമസസൗകര്യം

ലഭിക്കാൻ സാധ്യതയുണ്ട്, താമസത്തിന് അമിത നിരക്ക് ഈടാക്കുകയും ചെയ്യും.

- ഒരു ബാങ്ക് അക്കൗണ്ട് തുറക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കും.
- നിങ്ങളെ പോലീസ് എപ്പോൾ വേണമെങ്കിലും പിടികൂടി തടങ്കലിൽ പാർപ്പിച്ച് ഒടുവിൽ ഇന്ത്യയിലേക്ക് നാടുകടത്താം.

### നിയമവിരുദ്ധ കുടിയേറ്റക്കാരുടെ തിരിച്ചുവരവ്

നിങ്ങൾ ഒരു നിയമവിരുദ്ധ കുടിയേറ്റക്കാരനായി പിടിക്കപ്പെട്ടാൽ നിങ്ങളോട് രാജ്യം വിടാൻ ഉത്തരവിടും. ഇയുവും (EU) ഷെങ്കൻ മേഖലയും വിടാൻ ഉത്തരവിടുന്ന തീരുമാനത്തോടൊപ്പം നിങ്ങൾക്ക് പ്രവേശന വിലക്കും ഉണ്ടാകാം. ഇതിനർത്ഥം ഒരു നിശ്ചിത സമയത്തേക്ക് ഇയുവിലേക്കും (EU) ഷെങ്കൻ മേഖലയിലേക്കും യാത്ര ചെയ്യുന്നതിൽ നിന്ന് നിങ്ങളെ വിലക്കുമെന്നാണ്. സാധാരണയായി നിങ്ങൾക്ക് സ്വമേധയാ നിങ്ങളുടെ മാതൃരാജ്യത്തേക്ക് മടങ്ങാനുള്ള ഓപ്ഷൻ ഉണ്ടായിരിക്കും, ഈ കാര്യത്തിൽ നിങ്ങൾക്ക് സഹായം ലഭിച്ചേക്കാം. സ്വമേധയാ മടങ്ങുന്നതുമായി സഹകരിക്കുന്നതിൽ നിങ്ങൾ വിസമ്മതിച്ചാൽ, നിർബന്ധിത മടക്ക നടപടിക്രമം നേരിടേണ്ടി വന്നേക്കാം, അതിൽ തടങ്കലും ഉൾപ്പെടാം. നിങ്ങൾ താമസിക്കുന്ന അംഗരാജ്യത്തിന്റെ ദേശീയ നിയമപ്രകാരം നിയമവിരുദ്ധമായ താമസവും ഒപ്പം/അല്ലെങ്കിൽ നിയമവിരുദ്ധ പ്രവേശനവും കുറ്റകരമാകാം. ചില സന്ദർഭങ്ങളിൽ, നിങ്ങളുടെ മടക്കയാത്രയ്ക്കുള്ള ചെലവുകൾ വഹിക്കുന്നതിന് നിങ്ങളുടെ സ്വത്തുവകകൾ കണ്ടുകെട്ടപ്പെട്ടേക്കാം.

## 6.4 നിങ്ങളെ ഇയുവിലേക്ക് (EU) കടത്തിക്കൊണ്ടുപോകുകയോ മനുഷ്യക്കടത്തിന് ഇരയാവുകയോ ചെയ്താൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടേണ്ടിവരും?

നിങ്ങളെ ഇയുവിലേക്ക് (EU) കടത്തിയാൽ, നിങ്ങൾക്ക് അവിടെ കഴിയാൻ നിയമപരമായ അവകാശമില്ല. നിങ്ങൾ പിഴ അടയ്ക്കേണ്ടി വന്നേക്കാം, കൂടാതെ ഓരോ ഇയു (EU) രാജ്യവും അനധികൃത പ്രവേശനത്തിനോ താമസത്തിനോ അവരുടേതായ പിഴകൾ നിശ്ചയിക്കുന്നു. നിങ്ങളെ നിങ്ങളുടെ മാതൃരാജ്യത്തേക്ക് നാടുകടത്താനും സാധ്യതയുണ്ട്. മാത്രമല്ല, കുടിയേറ്റക്കാരെ കടത്തുന്ന ക്രിമിനൽ ശൃംഖലകളെ കുറിച്ച് അന്വേഷിച്ച് കുറ്റം ചുമത്താനുള്ള നിയമ നിർവഹണ ശ്രമങ്ങളുടെ ഭാഗമായി, കുറ്റവാളികളെ പിടികൂടുന്നതിന് ഒരു സാക്ഷിയായി സഹകരിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം.

സാധാരണയായി നിയമവിരുദ്ധമായി കടത്തപ്പെടുന്ന കുടിയേറ്റക്കാരുടെ പാസ്പോർട്ടുകളും ഔദ്യോഗിക രേഖകളും എത്തിച്ചേരുമ്പോൾ അവരിൽ നിന്ന് പിടിച്ചെടുക്കുകയും നിർബന്ധിത തൊഴിൽ സാഹചര്യങ്ങളിൽ കലാശിക്കുകയും ചെയ്യുന്നു. തുടർന്ന്, ഇരകളോട് അവർ രാജ്യത്ത് നിയമവിരുദ്ധമായാണ് നിൽക്കുന്നതെന്ന് പറയുന്നു, ഇത് മനുഷ്യക്കടത്തുകാരോടുള്ള ആശ്രയത്വം വർദ്ധിപ്പിക്കുന്നു. രേഖകൾ ഇല്ലാതെ, അവർക്ക് രാജ്യത്ത് താമസിക്കാനുള്ള അവകാശം തെളിയിക്കാനോ സഹായത്തിനായി അധികാരികളെ സമീപിക്കാനോ കഴിയില്ല. ഇരകളെ പലപ്പോഴും ഒറ്റപ്പെടുത്തുകയോ തടവിലാക്കുകയോ ചെയ്യുന്നു. മനുഷ്യക്കടത്തുകാരിൽ നിന്നുള്ള മോചനത്തിനായി റിക്രൂട്ട്മെന്റ്, യാത്ര, മറ്റ് ഫീസുകൾ എന്നിവയ്ക്കായി വലിയ തുകകൾ അടയ്ക്കാൻ അവർ ബാധ്യസ്ഥരാണ്, ഇത് അവരെ വലിയ കടബാധ്യതയിലാക്കുന്നു. ഇയു (EU) നിയമങ്ങൾ അനുസരിച്ച് മനുഷ്യക്കടത്തിന് കഠിനമായി ശിക്ഷകൾ ലഭിക്കും. അത്തരമൊരു കുറ്റകൃത്യത്തിന് നിങ്ങൾ ഇരയായതായി കണ്ടെത്തിയാൽ, ഒറ്റപ്പെടുത്തപ്പെട്ട അവസ്ഥയിൽ നിന്ന് രക്ഷപെട്ട് പോലീസിൽ റിപ്പോർട്ട് ചെയ്യണം. പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനോ നിങ്ങൾക്ക് സഹായം, പിന്തുണ, സംരക്ഷണം എന്നിവ നൽകാൻ കഴിയുന്ന സേവനങ്ങളിലേക്ക് റഫർ ചെയ്യുന്നതിനോ ഉൾപ്പെടെ നിങ്ങളെ സഹായിക്കാനാകുന്ന സിവിൽ സൊസൈറ്റി സംഘടനകളുമുണ്ട്.

കൂടാതെ, നിങ്ങൾ അനുമതിയില്ലാതെ ഇയുവിൽ (EU) താമസിക്കുകയാണെങ്കിൽ, ജോലി ലഭിക്കുന്നതിലും താമസിക്കാൻ ഒരു സ്ഥലം കണ്ടെത്തുന്നതിലും വിദ്യാഭ്യാസവും ആരോഗ്യപരിചരണവും ലഭ്യമാക്കുന്നതിലും നിങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നേക്കാം. ഇത് കൂടുതൽ അപകടസാധ്യതകളിലേക്കും ചൂഷണ സാധ്യതയിലേക്കും നയിക്കാം.

ഒരു വ്യക്തി മനുഷ്യക്കടത്തിന് ഇരയായിട്ടുണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കാൻ ഒരു നിശ്ചിത ഫോർമുല ഇല്ലെങ്കിലും, നൽകിയിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യക്കടത്തിന്റെ ഘടകങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്ന് നിർണ്ണയിക്കാൻ ഈ ചോദ്യങ്ങളുടെ പട്ടിക സഹായിക്കും.

- നിങ്ങളുടെ ജോലിസ്ഥലം വിട്ടുപോകാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടോ?
- നിങ്ങൾ ശാരീരികമായോ, ലൈംഗികമായോ, മാനസികമായോ പീഡിപ്പിക്കപ്പെടുന്നുണ്ടോ?
- നിങ്ങൾക്ക് സാധുവായ ഒരു പാസ്പോർട്ടോ തിരിച്ചറിയൽ കാർഡോ ഉണ്ടോ? ഈ രേഖകൾ നിങ്ങളുടെ കൈവശമുണ്ടോ?
- നിങ്ങളുടെ ജോലിയുടെ വേതനവും വ്യവസ്ഥകളും എന്താണ്? നിങ്ങളുടെ വേതനം തടഞ്ഞുവയ്ക്കപ്പെടുന്നുണ്ടോ? തൊഴിൽ സാഹചര്യങ്ങൾ ദുരുപയോഗപരമോ ചൂഷണപരമോ ആണോ?

- നിങ്ങളുടെ ജീവിത സാഹചര്യങ്ങളെയും തൊഴിൽ സാഹചര്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ആരോടെങ്കിലും പങ്കിടാൻ നിങ്ങൾ ഭയപ്പെടുന്നുണ്ടോ?
- നിങ്ങൾക്ക് വലിയ കടമുണ്ടോ അതോ കടം വർദ്ധിക്കുന്നുണ്ടോ?
- നിങ്ങളോ നിങ്ങളുടെ കുടുംബാംഗങ്ങളോ ഭീഷണി നേരിടുന്നുണ്ടോ?
- ഈ ജോലി ഉപേക്ഷിച്ചാൽ നിങ്ങൾക്കോ നിങ്ങളുടെ കുടുംബാംഗത്തിനോ എന്തെങ്കിലും മോശമായി സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടോ?

## 6.5 ഈ അപകടസാധ്യതകൾ എങ്ങനെ ഒഴിവാക്കാം?

വളരെ ജാഗ്രത പാലിക്കുക, ഇയുവിൽ (EU) സത്യമാകാൻ സാധ്യതയില്ലാത്തത്ര നല്ലതായി തോന്നുന്ന ഏതൊരു ജോലിയും സ്വീകരിക്കുന്നതിനു മുമ്പ് വിശദമായി പരിശോധിക്കുക. ഒരു കുടിയേറ്റ കള്ളക്കടത്ത് ശൃംഖല പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ സൂചനയായിരിക്കാം അത്, നിങ്ങൾ അവരുടെ അടുത്ത ഇരയാകാം. ഇയുവിൽ (EU) ഹ്രസ്വകാല അല്ലെങ്കിൽ ദീർഘകാല താമസത്തിനായി നിയമപരമായി എങ്ങനെ പ്രവേശിക്കാം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്ക് കോൺസുലർ അധികാരികളെ ബന്ധപ്പെടുകയും സർക്കാർ വെബ്സൈറ്റുകൾ പരിശോധിക്കുകയും ചെയ്യുക.

### നിയമവിരുദ്ധ നിയമനത്തിന് ഇരയായാൽ എന്തുചെയ്യണം?

റിക്രൂട്ടിംഗ് ഏജന്റുമാർക്കെതിരായ പരാതികൾ തപാൽ വഴിയോ pge@mea.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ നൽകാം. പരാതികൾ 16 പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിൽ ഒരാൾക്ക്[31] സമർപ്പിക്കാവുന്നതാണ്. സഹായം അഭ്യർത്ഥിക്കാൻ 1800-11-3090 എന്ന ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പറിലും വിളിക്കാം. പരാതിയുള്ള ഒരു കുടിയേറ്റക്കാരന് പോകാനാഗ്രഹിക്കുന്ന രാജ്യത്തെ ഇന്ത്യൻ മിഷനിൽ ടെലിഫോൺ വഴിയോ ഇ-മെയിൽ വഴിയോ പരാതി നൽകാം. ഇന്ത്യൻ മിഷനുകളെ ബന്ധപ്പെടാനുള്ള വിവരങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന്റെ (MEA) വെബ്സൈറ്റിൽ (https://mea.gov.in/indian-missions-abroad-new.htm) ലഭ്യമായ ഇന്ററാക്റ്റീവ് മാപ്പിൽ കാണാം. കൂടുതൽ വിവരങ്ങൾക്ക്, ഈ മാപ്പിൽ നിങ്ങളാഗ്രഹിക്കുന്ന രാജ്യത്തിൽ ക്ലിക്ക് ചെയ്യുക.

**ഇന്ററാക്റ്റീവ് മാപ്പ് - വിദേശത്തുള്ള ഇന്ത്യൻ മിഷനുകൾ[30]**




30. ഇന്ത്യൻ മിഷനുകളുടെ വിശദമായ പട്ടിക ഇവിടെ ലഭ്യമാണ്: https://igod.gov.in/int/INMISS/organizations
31. https://www.mea.gov.in/Images/attach/01-Overview-04-2024.pdf

**മനുഷ്യക്കടത്തിന് ഇരയായാൽ എന്തുചെയ്യണം?**

നിങ്ങൾ മനുഷ്യക്കടത്തിന് ഇരയായാൽ അല്ലെങ്കിൽ ഒരു മനുഷ്യക്കടത്ത് സാഹചര്യത്തെക്കുറിച്ച് വിവരം ലഭിച്ചാൽ, ഉടൻ തന്നെ പ്രാദേശിക പോലീസ്, ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ, എംബസികൾ, ട്രേഡ് യൂണിയനുകൾ, സർക്കാരിതര സംഘടനകൾ, കുടിയേറ്റക്കാരുടെ അസോസിയേഷനുകൾ എന്നിവരെ അറിയിക്കുക. ഉദാഹരണത്തിന്, യൂറോപ്യൻ കമ്മീഷന്റെ ഇനിപ്പറയുന്ന ആന്റി-ട്രാഫിക്കിംഗ് വെബ്സൈറ്റിൽ അംഗരാജ്യങ്ങളിലെ പ്രസക്തമായ കോൺടാക്റ്റ് വിവരങ്ങൾ അടങ്ങിയിരിക്കുന്നു: https://home-affairs.ec.europa.eu/policies/internal-security/organised-crime-and-human-trafficking/together-against-trafficking-human-beings/national-hotlines_en. അതുപോലെ ഇയുവിൽ (EU) മനുഷ്യക്കടത്തിന് ഇരയായവർക്ക് വേണ്ടി പ്രവർത്തിക്കുന്ന സിവിൽ സൊസൈറ്റി സംഘടനകളുടെ പട്ടിക ഇവിടെ ലഭ്യമാണ്: https://home-affairs.ec.europa.eu/document/download/ce3caea2-9939-49e4-af1a-11191b368ac3_en?filename=EU-Civil-Society-Platform-participants_en.pdf

**പട്ടിക 3:** ഇയുവിലേക്കുള്ള (EU) സുരക്ഷിതവും നിയമപരവുമായ കുടിയേറ്റത്തിന് ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ.

| ചെയ്യേണ്ടവ | ചെയ്യരുതാത്തവ |
|---|---|
| നിങ്ങളുടെ വിസയുടെ ആധികാരികത നിങ്ങൾ പോകാനാഗ്രഹിക്കുന്ന രാജ്യത്തെ എംബസിയുമായി ബന്ധപ്പെട്ട് പരിശോധിക്കുക. എംബസിയുമായി നേരിട്ട് ബന്ധപ്പെടാനും നിങ്ങളുടെ പാസ്പോർട്ട് വിശദാംശങ്ങൾ നൽകി വിസ സ്റ്റാറ്റസിനെക്കുറിച്ച് അന്വേഷിക്കാനും കഴിയും. | വിദേശകാര്യ മന്ത്രാലയത്തിൽ (MEA) ശരിയാംവിധം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റിക്രൂട്ട്മെന്റ് ഏജൻസികൾ വഴി അപേക്ഷിക്കരുത്. |
| ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ നിങ്ങളുടെ തൊഴിൽ കരാറിന്റെ ഒറിജിനൽ പകർപ്പ് നിർബന്ധപൂർവ്വം ആവശ്യപ്പെടുക. | ലൈസൻസുള്ള ഏജൻസിയുടെ അംഗീകൃത പ്രതിനിധിയല്ലാത്ത ഒരു വ്യക്തിയുമായും ഇടപാട് നടത്തരുത്. |
| ഇന്ത്യ വിടുന്നതിനുമുമ്പ് നിങ്ങളുടെ തൊഴിൽ കരാറിന്റെ ഒരു പകർപ്പ്, പാസ്പോർട്ടിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പുകൾ എന്നിവ നിങ്ങളുടെ കുടുംബത്തെ ഏൽപ്പിക്കുക. | നിയമപരമായി കുടിയേറാൻ ആഗ്രഹിക്കുന്നുവെങ്കിൽ ജോലി ആവശ്യങ്ങൾക്കായി സന്ദർശക, ടൂറിസ്റ്റ് അല്ലെങ്കിൽ വിദ്യാർത്ഥി വിസകൾ സ്വീകരിക്കരുത്. ഇയുവിൽ എത്തിക്കഴിഞ്ഞാൽ നിയമപരമായ കുടിയേറ്റ തൊഴിലാളിയായി അംഗീകരിക്കപ്പെടുന്നതിൽ നിങ്ങൾക്ക് വിവിധ തടസ്സങ്ങൾ നേരിടേണ്ടിവരും. |
| | ഇന്ത്യയിലോ ലക്ഷ്യ രാജ്യത്ത് എത്തിയതിനുശേഷമോ ഒരു സാഹചര്യത്തിലും ശൂന്യമായ പേപ്പറുകളിൽ ഒപ്പിടരുത്. ശൂന്യമായ പേപ്പറുകളിൽ ഒപ്പിടാൻ നിങ്ങളെ പ്രേരിപ്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്താൽ, 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിലും ഇന്ത്യൻ എംബസിയിലും അറിയിക്കുക. |
| | 1983-ലെ എമിഗ്രേഷൻ ആക്റ്റ് പ്രകാരം അനുവദനീയമായ സേവന നിരക്കുകളേക്കാൾ കൂടുതൽ അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് നൽകരുത്. എന്തെങ്കിലും ലംഘനങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട എംബസിയെയോ വിദേശകാര്യ മന്ത്രാലയത്തെയോ (MEA) അറിയിക്കുക. |
| | സാധുവായ ഒരു തൊഴിൽ കരാറും ഔദ്യോഗിക രസീതും ഇല്ലാത്തപക്ഷം സർവീസ് ചാർജുകളോ പ്ലേസ്മെന്റ് ഫീസോ അടയ്ക്കരുത്. |

07

# ഇയുവിൽ (EU) താമസിക്കൽ

## 7.1 സാംസ്കാരിക വൈവിധ്യങ്ങൾക്കുള്ള തയ്യാറെടുപ്പ്

ഒരു പുതിയ സാംസ്കാരിക പരിതസ്ഥിതിയെ നേരിടുമ്പോഴുള്ള ഒരാളുടെ പ്രതികരണമാണ് സാംസ്കാരിക ആഘാതം. ഒരു പുതിയ രാജ്യത്ത് ഉത്കണ്ഠ വലിയ അളവിൽ വർദ്ധിക്കാം, ആ സമയത്ത് നിങ്ങൾക്ക് നിസ്സഹായത തോന്നിയേക്കാം. ഭാഷാ തടസങ്ങൾ, സാമൂഹിക സൂചനകളുടെയും പരിചിതമായ സ്ഥലസൂചനകളുടെയും അഭാവം എന്നിങ്ങനെ വിദേശത്ത് ജീവിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ഉയർന്നുവരാം. ഇത് നിരാശ, ദേഷ്യം, ഉറക്കമില്ലായ്മ എന്നിവയിലേക്ക് നയിക്കാം. എവിടെ, എപ്പോൾ തെരുവ് മുറിച്ചുകടക്കണമെന്ന് അറിയാത്തത്, അല്ലെങ്കിൽ മാർക്കറ്റിലേക്ക് എങ്ങനെ പോകണമെന്ന് അറിയാത്തത് അസ്വസ്ഥതയ്ക്ക് കാരണമാകും. നിങ്ങൾക്ക് ഉത്കണ്ഠയോ ഒറ്റപ്പെടലോ തോന്നാം, ഇതിനെ മറികടക്കാനുള്ള ഏറ്റവും നല്ല മാർഗങ്ങളിലൊന്ന് കുടുംബവുമായി ബന്ധം നിലനിർത്തുക, പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കുക, രാജ്യമെമ്പാടും സഞ്ചരിക്കുക എന്നിവയായിരിക്കാം.

സാംസ്കാരിക ആഘാതത്തിന് തയ്യാറെടുക്കുന്നതിലെ ആദ്യപടി അത് എന്താണെന്ന് അറിയുക എന്നതാണ്. നിങ്ങൾ പോകുന്ന രാജ്യത്തെക്കുറിച്ച് കഴിയുന്നത്ര വിവരങ്ങൾ അറിഞ്ഞിരിക്കുക. നിങ്ങൾ ഇതുവരെ പരിചയിച്ചതിൽ നിന്ന് വ്യത്യസ്തമായ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ കണ്ടേക്കാം.

ഇയുവിൽ (EU) അണുകുടുംബങ്ങൾ സർവസാധാരണമാണ്. പലപ്പോഴും, യുവാക്കൾ 18 വയസ്സുള്ളപ്പോൾ മാതാപിതാക്കളുടെ വീട്ടിൽ നിന്ന് മാറുകയും ചെറുപ്രായത്തിൽ തന്നെ സാമ്പത്തികമായി സ്വതന്ത്രരാകുകയും ചെയ്യുന്നു. തൽഫലമായി, തീരുമാനങ്ങൾ എടുക്കുമ്പോൾ എപ്പോഴും കുടുംബത്തിന്റെ അഭിപ്രായങ്ങൾ കണക്കാക്കണമെന്നില്ല, കൂടാതെ ചെറുപ്പക്കാരും പ്രായമായവരും, പുരുഷന്മാരും സ്ത്രീകളുമൊക്കെ തമ്മിലുള്ള ബന്ധങ്ങൾ വ്യത്യസ്തവും കൂടുതൽ സമത്വമുള്ളതുമാണ്. ഇവയുമായി പൊരുത്തപ്പെടാൻ സമയമെടുത്തേക്കാം. ഇതിനുപുറമെ, മറ്റ് നിരവധി വ്യത്യാസങ്ങളും ഉണ്ടാകും. നിങ്ങൾ വ്യത്യസ്ത ആളുകളെ നിരീക്ഷിക്കുകയും പഠിക്കുകയും അവരുമായി സംസാരിക്കുകയും ചെയ്യുന്നത് ഉപയോഗപ്രദമാകും. അവിടുത്തെ സാംസ്കാരത്തെക്കുറിച്ച് ഒരു ജിജ്ഞാസ വളർത്തിയെടുക്കാനും, യൂറോപ്യൻ സംസ്കാരത്തിന്റെ സൂക്ഷ്മതകളെക്കുറിച്ച് പഠിക്കാനും, പൊതുവായ അനുമാനങ്ങളും സ്റ്റീരിയോടൈപ്പുകളും ഉപയോഗിക്കുന്നത് ഒഴിവാക്കാനും ഇത് ഉപയോഗപ്രദമാണ്.

ഒരു ഇയു (EU) രാജ്യത്ത് താമസ സൗകര്യവും സ്കൂളും കണ്ടെത്തൽ, നികുതികൾ, ജീവിതച്ചെലവ്, ആരോഗ്യം, സാമൂഹിക നിയമനിർമ്മാണം, യോഗ്യതകളുടെ താരതമ്യം മുതലായവയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് നിങ്ങളെ സഹായിക്കുന്നതിന്, ഇയുആർഇഎസ് (EURES) പോർട്ടലിൽ[32] ലഭ്യമായ ജീവിത, തൊഴിൽ സാഹചര്യ വെബ്പേജ് നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

## 7.2 യൂറോപ്പിലെ സംസ്കാരം

### യൂറോപ്യൻ മൂല്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് എത്രത്തോളം അറിയാം?

മനുഷ്യന്റെ അന്തസിനോടും മനുഷ്യാവകാശങ്ങളോടും, സ്വാതന്ത്ര്യത്തോടും, ജനാധിപത്യത്തോടും, സമത്വത്തോടും, നിയമവാഴ്ചയോടുമുള്ള ബഹുമാനമാണ് യൂറോപ്യൻ യൂണിയന്റെ അടിസ്ഥാന മൂല്യങ്ങൾ[33], ഇവ കുടിയേറ്റക്കാർക്കും ബാധകമാണ്.

**മനുഷ്യന്റെ അന്തസ്:** എല്ലാവരെയും ബഹുമാനിക്കണം, ഇത് അലംഘനീയമാണ്.

**സ്വാതന്ത്ര്യം:** ഇതിൽ സ്വകാര്യ ജീവിതത്തോടും സ്വകാര്യതയോടുമുള്ള ബഹുമാനം, ചിന്താ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സ്വതന്ത്രമായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യം, സ്വയം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം, വിവരങ്ങൾ പങ്കിടാനുള്ള സ്വാതന്ത്ര്യം എന്നിവ ഉൾപ്പെടുന്നു.

**ജനാധിപത്യം:** ജനങ്ങൾ തങ്ങളുടെ നേതാക്കൾക്ക് വോട്ട് ചെയ്യുന്നു, തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ പൊതുജനാഭിപ്രായങ്ങളെയും പ്രതിനിധീകരിക്കുന്നു.

**സമത്വം:** നിയമത്തിന് മുന്നിൽ എല്ലാ പൗരന്മാർക്കും തുല്യ അവകാശങ്ങളാണുള്ളത്. സ്ത്രീ-പുരുഷ സമത്വം,

32. https://eures.europa.eu/living-and-working/living-and-working-conditions-europe_en

33. കൂടുതൽ വിവരങ്ങൾ https://ec.europa.eu/component-library/eu/about/eu-values/ എന്നതിൽ ലഭ്യമാണ്.

തുല്യ ജോലിക്ക് തുല്യ വേതനം തുടങ്ങിയവയിലേക്കും ഈ തത്വം വ്യാപിക്കുന്നു. സ്ത്രീകൾ കൂടുതലായി നേതൃസ്ഥാനങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുന്നതും കാണാം. നിങ്ങളുടെ മേലധികാരികളും സൂപ്പർവൈസർമാരും സ്ത്രീകളായിരിക്കാം.

**നിയമവാഴ്ച:** ഇയുവിൽ (EU) നിയമവാഴ്ചയെ അടിസ്ഥാന തത്വമായി കണക്കാക്കുന്നു. ഇയുവിൽ (EU) നടക്കുന്നതെല്ലാം അതിന്റെ എംഎസ് (MS) സ്വമേധയാ അംഗീകരിച്ചതും ജനാധിപത്യപരമായി സമ്മതിച്ചതുമായ ഉടമ്പടികളെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്വതന്ത്രമായ ജുഡീഷ്യറി നീതി ഉറപ്പാക്കുന്നു.

**മനുഷ്യാവകാശങ്ങൾ:** മനുഷ്യാവകാശങ്ങൾ മൗലിക അവകാശങ്ങൾ സംബന്ധിച്ച ഇയു (EU) ചാർട്ടർ വഴി സംരക്ഷിക്കപ്പെടുന്നു. ലിംഗഭേദം, വംശം, വംശീയ ഉത്ഭവം, മതം അല്ലെങ്കിൽ വിശ്വാസം, വൈകല്യം, പ്രായം അല്ലെങ്കിൽ ലൈംഗിക ആഭിമുഖ്യം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്ന് മുക്തരായിരിക്കാനുള്ള അവകാശം, നിങ്ങളുടെ സ്വകാര്യ ഡാറ്റ സംരക്ഷിക്കാനുള്ള അവകാശം, നീതി ലഭ്യമാക്കാനുള്ള അവകാശം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഒരു പുരുഷൻ വീട്ടിലുള്ള ഭർത്താവിനെക്കുറിച്ച് സംസാരിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

ഇയുവിലെ (EU) ജോലിസ്ഥലങ്ങളിൽ ഉയർന്ന നിലവാരത്തിലുള്ള പ്രൊഫഷണലിസമുണ്ട്, എല്ലാവരും തങ്ങളെ ഏൽപ്പിച്ച ജോലി ചെയ്യണമെന്ന് പ്രതീക്ഷിക്കുന്നു. സമയക്രമം കർശനമായി പാലിക്കുന്നു, ഓവർടൈമിന് നിയമം അനുശാസിക്കുന്ന പണം നൽകുമെങ്കിലും, ഓവർടൈം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല, അത് സാധാരണവുമല്ല.

നിങ്ങളുടെ പ്രൊഫഷണൽ പ്രതിബദ്ധതകളും വ്യക്തിജീവിതവും സന്തുലിതമായി നിലനിർത്തേണ്ടത് പ്രധാനമായി കണക്കാക്കപ്പെടുന്നു. എല്ലാവരെയും തുല്യതയോടെയും ബഹുമാനത്തോടെയും പരിഗണിക്കപ്പെടുമെന്നും പുരുഷന്മാരെയും സ്ത്രീകളെയും തുല്യരായി പരിഗണിക്കപ്പെടുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

## 7.3 നിങ്ങളുടെ ആരോഗ്യം ശ്രദ്ധിക്കുക

### ഇയുവിലേക്ക് (EU) യാത്ര ചെയ്യാനും അവിടെ താമസിക്കാനും നിങ്ങൾക്ക് കഴിയുമോ?

നിങ്ങൾക്ക് ഒരു തൊഴിൽ കരാർ നൽകുന്നതിനു മുമ്പ് ഒരു മെഡിക്കൽ പരിശോധനയിലൂടെ കടന്നുപോകേണ്ടി വരാം. നിങ്ങൾ ജോലിക്ക് ശാരീരികമായും മാനസികമായും ഫിറ്റാണെന്നും നിങ്ങളുടെ ആരോഗ്യസ്ഥിതി രാജ്യത്ത് പൊതുജനാരോഗ്യത്തിന് അപകടമുണ്ടാക്കുന്നില്ലെന്നും ഉറപ്പാക്കുന്നതിനാണിത്. നിർദ്ദിഷ്ട വാക്സിനേഷനുകൾ എടുക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം, ഈ ചെലവുകൾ തൊഴിലുടമ വഹിക്കണം. നിങ്ങളുടെ യാത്രയിൽ ഉടനീളം നിങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, നിങ്ങളുടെ ടിക്കറ്റിനൊപ്പം യാത്രാ ഇൻഷുറൻസ് ഉണ്ടായിരിക്കണം.

### ഇയുവിൽ (EU) വച്ച് നിങ്ങൾക്ക് അസുഖം വന്നാൽ എന്തുചെയ്യും?

ഇയുവിൽ (EU) താമസിക്കുന്ന എല്ലാവർക്കും മെഡിക്കൽ ഇൻഷുറൻസ് നിർബന്ധമാണ്. അതിനാൽ, ഇയുവിലേക്ക് (EU) കുടിയേറുന്ന എല്ലാ ഇന്ത്യൻ കുടിയേറ്റക്കാർക്കും ഇയുവിൽ (EU) പ്രവേശിക്കുന്ന ദിവസം മുതൽ ആരോഗ്യ ഇൻഷുറൻസ് ഉണ്ടായിരിക്കണം.

സാധാരണയായി, നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്കായി ഇൻഷുറൻസ് എടുക്കും, ഇത് സാധാരണയായി അടിയന്തര സാഹചര്യങ്ങൾ, ആശുപത്രി ചെലവുകൾ, ഔട്ട്പേഷ്യന്റ് പരിചരണം, നിർദ്ദേശിക്കപ്പെട്ട മരുന്നുകൾ, തെറാപ്പി, പ്രസവ പരിചരണം, ലബോറട്ടറി പരിശോധനകൾ എന്നിവ കവർ ചെയ്യും. കവറേജ് തുക നിങ്ങളുടെ തൊഴിലുടമ നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പ്ലാനിനെയും നിർദ്ദിഷ്ട ഇയു (EU) എംഎസ് (MS) നിയമത്തെയും ആശ്രയിച്ചിരിക്കും. ഹ്രസ്വകാല തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന ഇയു (EU) രാജ്യങ്ങളിലേക്ക് അവരുടെ ഇന്ത്യൻ സ്കീമുകൾ വ്യാപിപ്പിക്കാൻ കഴിയും.

കോവിഡ്-19 (COVID-19) മഹാമാരി പോലുള്ള ആരോഗ്യ അടിയന്തര സാഹചര്യങ്ങൾ അധിക യാത്രാ ആവശ്യകതകളിലേക്ക് നയിക്കാം. നിങ്ങൾ പുറപ്പെടുന്നതിനു മുമ്പ് മാറ്റങ്ങളെക്കുറിച്ച് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കണം.

## 7.4 താമസവും താമസ സംബന്ധമായ ചെലവുകളും

ഇയുവിൽ (EU) ഒരു അപ്പാർട്ട്മെന്റ് അന്വേഷിക്കുന്നത് ബുദ്ധിമുട്ടുള്ളതും സമ്മർദ്ദമുണ്ടാക്കുന്നതുമാണ്. ഇന്ത്യ വിടുന്നതിനു മുമ്പ് വാടകയ്ക്ക് ഒരു സ്ഥലം നോക്കാൻ തുടങ്ങുന്നതാണ് നല്ലത്, അല്ലെങ്കിൽ സ്ഥലം കണ്ടെത്താൻ ഒഴിവു സമയം ഉപയോഗിക്കുക. ഇയുവിലെ (EU) അടിസ്ഥാന വാടക രീതികളും പദാവലികളും നിങ്ങൾ സ്വയം മനസ്സിലാക്കണം. ഉദാഹരണത്തിന്, വാടകയ്ക്ക് പുറമേ ഭവന ചെലവുകളെക്കുറിച്ചും നിങ്ങൾ അറിഞ്ഞിരിക്കണം. പൊതുവേ, യൂറോപ്പിൽ, ശരാശരി കുടുംബത്തിന്റെ അറ്റാദായത്തിന്റെ ഏറ്റവും വലിയ പങ്ക് വാടകയ്ക്കും ഭവന സംബന്ധമായ ചെലവുകളായ വൈദ്യുതി, ചൂടാക്കൽ, ഗ്യാസ് മുതലായവയ്ക്കുമാണ് ചെലവാകുന്നത്. വാടകയിൽ മാലിന്യം ഒഴിവാക്കൽ, ക്ലീനിംഗ് ചെലവുകൾ, ചിലപ്പോൾ വൈ-ഫൈ (Wi-Fi), വെള്ളം, വൈദ്യുതി, ഹീറ്റിംഗ് തുടങ്ങിയ അധിക ചെലവുകൾ ഉൾപ്പെടുന്നുണ്ടോ എന്ന് അറിയേണ്ടത് പ്രധാനമാണ്. പുതിയ രാജ്യത്തെ നിങ്ങളുടെ സുഹൃത്തുക്കളുടെയോ സഹപ്രവർത്തകരുടെയോ സഹായം ചോദിക്കുന്നത് ഉചിതമായിരിക്കും.

പ്രദേശവും നഗരവുമനുസരിച്ചും താമസത്തിന്റെ തരത്തെ ആശ്രയിച്ചും വാടകയിൽ വലിയ വ്യത്യാസമുണ്ടാകുന്നു. പ്രത്യേകിച്ച് നിരവധി കുടിയേറ്റക്കാർ വാടക പങ്കിടാൻ ഒരുമിച്ച് താമസിക്കുന്ന വലിയ നഗരങ്ങളിൽ താമസം വളരെ ചെലവേറിയതാകാം. തീർച്ചയായും, ചെറിയ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വാടക കുറവാണ്, പ്രത്യേകിച്ച് തെക്കൻ, കിഴക്കൻ യൂറോപ്പിൽ. മിക്ക

സാഹചര്യങ്ങളിലും, ഒരു വീട് വാടകയ്ക്കെടുക്കുന്നതിന് ഒരു ഡിപ്പോസിറ്റ് നൽകാൻ നിങ്ങളോട് ആവശ്യപ്പെടും. ഡിപ്പോസിറ്റായി തുക ഒരു മാസം മുതൽ മൂന്ന് മാസം വരെയുള്ള വാടകയുടെ തുക ഈടാക്കാറുണ്ട്.

## താമസവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ

- താമസ സൗകര്യം കണ്ടെത്താൻ നിങ്ങളുടെ തൊഴിലുടമയോ സുഹൃത്തോ നിങ്ങളെ സഹായിക്കുമോ?
- നിങ്ങൾക്ക് ഒരു പങ്കിട്ട മുറിയോ പ്രത്യേക മുറിയോ വേണോ?
- നിങ്ങളുടെ ജോലിസ്ഥലത്ത് താമസിക്കേണ്ടതുണ്ടോ? നിങ്ങളുടെ മുറിയിലുള്ളവർ ആരൊക്കെയാണ്?
- പണം നൽകുന്നതിനു മുൻപ് മുറി കാണാൻ കഴിയുമോ?
- നിങ്ങൾ പോകുന്ന രാജ്യത്തെ താമസത്തിനായി കുടിയേറ്റക്കാർക്ക് സാധാരണ എത്ര പണം ചെലവാകും?
- വീട് പൊതുഗതാഗത സൗകര്യങ്ങളിൽ നിന്ന് വളരെ അകലെയാണോ? ജോലിസ്ഥലത്ത് നിന്ന് എത്ര ദൂരമുണ്ട്?
- ഒന്നോ രണ്ടോ മൂന്നോ മാസത്തെ വാടക മുൻകൂറായി നൽകേണ്ടതുണ്ടോ?
- നിങ്ങൾ ഓൺലൈനിൽ കണ്ടെത്തിയ മുറിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തട്ടിപ്പുണ്ടോ? ഓൺലൈൻ സേവന ദാതാക്കൾ എപ്പോഴും വിശ്വസനീയരായിരിക്കണമെന്നില്ല എന്നതിനാൽ, സുഹൃത്തുക്കൾക്കും തൊഴിലുടമകൾക്കും പരിശോധിച്ച് ഉറപ്പാക്കാൻ സഹായിക്കാനാകും



**കുറിപ്പ്**

*മൂന്ന് മാസത്തേക്ക് വാടക, ഭക്ഷണം, വസ്ത്രം, ഗതാഗതം തുടങ്ങിയ ജീവിതച്ചെലവുകൾ വഹിക്കാൻ ആവശ്യമായ പണവും നിങ്ങൾ കൊണ്ടുവരണം. എത്ര പണം കൊണ്ടുവരണമെന്ന് തീരുമാനിക്കുമ്പോൾ, നിങ്ങൾ താമസിക്കാൻ ഉദ്ദേശിക്കുന്ന ഇയു (EU) പ്രദേശത്തെ ജീവിതച്ചെലവ് അന്വേഷിച്ച് അറിയുന്നത് സഹായകമാകും*

## 7.5 ഇന്ത്യൻ എംബസിയെ വിവരങ്ങൾ അറിയിക്കൽ

പോകുന്ന രാജ്യത്തെ ഇന്ത്യൻ എംബസിയിൽ പോയി രജിസ്റ്റർ ചെയ്യാനുള്ള നിർദേശം പൊതുവേ നൽകാറുണ്ട്. ഇതിലൂടെ എംബസിക്ക് നിങ്ങൾ അവിടെയാണുള്ളതെന്ന് അറിയാനും അടിയന്തര സാഹചര്യങ്ങളിൽ നിങ്ങളുമായി ബന്ധപ്പെടാനും കഴിയും. രാജ്യത്ത് എംബസി ഇല്ലെങ്കിൽ ഏറ്റവും അടുത്തുള്ള, മറ്റൊരു രാജ്യത്തെ എംബസി ഏതാണെന്ന് അന്വേഷിക്കുക. എംബസികൾ കണ്ടെത്താൻ എംഇഎ (MEA) വെബ്സൈറ്റ് പരിശോധിക്കുക (https://mea. gov. in/indian-missionsabroad-new.htm).

## 7.6 യാത്ര ചെയ്യൽ

ഇയുവിലെ (EU) മിക്ക രാജ്യങ്ങളിലെയും പൊതുഗതാഗത സംവിധാനങ്ങൾ വളരെ വിപുലമാണ്, നിങ്ങൾക്ക് സാധാരണയായി സ്വകാര്യ ഗതാഗതം ആവശ്യമായി വരില്ല. കാർ സ്വന്തമാക്കുന്നത് ഒരു സ്റ്റാറ്റസ് സിംബലായി കാണുന്ന പല രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, പ്രധാന യൂറോപ്യൻ നഗരങ്ങളിലുള്ള ആളുകൾ പൊതുഗതാഗതത്തെ ആശ്രയിച്ചാണ് യാത്ര ചെയ്യുന്നത്. നെതർലാൻഡ്സ് പോലുള്ള രാജ്യങ്ങളിൽ, ഗതാഗത മാർഗ്ഗമായി സൈക്കിളുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ഇയുവിലെ (EU) എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളും നഗരവുമായി പൊതുഗതാഗതം വഴി ബന്ധിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ലക്ഷ്യസ്ഥാനത്തിന്റെയും റൂട്ടിന്റെയും ഒരു മാപ്പ് കൈയിൽ കരുതി പ്രാദേശിക പൊതുഗതാഗത മാർഗം കണ്ടെത്തുക, കാരണം അതിന് സ്വകാര്യ ടാക്സിയേക്കാൾ നിരക്ക് വളരെ കുറവായിരിക്കും.

### ഡ്രൈവിംഗ് ലൈസൻസ്

നിങ്ങൾക്ക് സ്വന്തമായി ഒരു കാർ വാങ്ങണമെങ്കിൽ, നിങ്ങൾ ചെല്ലുന്ന രാജ്യത്ത് സാധുതയുള്ള ഒരു ഡ്രൈവിംഗ് ലൈസൻസ് ആവശ്യമാണ്. ഒരു ഇയു (EU) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാൻ നിങ്ങൾക്ക് ഇനിപ്പറയുന്നവ ആവശ്യമാണ്:

1. നിങ്ങൾ അപേക്ഷിക്കുന്ന ഇയു (EU) എംഎസ് (MS) സാധാരണയായി താമസിക്കുന്നവരായിരിക്കണം
2. കുറഞ്ഞ പ്രായ നിബന്ധന പാലിക്കണം
3. കുറഞ്ഞ മെഡിക്കൽ ആവശ്യകതകൾ പാലിക്കണം
4. ഡ്രൈവിംഗ് ടെസ്റ്റ് വിജയിക്കണം

ഇയുവിൽ (EU) സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങളെയും കുറിച്ചുള്ള വിപുലമായ വിവരങ്ങൾ https://europa.eu/youreurope/citizens/vehicles/driving-licence/get-driving-licence/index_en.htm എന്നതിൽ ലഭ്യമാണ്

നിങ്ങൾ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളി ഭാഷയായിരിക്കാം, കാരണം പ്രാദേശിക ഭാഷയിൽ നല്ല അറിവും പ്രാവീണ്യവും ടെസ്റ്റ് പാസാകാൻ ആവശ്യമാണ്.

## 7.7 നിങ്ങളുടെ ധനകാര്യം മാനേജ് ചെയ്യൽ

ഇന്ത്യൻ രൂപയിലേക്ക് മാറ്റിയാൽ ഇന്ത്യൻ കുടിയേറ്റ തൊഴിലാളികൾക്ക് യൂറോപ്യൻ ശമ്പളം വളരെ ഉയർന്നതായി തോന്നിയേക്കാം, എന്നാൽ യൂറോപ്പിലെ ജീവിതച്ചെലവും നിങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. എല്ലാ അടിസ്ഥാന ചെലവുകളും കിഴിച്ച ശേഷം, നിങ്ങൾക്ക് പ്രതിദിന ചെലവുകൾ നിറവേറ്റേണ്ടതുണ്ട്, അപ്പോൾ നിങ്ങൾ പ്രതീക്ഷിച്ചതിലും വളരെ ചെറിയ തുക മാത്രമേ നിങ്ങൾക്ക് മാറ്റിവയ്ക്കാൻ കഴിയുകയുള്ളൂ എന്ന് നിങ്ങൾ കണ്ടെത്തിയേക്കാം. അതിനാൽ, നിങ്ങളുടെ സാമ്പത്തികം കൈകാര്യം ചെയ്യുന്നതിനും നിങ്ങളുടെ റിട്ടേൺ, റീഇന്റഗ്രേഷൻ പ്ലാനുകൾ വികസിപ്പിക്കുന്നതിനും ജീവിതച്ചെലവിനെക്കുറിച്ച് നിങ്ങൾ ബോധവാന്മാരായിരിക്കേണ്ടത് നിർണായകമാണ്.

യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളും തൊഴിൽ സാഹചര്യങ്ങളും നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ചിലപ്പോൾ, ഒരേ രാജ്യത്ത്, ചില പ്രദേശങ്ങൾ കൂടുതൽ ചെലവേറിയതും ചിലത് താമസിക്കാൻ ചെലവ് കുറഞ്ഞതുമായിരിക്കും.

പ്രാദേശികമായി, ഇയുവിന്റെ (EU) തെക്കൻ രാജ്യങ്ങളും കിഴക്കൻ രാജ്യങ്ങളും ദരിദ്രമാണ്, അവിടെ കുടിയേറ്റത്തിന് കൂടുതൽ അനുകൂലമായ നിയമങ്ങളുമുണ്ട്. കൂടാതെ, വടക്കൻ, മധ്യ യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് താമസച്ചെലവ്, വേതനം, ജീവിതച്ചെലവുകൾ എന്നിവ കുറവാണ്. നേരെമറിച്ച്, വടക്കൻ, മധ്യ യൂറോപ്യൻ രാജ്യങ്ങളിൽ, കുടിയേറ്റക്കാർക്ക് മെച്ചപ്പെട്ട ജോലികൾ കണ്ടെത്താനും കൂടുതൽ വികസിതമായ ഒരു ക്ഷേമ സംവിധാനത്തെ ആശ്രയിക്കാനും കഴിയും, എന്നാൽ കർശനമായ പ്രവേശന നിയമങ്ങളും ഉയർന്ന ചെലവുകളും കാരണം അവർക്ക് എത്തിച്ചേരുമ്പോൾ നിരവധി വെല്ലുവിളികൾ നേരിടേണ്ടി വന്നേക്കാം. ഇത് പലപ്പോഴും ചില സന്ദർഭങ്ങളിൽ താങ്ങാനാവാത്തതായിരിക്കും.

ഇയുവിൽ (EU) ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന കറൻസി യൂറോയാണ്, 20 ഇയു (EU) എംഎസ് (MS)[34] അവരുടെ കറൻസിയായി യൂറോ ഉപയോഗിക്കുന്നു. യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ വെബ്സൈറ്റിൽ[35] നിങ്ങൾക്ക് യൂറോ വിനിമയ നിരക്കുകൾ കണ്ടെത്താൻ കഴിയും.

ഈ 20 രാജ്യങ്ങളിൽ ഏതെങ്കിലുമൊന്നിലേക്ക് വരുമ്പോൾ നിങ്ങൾ ഒരു ചെറിയ തുകയ്ക്കുള്ള യൂറോ കൊണ്ടുവരണം, അല്ലെങ്കിൽ മറ്റ് രാജ്യങ്ങളുടെ പ്രാദേശിക കറൻസി ഇന്ത്യയിൽ ലഭ്യമാണെങ്കിൽ അത് കൊണ്ടുവരണം. നിങ്ങളുടെ ക്രെഡിറ്റ് കാർഡോ എടിഎം (ATM) കാർഡോ കൊണ്ടുവരാവുന്നതാണ്. യൂറോപ്പിൽ കാർഡുകളുടെ ഉപയോഗം വളരെ സാധാരണമാണ്, മിക്ക സ്ഥലങ്ങളിലും അന്താരാഷ്ട്ര ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ സ്വീകരിക്കപ്പെടും. പണം പിൻവലിക്കുന്നതിന് ഉയർന്ന ഫീസ് ഈടാക്കിയേക്കാം, അതിനാൽ ഇന്ത്യയിലെ നിങ്ങളുടെ പ്രാദേശിക ബാങ്കുമായി ബന്ധപ്പെട്ട് ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ് നല്ലത്.

നിങ്ങൾ ഇയുവിൽ (EU) എത്തി താമസമാക്കിക്കഴിഞ്ഞാൽ, നിങ്ങൾക്ക് ഒരു റസിഡൻസ് പെർമിറ്റ് ലഭിക്കും, മറ്റ് ഗുണങ്ങൾക്കൊപ്പം, ദേശീയ പോസ്റ്റ് ഓഫീസുകളിൽ ഒരു അക്കൗണ്ട് തുറക്കാനും ഡെബിറ്റ് കാർഡിന് (പ്രീപെയ്ഡ്) അപേക്ഷിക്കാനും ഇത് നിങ്ങളെ സഹായിക്കും. പണം ചാർജ് ചെയ്യുന്നതിനും പിൻവലിക്കുന്നതിനും നിങ്ങളുടെ ദൈനംദിന ചെലവുകൾക്കായി (ടിക്കറ്റുകൾ, ഷോപ്പിംഗ്, ബില്ലുകൾ മുതലായവ) ഓൺലൈനായി പണമടയ്ക്കുന്നതിനും ഇത് ഉപയോഗപ്രദമാണ്. ഇയുവിൽ (EU) ക്രെഡിറ്റ് കാർഡുകൾ വളരെ ചെലവേറിയതാണ്.

34. https://european-union.europa.eu/institutions-law-budget/euro/countries-using-euro_en

35. കൂടുതൽ വിവരങ്ങൾ https://europa.eu/youreurope/citizens/travel/carry/using-euro/index_en.htm എന്നതിൽ ലഭ്യമാണ്

## 7.8 ഇന്ത്യയിലേക്ക് പണം അയയ്ക്കൽ

യൂറോയിലെ ഒരു ചെറിയ തുക പോലും ഇന്ത്യൻ രൂപയിൽ വലിയൊരു തുകയാണെന്ന് മനസ്സിലാക്കി പലരും അവരുടെ കുടുംബങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നതിനായി നാട്ടിലേക്ക് പണം അയയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. ഭാവിയിലേക്ക് പണം കരുതിവയ്ക്കാനും നാട്ടിലേക്ക് അയയ്ക്കാവുന്നതാണ്. നിങ്ങൾ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- നിങ്ങളുടെ അഭാവത്തിൽ ഇന്ത്യയിലെ നിങ്ങളുടെ കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ എന്തൊക്കെയാണ്?
- നിങ്ങൾ അവർക്ക് എത്ര തുക അയയ്ക്കാൻ ആഗ്രഹിക്കുന്നു, എത്ര പതിവായി അയയ്ക്കണം?
- തിരിച്ചടയ്ക്കേണ്ട ഏതെങ്കിലും ലോണുകൾ നിങ്ങൾക്കുണ്ടോ?
- ഇന്ത്യയിൽ ഈ പണം സൂക്ഷിക്കുന്നത് ആരായിരിക്കും? ആ വ്യക്തിക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടോ? രാജ്യം വിടുമ്പോൾ എല്ലാ സ്വീകർത്താക്കളുടെയും അക്കൗണ്ടുകളുടെ, ബാങ്ക് കോഡ് ഉൾപ്പെടെയുള്ള, എല്ലാ ബാങ്ക് വിശദാംശങ്ങളും എടുക്കാൻ ഓർമ്മിക്കുക.
- നിങ്ങളുടെ പേരിൽ വിദേശ കറൻസിയിൽ പണം സൂക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? അങ്ങനെ ചെയ്യാൻ, നിങ്ങൾക്ക് ഒരു എൻആർഐ (NRI) അക്കൗണ്ട് തുറക്കാൻ കഴിയുമോ?

ഇന്ത്യയിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ഒരു രീതി തിരഞ്ഞെടുക്കുമ്പോൾ ഇനിപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കുക.

### ഇന്റർനാഷണൽ മണി ട്രാൻസ്ഫറുകൾ

നിങ്ങളുടെ കുടുംബത്തിലേക്കോ ഇന്ത്യയിലെ നിങ്ങളുടെ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്കോ പണം അയയ്ക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങൾക്കായി നിരവധി വ്യത്യസ്ത ഓപ്ഷനുകൾ ഉണ്ട്. ബാങ്കിംഗ് സേവനങ്ങൾ, മണി ട്രാൻസ്ഫർ ഓപ്പറേറ്റർ സേവനങ്ങൾ, ഓൺലൈൻ പേയ്മെന്റ് സൈറ്റുകൾ അല്ലെങ്കിൽ ഫിൻടെക് വഴി ഡിജിറ്റൽ പേയ്മെന്റുകൾ എന്നിവയിലൂടെ നിങ്ങൾക്ക് ഇന്ത്യയിലേക്ക് പണം അയയ്ക്കാം.


### ബാങ്ക് ട്രാൻസ്ഫർ

യൂറോപ്പിലെ ബാങ്കുകളിൽ അക്കൗണ്ട് ഉണ്ടെങ്കിൽ മാത്രമേ അവ വഴി ബാങ്ക് ട്രാൻസ്ഫറുകൾ നടത്താൻ കഴിയൂ. ഈ ട്രാൻസ്ഫറിന് സ്വീകർത്താവിന്റെ ബാങ്കിന്റെ ഒരു ഇന്റർനാഷണൽ ബാങ്ക് അക്കൗണ്ട് നമ്പറും (ഐബാൻ (IBAN)) ബാങ്ക് ഐഡന്റിഫയർ കോഡും (ബിഐസി (BIC)) അല്ലെങ്കിൽ സൊസൈറ്റി ഓഫ് വേൾഡ് വൈഡ് ഇന്റർബാങ്ക് ഫിനാൻഷ്യൽ ടെലികമ്മ്യൂണിക്കേഷൻ കോഡും (സ്വിഫ്റ്റ് (SWIFT)) ആവശ്യമാണ്. ട്രാൻസ്ഫറിന് ആഴ്ചകൾ എടുത്തേക്കാം, വലിയ ചെലവ് വരികയും ചെയ്യാം. ട്രാൻസ്ഫറുകളുടെ എണ്ണം കുറവാണെങ്കിൽ, വലിയ തുകകൾ അയയ്ക്കുമ്പോൾ ഇത് ഉപയോഗപ്രദമായേക്കാം.

**മണി ട്രാൻസ്ഫർ ഏജൻസികൾ:** വെസ്റ്റേൺ യൂണിയൻ അല്ലെങ്കിൽ മണിഗ്രാം പോലുള്ള കമ്പനികൾ

### ഒരു അന്താരാഷ്ട്ര പേയ്മെന്റ് ഓപ്ഷൻ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ചോദ്യങ്ങൾ

- പണം അയയ്ക്കാൻ എത്ര ചെലവാകും?
- നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന വിനിമയ നിരക്ക് എത്രയാണ്?
- എത്ര പെട്ടെന്ന് പണം ലക്ഷ്യസ്ഥാനത്ത് എത്തും?
- രീതി എത്രത്തോളം സുരക്ഷിതമാണ്?
- നിങ്ങൾക്ക് പണം അയയ്ക്കാനും സ്വീകരിക്കുന്നയാൾക്ക് പണം സ്വീകരിക്കാനും എത്രത്തോളം എളുപ്പമാണ്?



വഴി പണം കൈമാറുന്നതിനുള്ള ഈ രീതിക്ക് കുറച്ച് മിനിറ്റുകൾ മാത്രമേ എടുക്കൂ, എന്നാൽ ചെലവുകൾ വളരെ ഉയർന്നതായിരിക്കും, അയയ്ക്കുന്ന തുകയുടെ 3 ശതമാനം, 20 ശതമാനം, ചിലപ്പോൾ 50 ശതമാനം വരെ ഈടാക്കാം. പണം സ്വീകരിക്കുന്നയാൾ നിങ്ങൾ പേര് നൽകിയ ഓഫീസിൽ തിരിച്ചറിയൽ രേഖ കാണിക്കേണ്ടതുണ്ട്. കമ്മീഷൻ, എക്സ്ചേഞ്ച് നിരക്കുകൾ, ട്രാൻസ്ഫർ നിരക്കുകൾ എന്നിവ ഉൾപ്പെടുന്ന കൈമാറ്റ ചെലവുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

**ഡിജിറ്റൽ സേവനങ്ങൾ:** പണത്തിന്റെ കൈമാറ്റത്തിനായി നിരവധി മൊബൈൽ, ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ കൂടുതൽ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. ആപ്പുകൾ വഴി ഓൺലൈനായി അക്കൗണ്ടുകൾ തുറക്കാനും പണം നിക്ഷേപിക്കാനും തൽക്ഷണം അയയ്ക്കാനും കഴിയും. പൂർണ്ണമായും ഡിജിറ്റൽ ആയതിനാൽ, കമ്മീഷൻ ചെലവ് കുറവും ഉപയോഗിക്കാൻ എളുപ്പവുമാണ്. സ്വീകർത്താവിന് പണം ലഭിക്കുന്നത് ബാങ്ക് ട്രാൻസ്ഫർ, മൊബൈൽ മണി വാലറ്റ് അല്ലെങ്കിൽ ക്യാഷ് പിക്ക്-അപ്പ് വഴിയാണ്. യൂറോപ്പിൽ, അറിയപ്പെടുന്ന ചില സേവനങ്ങൾ വൈസ്, വർൾഡ്റിമിറ്റ്, റിമിറ്റ്ലി എന്നിവയാണ്, എന്നാൽ ഈ മേഖല അതിവേഗം വളരുകയാണ്.

ബിറ്റ്കോയിനും ക്രിപ്റ്റോകറൻസിയും സംബന്ധിച്ച് ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്, ഇന്ത്യയിലും ചില ഇയു (EU) എംഎസ് (MS) ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ ഇപ്പോഴും നിർമാണത്തിലായിരിക്കുന്നതിനാൽ ഈ കറൻസികളെക്കുറിച്ച് കൂടുതലറിയാൻ കാത്തിരിക്കുന്നതാണ് നല്ലത്.

സുരക്ഷാ പ്രശ്നങ്ങൾ കാരണവും രാജ്യങ്ങൾ പലപ്പോഴും നിങ്ങൾക്ക് കൊണ്ടുപോകാനോ കൊണ്ടുവരാനോ കഴിയുന്ന തുകയ്ക്ക് പരിധി നിശ്ചയിക്കുന്നതിനാലും, പണമായി കൊണ്ടുപോകുന്നത് ഒരിക്കലും നല്ല ഓപ്ഷനായി കണക്കാക്കുന്നില്ല. നിങ്ങൾക്ക് ഇയുവിലേക്കും (EU) പുറത്തേക്കും പണമായി 10,000 യൂറോയിൽ താഴെ (അല്ലെങ്കിൽ മറ്റ് കറൻസിയിൽ തത്തുല്യമായത്) കൊണ്ടുവരാം അല്ലെങ്കിൽ കൊണ്ടുപോകാം. നിങ്ങൾക്ക് ഏകദേശം 4,000 യൂറോ (5000 യുഎസ് ഡോളറിന് തുല്യം) വെളിപ്പെടുത്തൽ ആവശ്യമില്ലാതെ ഇന്ത്യയിലേക്ക് കൊണ്ടുവരാം; വെളിപ്പെടുത്തുമ്പോൾ തുകയ്ക്ക് പരിധിയില്ല. അനൗപചാരികമോ രജിസ്റ്റർ ചെയ്യാത്തതോ ആയ ഇടനിലക്കാർ വഴിയുള്ള ക്യാഷ് ട്രാൻസ്ഫറുകൾ ഉപയോഗിക്കുന്നത് അപകടസാധ്യതയുള്ളതും സുരക്ഷിതമല്ലാത്തതുമാണ്, അതിനാൽ ഒഴിവാക്കുന്നതാണ് ഉചിതം.

## 7.9 ഇൻഷുറൻസ്

അപ്രതീക്ഷിതമായ ഏതെങ്കിലും ചെലവുകൾക്ക് പരിരക്ഷ നൽകുന്ന ഉചിതമായ ഒരു യാത്രാ ഇൻഷുറൻസും സമഗ്ര മെഡിക്കൽ ഇൻഷുറൻസും വാങ്ങുക. ആരോഗ്യപ്രശ്നങ്ങൾക്ക് നിങ്ങൾ വൈദ്യോപദേശം തേടിയിട്ടുണ്ടെന്നും കാലികമായ വാക്സിനേഷനുകൾ എടുത്തിട്ടുണ്ടെന്നും ഉറപ്പാക്കുക, ഇന്ത്യയിൽ നിന്നുള്ള ഔഷധ ഉൽപ്പന്നങ്ങളോ മരുന്നുകളോ നിങ്ങൾ കൊണ്ടുപോകുകയാണെങ്കിൽ, അവ ഇയുവിൽ (EU) അനുവദനീയമാണെന്ന് ഉറപ്പാക്കുക.

## 7.10 ഭക്ഷണം

യൂറോപ്പിലെ ഭക്ഷണ ശീലങ്ങൾ പ്രദേശത്തിനും സാമൂഹിക വിഭാഗത്തിനും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു, ഇന്ത്യയിൽ സാധാരണയായി കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ് ഇവിടുത്തെ ഭക്ഷണം. പ്രാതലിനും രാത്രി ഭക്ഷണത്തിലും / അത്താഴത്തിലും ബ്രെഡ് ആണ് പ്രധാന ഭക്ഷണം. പുലർച്ചെയുള്ള പ്രാതലിൽ സാധാരണയായി വിവിധതരം ക്രോസന്റ്സ് അല്ലെങ്കിൽ റോളുകൾ ഉൾപ്പെടുന്നു, അതേസമയം രാത്രി ഭക്ഷണത്തിൽ / അത്താഴത്തിൽ സാധാരണയായി ബ്രെഡ്, മാംസം, ചീസ്, ചിലപ്പോൾ സാലഡ് എന്നിവ അടങ്ങിയിരിക്കുന്നു. പച്ചക്കറികൾ പലപ്പോഴും സൂപ്പുകളിലോ സ്റ്റ്യൂകളിലോ ഉപയോഗിക്കുന്നു, സൈഡ് ഡിഷുകളായും വിളമ്പാറുണ്ട്. മാംസം കഴിക്കുന്നതും സാധാരണമാണ്. അരി, പാസ്ത, നൂഡിൽസ് എന്നിവയ്ക്ക് പുറമേ ഉരുളക്കിഴങ്ങും വളരെ ജനപ്രിയമാണ്. എന്നിരുന്നാലും, ചേരുവകളുടെ കാര്യത്തിലും ഭക്ഷണ സമയത്തിന്റെ കാര്യത്തിലും യൂറോപ്പിനുള്ളിൽ ഭക്ഷണശീലങ്ങളിൽ ഗണ്യമായ വ്യത്യാസങ്ങളുണ്ട്. മിക്ക യൂറോപ്യന്മാരും സൂപ്പർമാർക്കറ്റുകളിൽ നിന്നും ബേക്കറികൾ, ഇറച്ചിക്കടകൾ പോലുള്ള സ്പെഷ്യാലിറ്റി ഷോപ്പുകളിൽ നിന്നും ഭക്ഷണം വാങ്ങുന്നു, എന്നാൽ പല സ്ഥലങ്ങളിലും ഔട്ട്ഡോർ ഫുഡ് മാർക്കറ്റുകളും നിലവിലുണ്ട്. യൂറോപ്യൻ റെസ്റ്റോറന്റ് രംഗത്തിന് കുടിയേറ്റക്കാർ കൂടുതൽ വൈവിധ്യം നൽകുന്നു, നിങ്ങൾക്ക് വേണമെങ്കിൽ ഗ്രീക്ക്, ഇറ്റാലിയൻ, ടർക്കിഷ്, ഏഷ്യൻ റെസ്റ്റോറന്റുകൾ നിങ്ങളെ കാത്തിരിക്കുന്നു!

യൂറോപ്യൻ ഭക്ഷണത്തിൽ ഇന്ത്യൻ ഭക്ഷണത്തിലെയത്രയും വ്യത്യസ്ത സുഗന്ധവ്യഞ്ജനങ്ങൾ ഉപയോഗിക്കുന്നില്ല, അതിനാൽ ഇന്ത്യക്കാർക്ക് അതിനോട് പൊരുത്തപ്പെടാൻ ചിലപ്പോൾ ബുദ്ധിമുട്ടായിരിക്കും. നല്ല ഇന്ത്യൻ ഭക്ഷണം പതിവായി ലഭിക്കാൻ ബുദ്ധിമുട്ടാണ്, യൂറോപ്പിലെ പ്രധാന നഗരങ്ങളിൽ നിരവധി ഇന്ത്യൻ റെസ്റ്റോറന്റുകൾ ഉണ്ടെങ്കിലും, നിങ്ങളുടെ ബജറ്റിന് അനുയോജ്യമായ, തനത് രുചിയുള്ള നിങ്ങളുടെ പ്രിയപ്പെട്ട ഭക്ഷണം ലഭ്യമായ ഒന്ന് കണ്ടെത്തുക എന്നത് ഇപ്പോഴും കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്.

ഇന്ത്യൻ അല്ലെങ്കിൽ ഏഷ്യൻ സ്റ്റോറുകളിൽ ചില ഇന്ത്യൻ ചേരുവകൾ സ്റ്റോക്ക് ചെയ്തേക്കാം, എന്നാൽ അവയുടെ വിശാലമായ ഒരു ശ്രേണി ഉണ്ടാകണമെന്നില്ല. പായ്ക്ക് ചെയ്ത ഭക്ഷണം കൊണ്ടുപോകുന്നതിനു പകരം, എളുപ്പം ലഭ്യമാകാത്ത സുഗന്ധവ്യഞ്ജനങ്ങൾ കൊണ്ടുപോകുന്നതാണ് നല്ലത്. അരി, പയർവർഗ്ഗങ്ങൾ, സാധാരണ പച്ചക്കറികൾ എന്നിവ സൂപ്പർമാർക്കറ്റുകളിൽ സുലഭമായി ലഭ്യമാണ്, നിങ്ങൾക്ക് ആവശ്യമുള്ളത് വാങ്ങാൻ കഴിയും. ഇന്ത്യയിൽ നിന്ന് ഇയുവിലേക്ക് (EU) മാംസമോ പാലുൽപ്പന്നങ്ങളോ കൊണ്ടുവരാൻ നിങ്ങൾക്ക് അനുവാദമില്ലെന്ന കാര്യം ശ്രദ്ധിക്കുക[36].

36. ഇയുവിലേക്ക് (EU) ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകുന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ https://europa.eu/youreurope/citizens/travel/ carry/meat-dairy-animal/index_en.htm എന്നതിൽ ലഭ്യമാണ്.

## 7.11 പവർ പ്ലഗുകളും വോൾട്ടേജും

ഇന്ത്യയിൽ നിന്ന് ഇലക്ട്രിക്കൽ ഉപകരണങ്ങളോ വീട്ടുപകരണങ്ങളോ കൊണ്ടുവരുകയാണെങ്കിൽ, യൂറോപ്യൻ ഇലക്ട്രിക് സ്റ്റാൻഡേർഡ് ഇന്ത്യയിലെ പോലെ തന്നെയാണെങ്കിലും (230 വോൾട്ട് (50Hz) AC), ഇയു (EU) എംഎസ് (MS) ഉപയോഗിക്കുന്ന പ്ലഗുകളുടെ തരങ്ങളുമായി അവയ്ക്ക് വ്യത്യാസങ്ങൾ ഉണ്ടാകാം. കൂടാതെ അംഗ രാജ്യങ്ങളിൽ തമ്മിലും ഈ കാര്യത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകാം. നിങ്ങൾക്ക് ഒരു അഡാപ്റ്റർ ആവശ്യമായി വന്നേക്കാം, അല്ലെങ്കിൽ ലോക്കൽ സോക്കറ്റുകൾക്ക് അനുയോജ്യമായ ഒരു ഉപകരണം വാങ്ങേണ്ടി വന്നേക്കാം.

## 7.12 കാലാവസ്ഥ

യൂറോപ്പിൽ പൊതുവെ മിതമായ കാലാവസ്ഥയാണുള്ളത്. പടിഞ്ഞാറൻ, മധ്യ യൂറോപ്പിന്റെ ഭൂരിഭാഗവും സമുദ്ര കാലാവസ്ഥയാണ് അനുഭവിക്കുന്നത്, മിതമായ ചൂടുള്ള വേനൽക്കാലവും തണുത്ത ശൈത്യകാലവും ഇടയ്ക്കിടെ മൂടിക്കെട്ടിയ ആകാശവും അനുഭവപ്പെടുന്നു. തെക്കൻ യൂറോപ്പിന്റെ സവിശേഷത, ചൂടുള്ളതും വരണ്ടതുമായ വേനൽക്കാലവും തണുത്തതും ഈർപ്പമുള്ളതുമായ ശൈത്യകാലവും ഉൾപ്പെടുന്ന ഒരു മെഡിറ്ററേനിയൻ കാലാവസ്ഥയാണ്. എന്നിരുന്നാലും, പല രാജ്യങ്ങളിലെയും കാലാവസ്ഥ പലപ്പോഴും അൽപ്പം പ്രവചനാതീതമായിരിക്കും. അതുകൊണ്ട് നിങ്ങൾ കുറച്ച് ചൂടുള്ള വസ്ത്രങ്ങൾ, നല്ല വാക്കിംഗ് ഷൂസ്, റെയിൻ പ്രൊട്ടക്ഷൻ, കുടകൾ മുതലായവ കരുതണം.

## 7.13 മരുന്ന്

നിങ്ങൾ മരുന്നുകൾ കൊണ്ടുവരുകയാണെങ്കിൽ, അവ അവയുടെ വ്യക്തമായി ലേബൽ ചെയ്ത ഒറിജിനൽ കണ്ടെയ്നറുകളിൽ കൊണ്ടുവരിക. നിങ്ങളുടെ ആരോഗ്യസ്ഥിതി(കളും)യും മരുന്നുകളും വിവരിക്കുന്ന ഡോക്ടർ ഒപ്പിട്ടതും തീയതി രേഖപ്പെടുത്തിയതുമായ ഒരു കത്ത് കൂടി കൊണ്ടുവരേണ്ടതുണ്ട്. നിങ്ങളുടെ കൈവശം സിറിഞ്ചുകളോ സൂചികളോ ഉണ്ടെങ്കിൽ, അവയുടെ മെഡിക്കൽ ആവശ്യകത രേഖപ്പെടുത്തുന്ന ഒരു ഡോക്ടറുടെ കത്ത് കരുതുക. ഒരു ജോടി കോൺടാക്റ്റ് ലെൻസുകളും ഗ്ലാസുകളും അധികമായി കരുതുക, നിങ്ങളുടെ കാഴ്ചശക്തിയുടെ കുറിപ്പടി ഉണ്ടെങ്കിൽ അത് കൂടെ എടുക്കുക.

## 7.14 പ്രധാനപ്പെട്ട പേപ്പറുകളുടെ മാനേജ്മെന്റ്

- നിങ്ങളുടെ പാസ്പോർട്ട് (വിസ പേജുകൾ ഉൾപ്പെടെ), ഇൻഷുറൻസ് പോളിസി, ട്രാവലേഴ്സ് ചെക്കുകൾ, വിസകൾ, ക്രെഡിറ്റ് കാർഡ് നമ്പറുകൾ എന്നിവയുടെ പകർപ്പുകൾ എടുത്തുവയ്ക്കുക. ഒരു കോപ്പി ഒറിജിനലിൽ നിന്ന് മാറ്റി ഒരു പ്രത്യേക സ്ഥലത്ത് സൂക്ഷിക്കുക, ഒരു കോപ്പി വീട്ടിൽ മറ്റൊരാളെ സൂക്ഷിക്കാൻ ഏൽപ്പിക്കുക.
- നിങ്ങളുടെ പാസ്പോർട്ട് സംരക്ഷിക്കുക, അത് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ഉടൻ തന്നെ അക്കാര്യം റിപ്പോർട്ട് ചെയ്യുക. നിങ്ങളുടെ പാസ്പോർട്ട് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ, അധിക പാസ്പോർട്ട് ഫോട്ടോകൾ കൈവശം വയ്ക്കുക, നിങ്ങൾ മറ്റൊരിടത്തായിരിക്കുമ്പോൾ അത് മാറ്റി പുതിയത് എടുക്കേണ്ടിവരുകയും ചെയ്യാം.
- ഇയുവിൽ (EU) നിങ്ങൾ താമസിക്കുന്ന സമയം ന്യായമായ ഒരു കാലയളവാണെങ്കിൽ കോൺസുലാർ സഹായവും അപ്ഡേറ്റുകളും മികച്ച രീതിയിൽ ലഭിക്കുന്നതിനായി, ഇന്ത്യ വിടുന്നതിന് മുമ്പോ എത്തിച്ചേർന്ന ഉടൻ തന്നെയോ പ്രാദേശിക ഇന്ത്യൻ എംബസിയിലോ കോൺസുലേറ്റിലോ രജിസ്റ്റർ ചെയ്യുക.
- ഇന്ത്യയിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പ് നിങ്ങളുടെ തൊഴിലുടമയുടെ മുഴുവൻ പേര്, വിലാസം, ടെലിഫോൺ നമ്പർ, ഫാക്സ് നമ്പർ എന്നിവയും വിമാനത്താവളത്തിൽ നിന്ന് താമസസ്ഥലത്തേക്ക് എത്തിച്ചേരാനുള്ള നിർദ്ദേശങ്ങളും കൈവശം ഉണ്ടായിരിക്കണം.
- നിങ്ങളുടെ പാസ്പോർട്ട് നഷ്ടപ്പെട്ടാൽ, ഉടൻ തന്നെ അടുത്തുള്ള ഇന്ത്യൻ എംബസിയിലോ കോൺസുലേറ്റിലോ അറിയിക്കുകയും പാസ്പോർട്ട് നമ്പർ, ഇഷ്യൂ ചെയ്ത തീയതി, സ്ഥലം, നിങ്ങളുടെ പേര്, ജോലി ചെയ്യുന്ന രാജ്യത്ത് പ്രവേശിച്ച തീയതി എന്നീ പ്രസക്തമായ വിശദാംശങ്ങൾ നൽകുകയും ചെയ്യുക. നിങ്ങളുടെ പാസ്പോർട്ടിന്റെ ഒരു ഫോട്ടോകോപ്പി സുരക്ഷിതമായ സ്ഥലത്ത് സൂക്ഷിച്ചാൽ മാത്രമേ നിങ്ങൾക്ക് ഈ വിശദാംശങ്ങൾ നൽകാൻ കഴിയൂ. രാജ്യത്ത് എംബസി ഇല്ലെങ്കിൽ, എംബസി ഉള്ള ഏറ്റവും അടുത്തുള്ള രാജ്യം ഏതാണെന്ന് അന്വേഷിക്കുക. ഇന്ത്യൻ എംബസികളെ ഈ വെബ്സൈറ്റിൽ കണ്ടെത്താം: https://www.mea.gov.in/indian-missions-abroad-new.htm.
- നിങ്ങളുടെ തൊഴിൽ കരാറിന്റെ പകർപ്പ് നഷ്ടപ്പെടുത്തരുത്. ഫോട്ടോകോപ്പികൾ എടുത്ത് എപ്പോഴും കൈവശം സൂക്ഷിക്കുക. അധിക പകർപ്പുകൾ നിങ്ങളുടെ സുഹൃത്തുക്കളെ ഏൽപ്പിക്കുക.

## 7.15 യൂറോപ്യൻ ഭാഷകൾ

ഇയുവിൽ (EU) ജോലി ചെയ്യുന്നതിലും താമസിക്കുന്നതിലും വിജയകരമായ അനുഭവം നേടുന്നതിന്, പ്രാദേശിക ഭാഷയിലുള്ള അറിവ് ഒരുപക്ഷേ ഏറ്റവും അത്യാവശ്യമാണ്, പല സന്ദർഭങ്ങളിലും, ഭാഷയിൽ ഒരു നിശ്ചിത നിലവാരം ഉണ്ടായിരിക്കേണ്ടത് നിർബന്ധമായിരിക്കാം. ഇന്ത്യ വിടുന്നതിനുമുമ്പ് ആ ഭാഷ പഠിക്കുന്നത് പരിഗണിക്കുന്നത് നന്നായിരിക്കും. യാത്രക്കാർക്കും ബിസിനസിനും ഏറ്റവും സാധാരണയായി ഉപയോഗിക്കാവുന്ന രണ്ടാം ഭാഷയാണ് ഇംഗ്ലീഷ് എങ്കിലും ദീർഘകാല ഇടപഴകലിന് പ്രത്യേകിച്ച് ജോലി സംബന്ധമായ പരിചയങ്ങൾക്ക് ഇത് പര്യാപ്തമല്ല.

### ഭാഷാ പഠനം

സർവകലാശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സ്വകാര്യ ഭാഷാ സ്കൂളുകൾ തുടങ്ങിയവ പോലുള്ള നിരവധി പൊതു, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭാഷാ കോഴ്സുകൾ ലഭ്യമാണ്. ഒരു രാജ്യത്തിന്റെ സംസ്കാരത്തെയും സംവിധാനങ്ങളെയും കുറിച്ച് പഠിക്കുന്നതിനും സുഹൃത്തുക്കളെ നേടുന്നതിനും മികച്ച

## ഭാഷാ നൈപുണ്യത്തിനുള്ള മതിയായ തെളിവ് എന്താണ്?



ഗേഥെ ഇൻസ്റ്റിറ്റ്യൂട്ട് (Goethe Institute) പോലുള്ള അംഗീകൃത ഭാഷാ സ്ഥാപനം നൽകുന്ന ഭാഷാ സർട്ടിഫിക്കറ്റ്.

നിങ്ങളുടെ ആതിഥേയ രാജ്യത്തിന്റെ ഭാഷയിൽ (ഭാഷകളിൽ) ലഭിച്ച യോഗ്യതയുടെ ഒരു പകർപ്പ്.

നിങ്ങളുടെ ആതിഥേയ രാജ്യത്തെ മുൻ പ്രൊഫഷണൽ പരിചയസമ്പത്തിന്റെ തെളിവ്.

നിങ്ങളുടെ ആതിഥേയ രാജ്യത്തിന്റെ ഭാഷയിൽ (ഭാഷകളിൽ) പഠിച്ചിട്ടുള്ള ഒരു സർവകലാശാല ബിരുദം.

നിങ്ങളുടെ ഭാഷാ നൈപുണ്യം തെളിയിക്കുന്നതിന് സാധാരണയായി താഴെ പറയുന്ന രേഖകളിൽ ഒന്ന് അംഗീകരിക്കുന്നതാണ്. ഈ രേഖകളിൽ ഏതെങ്കിലും നിങ്ങൾക്ക് നൽകാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളോട് ഒരു അഭിമുഖത്തിനോ ടെസ്റ്റിനോ (വാചികമായ ഒപ്പം/അല്ലെങ്കിൽ എഴുത്ത് പരീക്ഷ) എത്താൻ ആവശ്യപ്പെടാം.

രീതിയിൽ ഇടപഴകുന്നതിനും ഇത്തരം ക്ലാസുകൾ ഒരു ഇടമായി മാറുന്നു. ഒരു പുതിയ ഭാഷ ഒഴുക്കോടെ സംസാരിക്കാനും എഴുതാനും കുറുക്കുവഴികളൊന്നുമില്ല. യൂറോപ്പിൽ നിങ്ങളുടെ ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള ചില നുറുങ്ങുകൾ ഇവയാണ്:

- പ്രാദേശിക പത്രങ്ങളും മാസികകളും വായിച്ചും ടെലിവിഷൻ പരിപാടികളും സിനിമകളും കണ്ടും റേഡിയോ ശ്രവിച്ചും ഭാഷയുടെ പദാവലിയും ശബ്ദങ്ങളും സ്വയം പരിചയപ്പെടുക. പ്രാദേശിക ഭാഷ സംസാരിക്കുന്നത് കൂടുതൽ കേൾക്കുന്തോറും അത് വേഗത്തിൽ പഠിക്കാൻ നിങ്ങൾക്ക് കഴിയും.
- കഴിയുന്നത്ര ആളുകളുമായി വ്യക്തിപരമായ ബന്ധം പുലർത്തുക. സഹപ്രവർത്തകർ, അയൽക്കാർ, സുഹൃത്തുക്കൾ, കടയുടമകൾ തുടങ്ങിയവരുമായി അവരുടെ ഭാഷയിൽ സംസാരിക്കുക.
- നിങ്ങളുടെ കൈവശം പണമുണ്ടെങ്കിൽ, ഭാഷയുടെ സ്വകാര്യ വൺ-ഓൺ-വൺ ക്ലാസുകളിൽ ചേരുന്നത് പരിഗണിക്കുക. നിരക്കുകൾ സാധാരണയായി മണിക്കൂറിൽ 15 യൂറോയിൽ ആരംഭിക്കുന്നു.

## 7.16 കുടിയേറ്റക്കാരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

ജോലിയുള്ള ആളുകൾ, ഒരു ചട്ടം എന്ന നിലയിൽ, അവർ കുടിയേറുന്ന രാജ്യത്ത് പൊതുജനാരോഗ്യ ഇൻഷുറൻസ്, പെൻഷനുകൾ, പൊതു ഭവന നിർമ്മാണം, തൊഴിലില്ലായ്മ പരിരക്ഷണം, നികുതികൾ തുടങ്ങിയവയ്ക്കായി പണമടയ്ക്കണം, നിങ്ങളും ഇവ അടയ്ക്കേണ്ടിവരും. നിങ്ങൾ ജോലി ചെയ്യുന്ന മേഖലയെയും നിങ്ങൾ താമസിക്കുന്ന രാജ്യത്തെയും ആശ്രയിച്ച്, ഈ പേയ്മെന്റുകൾ സാധാരണയായി നിങ്ങളുടെ ആകെ വരുമാനത്തിന്റെ 40–50 ശതമാനം വരെ വരും. എന്നിരുന്നാലും, സാധാരണയായി തൊഴിലുടമ ഈ ചെലവിന്റെ പകുതി നൽകും,

അതായത് നിങ്ങൾ നൽകേണ്ടിവരുന്നത് നിങ്ങൾ സമ്പാദിക്കുന്ന വരുമാനത്തിന്റെ ഏകദേശം 20 ശതമാനം ആയിരിക്കും.

**കുടിയേറ്റക്കാരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും:**

- സാമൂഹിക സുരക്ഷ
- പെൻഷനുകൾ
- ട്രേഡ് യൂണിയൻ അംഗത്വം

## 7.16.1 സാമൂഹിക സുരക്ഷ

ഇയു (EU) നിയമങ്ങൾ പ്രകാരം, ഒരു വ്യക്തിക്ക് ഒരു സമയം ഒരു രാജ്യത്തിന്റെ സാമൂഹിക സുരക്ഷാ നിയമങ്ങൾ മാത്രമേ ബാധകമാകൂ, അവർ ആ രാജ്യത്ത് മാത്രമേ അവരുടെ സാമൂഹിക സുരക്ഷാ സംഭാവനകൾ നൽകാവൂ. ഒരു പൊതു ചട്ടം എന്ന നിലയിൽ, വ്യക്തി യഥാർത്ഥത്തിൽ ജോലി ചെയ്യുന്ന രാജ്യത്തെ നിയമങ്ങൾ (ഒരു ജോലി ചെയ്യുന്നയാൾ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്യുന്നയാൾ എന്ന നിലയിൽ) ബാധകമാണ്, സംഭാവനകൾ അവിടെ അടച്ചിരിക്കണം. ആ വ്യക്തി എവിടെയാണ് താമസിക്കുന്നത് (ഉദാഹരണത്തിന്, അവർ യാത്ര ചെയ്യുകയാണെങ്കിൽ) അല്ലെങ്കിൽ അവരുടെ തൊഴിലുടമയുടെ സ്ഥാനം എവിടെയാണ് എന്നത് പ്രശ്നമല്ല.

ഇന്ത്യയും നിങ്ങൾ പോകുന്ന രാജ്യവും തമ്മിൽ ഒരു സാമൂഹിക സുരക്ഷാ കരാർ നിലവിലുണ്ടെങ്കിൽ, ഹ്രസ്വകാല ട്രാൻസ്ഫറുകളിലുള്ള തൊഴിലാളികൾക്ക്, ഇയു (EU) എംഎസ് (MS) സാമൂഹിക സുരക്ഷയുടെ എല്ലാ ശാഖകളിലേക്കും സംഭാവന നൽകേണ്ടി വരില്ല. സാമൂഹിക സുരക്ഷാ കരാറുകളുടെ പട്ടികയ്ക്കായി, ഇനിപ്പറയുന്ന ലിങ്ക് പരിശോധിക്കുക: https://www.mea.gov.in/bilateral-documents.htm?dtl/26465/Social_Security_Agreements. നിങ്ങളുടെ പ്രൊവിഡന്റ് ഫണ്ട് സംഭാവനകൾ നിലനിർത്താൻ കഴിയുമെന്ന് ഉറപ്പാക്കാൻ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിങ്ങൾക്ക് ആവശ്യമാണ്. ഈ സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കും. ഭാരത സർക്കാരിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇനിപ്പറയുന്ന ലിങ്കിലെ വെബ്സൈറ്റ് പരിശോധിക്കുക: https://www.epfindia.gov.in/site_en/index.php.

## 7.16.2 പെൻഷനുകൾ

ദീർഘകാല റെസിഡൻസി ഇല്ലെങ്കിൽ മിക്ക കുടിയേറ്റക്കാർക്കും ഇയു (EU) എംഎസ് (MS) (വിരമിക്കലിനു ശേഷമുള്ള ആനുകൂല്യങ്ങൾ) പെൻഷൻ ലഭിക്കില്ല. ഇയു (EU) എംഎസ് (MS) യോഗ്യതാ കാലയളവ് വ്യത്യാസപ്പെടുന്നു. ഉദാഹരണത്തിന്, ജർമ്മനിക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ യോഗ്യതാ കാലയളവാണുള്ളത്, ഇറ്റലിയിൽ ഈ കാലയളവ് 10 വർഷവും സ്പെയിനിൽ 15 വർഷവുമാണ്. എന്നിരുന്നാലും, നിങ്ങൾ ഇന്ത്യയുമായി ഒരു സാമൂഹിക സുരക്ഷാ കരാറുള്ള ഒരു ഇയു (EU) എംഎസ് (MS)-ലേക്ക് പോകുകയാണെങ്കിൽ, ഇന്ത്യ വിടുന്നതിന് മുമ്പ് നിങ്ങൾ ഒരു ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടിയിട്ടുമുണ്ടെങ്കിൽ, നിങ്ങളുടെ പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള സംഭാവനകൾ തുടരാനും കാലാവധി പൂർത്തിയാകുമ്പോൾ ആനുകൂല്യങ്ങൾ നേടാനും കഴിയും.

## 7.16.3 ട്രേഡ് യൂണിയൻ അംഗത്വം

തൊഴിലാളികളുടെ കൂട്ടായ താൽപ്പര്യങ്ങളെ പ്രതിനിധീകരിക്കുകയും സംരക്ഷിക്കുകയും മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്ന അംഗത്വ അധിഷ്ഠിത ഗ്രൂപ്പുകളോ സംഘടനകളോ ആണ് ട്രേഡ് യൂണിയനുകൾ. യൂറോപ്പിലെ ട്രേഡ് യൂണിയനുകൾ പലപ്പോഴും ജീവനക്കാരുടെ ആനുകൂല്യങ്ങളും തൊഴിൽ സാഹചര്യങ്ങളും ഉറപ്പാക്കാൻ സഹായിക്കുന്ന കൂട്ടായ വിലപേശൽ കരാറുകൾക്കായി തൊഴിലുടമകളുമായി കൂടിയാലോചനകൾ നടത്തുന്നു. സാധാരണയായി, അംഗത്വത്തിന് നിങ്ങളിൽ നിന്ന് നാമമാത്രമായ ഫീസ് ഈടാക്കും.

### എന്തിനാണ് ഒരു ട്രേഡ് യൂണിയനിൽ ചേരുന്നത്?

**നിങ്ങൾക്ക് ഇവ സാധ്യമാകും:**

- ജോലിസ്ഥലത്ത് ഒരു പരാതിയോ പ്രശ്നമോ ഉണ്ടെങ്കിൽ പിന്തുണ നേടുക. കുറഞ്ഞ വേതനം, ജോലിസ്ഥലത്തെ വിവേചനം, അസ്ഥിരമായ തൊഴിൽ സാഹചര്യങ്ങൾ തുടങ്ങി തൊഴിലാളികളെ സംബന്ധിച്ച് പ്രധാനമായ വിഷയങ്ങളിൽ ട്രേഡ് യൂണിയനുകൾ ക്യാമ്പെയിൻ നടത്തുന്നു.
- നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതലറിയുക, തൊഴിൽ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഉപദേശവും തേടുക.
- ഇൻഷുറൻസ്, കിഴിവുകൾ, സാമ്പത്തിക സേവനങ്ങൾ, നിയമ കൗൺസിലിംഗ് എന്നിവ പോലുള്ള യൂണിയന്റെ അധിക അംഗത്വ സേവനങ്ങൾക്ക് അർഹത നേടുക.
- നിങ്ങളുടെ തൊഴിൽ യോഗ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുക.

08

# പുറപ്പെടലിനായി തയ്യാറെടുക്കൽ

ഓരോ ഇയു (EU) അംഗരാജ്യവും വ്യത്യസ്തമാണെങ്കിലും സമാനമായ തൊഴിൽ ബദലുകൾ വാഗ്ദാനം ചെയ്യുന്നുവെന്നത് ഓർമ്മിക്കുക. നിങ്ങളുടെ യാത്ര ആസൂത്രണം ചെയ്യുമ്പോൾ നിരവധി പ്രശ്നങ്ങളെ കുറിച്ച് ചിന്തിക്കാൻ നിങ്ങളെ സഹായിക്കുന്നതിനാണ് ഇനിപ്പറയുന്ന പോയിന്റുകൾ തയ്യാറാക്കിയിരിക്കുന്നത്.

സൗകര്യപ്രദവും തടസ്സരഹിതവുമായ യാത്രാനുഭവത്തിനായി:

- നിങ്ങളുടെ ഷെഡ്യൂൾ ചെയ്ത വിമാനത്തിന് കുറഞ്ഞത് മൂന്ന് മണിക്കൂർ മുമ്പെങ്കിലും വിമാനത്താവളത്തിൽ എത്തുക.
- ഒരു സുരക്ഷാ പരിശോധനയ്ക്കായി സ്വയം ഹാജരാവുക, നിങ്ങളുടെ ലഗേജും ഹാജരാക്കുക.
- വിമാനത്താവളത്തിലെ ടൈംടേബിളിൽ നിങ്ങളുടെ ഫ്ലൈറ്റ് കണ്ടെത്തുക, എയർലൈൻ കൗണ്ടറിൽ ചെക്ക്-ഇൻ ചെയ്യുക.
- നിങ്ങളുടെ ബോർഡിംഗ് പാസും ബാഗേജ് ക്ലെയിം സ്റ്റബുകളും കൈവശം വയ്ക്കുക.
- വിസ രേഖകൾ നിങ്ങളുടെ ചെക്ക്-ഇൻ ലഗേജിനുള്ളിൽ ആയിരിക്കരുത്, മറിച്ച് നിങ്ങളുടെ ഹാൻഡ് ലഗേജിൽ ആയിരിക്കണം.
- ആരുടെയും പാക്കേജ് സ്വീകരിക്കരുത്, പ്രത്യേകിച്ച് നിങ്ങൾക്ക് പരിചയമില്ലാത്ത വ്യക്തികളിൽ നിന്ന്. ആർക്കെങ്കിലും വേണ്ടി ഒരു പാഴ്സൽ കൊണ്ടുപോകേണ്ടി വന്നാൽ, അതിൽ എന്താണുള്ളതെന്ന് നന്നായി പരിശോധിക്കുക. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് നിങ്ങളുടെ ആതിഥേയ രാജ്യത്ത് എത്തുമ്പോൾ ഗുരുതരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാം.
- നിങ്ങളുടെ യാത്രാ രേഖകൾ ഇമിഗ്രേഷൻ കൗണ്ടറിൽ ഹാജരാക്കുക.
- വെയിറ്റിംഗ് ലോഞ്ചിലേക്കോ നിയുക്ത ഗേറ്റിലേക്കോ പോകുക.
- നിങ്ങളുടെ ബോർഡിംഗ് കോൾ വരുമ്പോൾ വിമാനത്തിൽ കയറുക.
- ഇന്ത്യയിൽ നിന്ന് നിങ്ങൾക്ക് എത്ര വിദേശ കറൻസി കൊണ്ടുപോകാം എന്നത് ഉൾപ്പെടെയുള്ള കസ്റ്റംസ് നിയന്ത്രണങ്ങളെ കുറിച്ച് അറിഞ്ഞിരിക്കുക. 2025-ൽ, വിദേശത്ത് ജോലി ചെയ്യുന്നവർക്ക് അനുവദനീയമായ തുക 5000 യുഎസ് ഡോളറാണ്. കൂടുതൽ വിവരങ്ങൾക്ക്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വെബ്സൈറ്റ് പരിശോധിക്കുക[37].

37. https://www.rbi.org.in/commonman/english/scripts/FAQs.aspx?Id=829#q3

## കേസ് സ്റ്റഡി – 5

മീര പുറപ്പെടുന്നതിനു മൂന്ന് മണിക്കൂർ മുമ്പ് വിമാനത്താവളത്തിൽ എത്തുകയും വിമാനം കൃത്യസമയത്താണെന്ന് പുറപ്പെടൽ ടൈംടേബിളിൽ സ്ഥിരീകരിക്കുകയും ചെയ്യുന്നു. 20 കിലോയിൽ താഴെ ഭാരമുള്ള ഒരു സ്യൂട്ട്കേസും ഒരു ചെറിയ തോൾ ബാഗും അവർ കൈവശം വച്ചിട്ടുണ്ട്. എയർലൈൻ ഡെസ്‌ക്കിൽ ചെക്ക്-ഇന്നിനായി ക്യൂവിൽ നിൽക്കുമ്പോൾ, ഒരാൾ മീരയോട് തന്റെ ബാഗ് ചുമക്കാൻ കഴിയാത്തതിനാൽ അത് അവളുടെ ബാഗേജിൽ വയ്ക്കാൻ ആവശ്യപ്പെടുന്നു. ആരോഗ്യപരവും ഭരണപരവും സുരക്ഷാപരവുമായ കാരണങ്ങളാൽ ആരും യാത്രയ്ക്ക് മുമ്പും യാത്രയ്ക്കിടയിലും അവരുടെ ബാഗുകൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്ന് വിശദീകരിച്ച് അവൾ സൗമ്യമായി അത് നിരസിച്ചു.

അവളുടെ ഊഴമാകുമ്പോൾ, അവൾ തന്റെ രേഖകളും ടിക്കറ്റും കാണിക്കുന്നു. സ്യൂട്ട്കേസ് പരിശോധിച്ച ശേഷം, അവൾ തോളിൽ വച്ച ബാഗ് എടുത്ത് ഡിപ്പാർച്ചർ ഏരിയയിലേക്ക് പോകുന്നു. സുരക്ഷാ പരിശോധനയ്ക്കും ഇമിഗ്രേഷനും ശേഷം, ഡിപ്പാർച്ചർ ഗേറ്റ് നമ്പറുകൾ കാണിക്കുന്ന ഡിപ്പാർച്ചർ ടേബിൾ നോക്കി മനസ്സിലാക്കുന്നു. അവൾ ഗേറ്റിനടുത്തേക്ക് പോയി ഗേറ്റ് തുറക്കുന്നതും കാത്ത് നിൽക്കുന്നു. മീര തന്റെ ടിക്കറ്റ് കാണിച്ച് ഒരു ഇയു (EU) എംഎസ് (MS)-ലേക്ക് യാത്രയാകുന്നു. ലാൻഡിംഗിന് ശേഷം, അവൾ ഇമിഗ്രേഷൻ പ്രക്രിയയിലൂടെ കടന്നുപോകുന്നു, അവിടെ അവൾ പാസ്‌പോർട്ടും വിസയും ബോർഡർ പോലീസിനെ കാണിക്കുന്നു. തുടർന്ന്, ബാഗേജ് ക്ലെയിം ഹാളിലേക്ക് പ്രവേശിക്കുന്നു. അവിടെ അവൾക്ക് ബാഗ് എടുത്ത് വിമാനത്താവളത്തിൽ നിന്ന് പുറത്തുകടക്കാൻ കഴിയും.



**Q. മീര എന്തുകൊണ്ടാണ് ആ മനുഷ്യന്റെ ബാഗ് എടുക്കാൻ വിസമ്മതിച്ചത്?**

A. അവൾക്ക് ആ മനുഷ്യനെ അറിയില്ലായിരുന്നു, ബാഗിൽ എന്താണെന്ന് അവൾ സ്വയം പരിശോധിച്ച് ഉറപ്പാക്കിയിട്ടുമില്ല, അതിൽ എന്തെങ്കിലും നിയമവിരുദ്ധ വസ്തുക്കൾ അടങ്ങിയിട്ടുണ്ടോ എന്നും അറിയില്ലായിരുന്നു.

A. ഇയുവിലേക്ക് (EU) നിയമവിരുദ്ധ വസ്തുക്കൾ കൊണ്ടുപോകുന്നത് പിഴയോ പ്രോസിക്യൂഷനോ നേരിടാൻ ഇടയാക്കും.

**Q: ഏതൊക്കെ സാധനങ്ങൾക്കാണ് വിലക്കുള്ളതെന്ന് നിങ്ങൾക്കറിയാമോ?**

A. കുറിപ്പടിയില്ലാത്ത മരുന്നുകൾ

A. വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങൾ

A. അപകടകരമായ രാസവസ്തുക്കൾ

A. വ്യാജമായതോ വ്യാജമായി നിർമ്മിച്ചതോ ആയ സാധനങ്ങൾ

A. മൃഗ ഉൽപ്പന്നങ്ങൾ, ഭക്ഷണം അല്ലെങ്കിൽ സസ്യങ്ങൾ

A. ആയുധങ്ങൾ

## 8.1 ഇയുവിൽ (EU) എത്തിച്ചേരുമ്പോൾ

നിങ്ങൾ വിമാനത്താവളത്തിൽ ഇറങ്ങി കസ്റ്റംസ് പരിശോധനയ്ക്ക് വിധേയമാകുമ്പോൾ, സാധാരണയായി മൂന്ന് ലൈനുകൾ ഉണ്ടാകും:

- പ്രസ്താവന നൽകേണ്ടതായി ഒന്നും കൈവശമില്ലാത്ത ഇയു (EU) പൗരന്മാർ
- പ്രസ്താവന നൽകേണ്ട ഇനങ്ങളുള്ള ഇയു (EU) പൗരന്മാർ
- ഇയുവിന് (EU) പുറത്തുള്ള രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർ

എപ്പോൾ വേണമെങ്കിലും പരിശോധനകൾക്കായി നിങ്ങളുടെ ലഗേജ് തുറക്കാൻ നിങ്ങൾ തയ്യാറായിരിക്കണം. യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനോ അങ്ങോട്ട് കയറ്റുമതി ചെയ്യുന്നതിനോ നിയന്ത്രണം ഏർപ്പെടുത്തിയതോ നിരോധിച്ചതോ ആയ നിരവധി സാധനങ്ങളുണ്ട്. ആയുധങ്ങൾ, മരുന്നുകൾ, മൃഗങ്ങൾ, ഭക്ഷണം എന്നിവയ്ക്ക് കർശനമായ നിയന്ത്രണങ്ങൾ ബാധകമാണ്. മയക്കുമരുന്നുകളുടെ ഇറക്കുമതിയും കയറ്റുമതിയും നിരോധിച്ചിരിക്കുന്നു. ചില ഇയു (EU) എംഎസ്സുകൾ (MS) വ്യക്തിഗത ഉപഭോഗത്തിനായി ചെറിയ അളവിൽ മരുന്നുകൾ അനുവദിച്ചേക്കാമെങ്കിലും, അവയുടെ ഇറക്കുമതിയും കയറ്റുമതിയും നിരോധിച്ചിരിക്കുന്നു.

### നിങ്ങൾ എത്തിച്ചേരുമ്പോൾ ഉപയോഗപ്രദമായേക്കാവുന്ന ചില നുറുങ്ങുകൾ

നിങ്ങളുടെ താമസസ്ഥലത്ത് എത്തിച്ചേരാനുള്ള ഗതാഗത മാർഗ്ഗങ്ങളുടെ മാപ്പിനൊപ്പം നിങ്ങളുടെ ലക്ഷ്യസ്ഥാനത്തിന്റെ മാപ്പും ഇന്ത്യയിൽ നിന്ന് കൊണ്ടുപോകുക. സാധാരണയായി, എല്ലാ ഇയു (EU) എംഎസ് (MS) വിമാനത്താവളങ്ങളിൽ നിന്നും നഗരത്തിലേക്ക് പൊതുഗതാഗതം ഉണ്ടായിരിക്കും.

നിങ്ങളുടെ വരവിനു മുമ്പ് ഇത് പരിശോധിച്ച് അനാവശ്യ ചെലവുകൾ ഒഴിവാക്കാം.

നിങ്ങളുടെ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ വിവർത്തനം ചെയ്ത പകർപ്പുകൾ കൈവശം വയ്ക്കുക. പുറപ്പെടുന്നതിനു മുമ്പ് ഈ വിവരങ്ങൾക്ക് നിങ്ങൾ പോകുന്ന രാജ്യത്തിന്റെ ഇന്ത്യയിലുള്ള എംബസിയുമായി ബന്ധപ്പെടുക.

എത്തിയാലുടൻ നിങ്ങൾക്ക് ഒരു ബാങ്ക് അക്കൗണ്ട് തുറക്കേണ്ടി വരാം. പ്രത്യേകിച്ചും, നിങ്ങളുടേത് ശമ്പളമുള്ള ജോലിയാണെങ്കിൽ. ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ തന്നെ ഇത് ചെയ്യുക.


പല രാജ്യങ്ങളും നിങ്ങൾ പ്രാദേശിക മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നും ഐഡി (ID), ആരോഗ്യം, മറ്റ് പ്രസക്തമായ രജിസ്ട്രേഷനുകൾ എന്നിവ നേടണമെന്നും നിർദ്ദേശിക്കുന്നു. ഇത് എത്രയും വേഗം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക.

## 8.2 ഇന്ത്യയിലേക്കുള്ള മടക്കം

നിങ്ങൾ കുടിയേറാൻ തയ്യാറെടുക്കുമ്പോൾ പോലും, നിങ്ങളുടെ തിരിച്ചുവരവും പുനഃസംയോജനവും ആസൂത്രണം ചെയ്യേണ്ടതും പ്രധാനമാണ്.

### തിരിച്ചുവരവിനും കൂടിച്ചേരലിനുമുള്ള ഉപയോഗപ്രദമായ നുറുങ്ങുകൾ

- നിങ്ങളുടെ മാതൃരാജ്യത്തേക്ക് മടങ്ങുമ്പോൾ, നിങ്ങളുടെ ജന്മദേശവുമായി വീണ്ടും ഇഴുകിച്ചേരാൻ കുറച്ച് സമയമെടുത്തേക്കാമെന്ന് മനസ്സിലാക്കുക, അതിനാൽ നിങ്ങൾ ക്ഷമയോടെയിരിക്കണം. നിങ്ങളുടെ ബന്ധങ്ങൾ പുതുക്കുകയും നിങ്ങളുടെ ഊർജ്ജവും വിഭവങ്ങളും എവിടെ നിക്ഷേപിക്കണമെന്ന് തീരുമാനിക്കുകയും ചെയ്യുന്ന ഈ പ്രക്രിയയ്ക്ക് നിരവധി മാസങ്ങൾ എടുത്തേക്കാം.
- നിങ്ങളുടെ ചെലവുകൾ ശ്രദ്ധിക്കുക. പുറത്തുപോയി ഭക്ഷണം കഴിച്ചോ സമ്മാനങ്ങൾ നൽകിയോ നിങ്ങളുടെ തിരിച്ചുവരവ് ആഘോഷിക്കാനുള്ള പ്രലോഭനമുണ്ടാകും, എന്നാൽ, നിങ്ങളുടെ ബജറ്റ് അനുസരിച്ച് ചെലവാക്കുകയും ഭാവിയിലേക്ക് സമ്പാദിക്കുന്നത് തുടരുകയും ചെയ്യേണ്ടത് പ്രധാനമാണ്. തിരിച്ചുവരുമ്പോൾ ആവേശത്തോടെ ചെലവഴിച്ച് നിങ്ങളുടെ സമ്പാദ്യം തീർത്തുകളയരുത്.
- നിങ്ങളുടെ സാമ്പത്തികം ഫലപ്രദമായി കൈകാര്യം ചെയ്യാൻ പഠിക്കുകയും നിങ്ങൾക്കായി ഒരു "നിർബന്ധിത സമ്പാദ്യ" പരിപാടി നടപ്പിലാക്കുകയും ചെയ്യുക. ഈ പ്രക്രിയയിൽ നിങ്ങളെ സഹായിക്കുന്ന നിരവധി ആപ്പുകൾ ഉണ്ട്.
- ഭാവി പ്ലാനുകൾ, സ്വപ്നങ്ങൾ, പ്രതീക്ഷകൾ എന്നിവ ആവശ്യാനുസരണം പുനഃപരിശോധിക്കുക
- നിങ്ങളുടെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ബന്ധം പുലർത്തുക.



# അനുബന്ധം I
# ▶ പ്രധാനപ്പെട്ട കോൺടാക്റ്റുകൾ

ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ ഇന്ത്യൻ മിഷനുകളും ഇവിടെയുള്ള മാപ്പിൽ ക്ലിക്ക് ചെയ്താൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും: https://www.mea.gov.in/indian-missions-abroad-new.htm.

•• അടിയന്തര കോൺസുലാർ സഹായം ആവശ്യമുള്ളവർക്ക്, ബന്ധപ്പെട്ട പ്രാദേശിക ഇന്ത്യൻ എംബസിയെയോ കോൺസുലേറ്റിനെയോ (ഫോൺ അല്ലെങ്കിൽ ഇമെയിൽ വഴി) ബന്ധപ്പെടാവുന്നതാണ്. എല്ലാ ഇന്ത്യൻ എംബസികളെയും കോൺസുലേറ്റുകളെയും ബന്ധപ്പെടാനുള്ള വിവരങ്ങൾ ഇവിടെ ലഭ്യമാണ്: https://www.mea.gov.in/ indian-missions-abroad-new.htm.

••പോകുന്ന രാജ്യത്തെ എംബസിയിൽ രജിസ്റ്റർ ചെയ്യുക.

••എന്തെങ്കിലും കാരണത്താൽ നിങ്ങൾക്ക് ഇന്ത്യൻ എംബസിയിലോ കോൺസുലേറ്റിലോ എത്താൻ കഴിയുന്നില്ലെങ്കിൽ, വിദേശകാര്യ മന്ത്രാലയത്തിലെ സിപിവി (CPV) ഡിവിഷനിലെ കോൺസുലാർ വിഭാഗവുമായി ബന്ധപ്പെടാം: http://www.mea.gov.in/cpv.html.

••ലഭിക്കുന്ന കോൺസുലാർ സേവനങ്ങളിൽ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ, ഇതുമായി ബന്ധപ്പെട്ട പരാതി എംഎഡിഎഡിയിൽ (MADAD) സമർപ്പിക്കാം: http://madad.gov.in (അല്ലെങ്കിൽ എംഎഡിഎഡി (MADAD) മൊബൈൽ ആപ്പ് അല്ലെങ്കിൽ ഈ ഹെൽപ്പ്ലൈൻ: 1800-11-3090 (ടോൾ ഫ്രീ); 011-26885021 (ഇന്റർനാഷണൽ)).

••ഏജന്റുമാരെക്കുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കാൻ, പിഒഇ (POE) / പിജിഇയെ (PGE) ബന്ധപ്പെടുക. പിഒഇകളെ (POE-കൾ) കുറിച്ചുള്ള വിവരങ്ങൾ https://mea.gov.in/protector-general-emigrants.htm എന്നതിൽ ലഭ്യമാണ്.

••വിസകളെക്കുറിച്ചുള്ള വിവരങ്ങൾക്ക്, അതാത് ഇയു (EU) അംഗരാജ്യങ്ങളുമായി ബന്ധപ്പെടുക (അനുബന്ധം 2 കാണുക, ഇന്ത്യയിലെ അവരുടെ മിഷനുകളിലേക്കുള്ള ലിങ്ക്).

## അനുബന്ധം II

# ഇന്ത്യയിലെ ഇയു (EU) അംഗരാജ്യങ്ങളുടെ ദൗത്യങ്ങൾ

| | |
|---|---|
| **ഓസ്ട്രിയ** | http://www.bmeia.gv.at/en/embassy/new-delhi.html |
| **ബെൽജിയം** | https://india.diplomatie.belgium.be/en |
| **ബൾഗേറിയ** | https://www.mfa.bg/en/embassies/india |
| **ക്രൊയേഷ്യ** | https://mvep.gov.hr/in/en |
| **സൈപ്രസ്** | https://www.gov.cy/mfa-highcomnewdelhi/en/ |
| **ചെക്ക് റിപ്പബ്ലിക്** | http://www.mzv.cz/newdelhi/en/index.html |
| **ഡെന്മാർക്ക്** | https://indien.um.dk/en |
| **എസ്റ്റോണിയ** | https://newdelhi.mfa.ee/ |
| **ഫ്രാൻസ്** | https://in.ambafrance.org/ |
| **ഫിൻലാൻഡ്** | https://finlandabroad.fi/web/ind/frontpage |
| **ജർമ്മനി** | http://www.india.diplo.de/ |
| **ഗ്രീസ്** | https://www.mfa.gr/missionsabroad/en/india-en |
| **ഹംഗറി** | https://delhi.mfa.gov.hu/eng |
| **അയർലൻഡ്** | https://www.dfa.ie/irish-embassy/india/ |
| **ഇറ്റലി** | https://ambnewdelhi.esteri.it/ambasciata_newdelhi/en/ |
| **ലാറ്റ്വിയ** | https://www2.mfa.gov.lv/en/newdelhi |
| **ലിത്വാനിയ** | https://in.mfa.lt/en |
| **ലക്സംബർഗ്** | http://newdelhi.mae.lu/en |
| **മാൾട്ട** | https://missions.foreign.gov.mt/high-commissions/india/ |
| **നെതർലാൻഡ്സ്** | https://www.netherlandsandyou.nl/your-country-and-the-netherlands/india |
| **പോളണ്ട്** | https://www.gov.pl/web/india |
| **പോർച്ചുഗൽ** | https://novadeli.embaixadaportugal.mne.gov.pt/en/ |
| **റൊമാനിയ** | https://newdelhi.mae.ro/en |
| **സ്ലോവേനിയ** | http://newdelhi.embassy.si/index.php?id=37&L=1 |
| **സ്ലോവാക്യ** | https://www.mzv.sk/web/dilli-en |
| **സ്പെയിൻ** | https://www.exteriores.gob.es/Embajadas/nuevadelhi/en/Paginas/index.aspx |
| **സ്വീഡൻ** | https://www.swedenabroad.se/en/embassies/india-new-delhi/ |

**ILO Decent Work Team for South Asia and Country Office for India**

India Habitat Centre, Core 4B, 3rd Floor
Lodhi Road, New Delhi 110003, India

**ടെലി:** +91 11 47509200

**ഇമെയിൽ:** delhi@ilo.org | www.ilo.org/india

**ICMPD Brussels Mission**

Pl. du Champ de Mars,1050 Brussels

**ഇമെയിൽ:** euindia@icmpd.org

**വെബ്സൈറ്റ്:** www.icmpd.org/euindia

#EUIndiaCAMM

**Indian Council of World Affairs**

Sapru House, Barakhamba Road
New Delhi 110001

**ടെലി:** +91 11 2331 72 46

**വെബ്സൈറ്റ്:** www.icwa.in

Funded by the European Union

International Labour Organization

ICMPD International Centre for Migration Policy Development

Indian Council of World Affairs